# BUDGET CIRCULAR
# AND
# TRIBAL SUB PLAN PROGRAMMES
# 2014 - 2015

NUEPA DC
D14981

**APRIL 2014**

SCHEDULED TRIBES DEVELOPMENT
DEPARTMENT

352495483
KCR-KE

National University of Educational Planning and Administration
Acc. No. D. 14981
Date: 04.08.2016
Documentation Centre

No: PM1/6807/2014

*Office of the*
*Director of Scheduled Tribes*
*Development Department,*
*Vikas Bhavan, Thiruvananthapuram.*

*Dated, 22/04/2014*

## BUDGET CIRCULAR

Sub:- STDD- Scheme wise Plan & Non-plan Budget provision including Funds for Critical Gap Filling Scheme ( Corpus fund) Resettlement of landless Tribals, SCA to TSP etc under TSP and Additional TSP 2014-15 - Information / Instruction issued – reg.-

Ref:- Budget Estimates 2014-15

This is the first time in the history of planning in the State that 3 per cent of the total plan outlay is earmarked for the development of Sch.Tribe population. For the financial year 2014-15, allocation to TSP is divided into three categories. One portion goes to LSGs and the second portion goes to ST Development Department, as has been done in the previous year and the third portion is provided as Additional TSP/Special Package. The ATSP fund of Rs. 150 crore is earmarked for focussing on location specific socio-economic development and protecting and encouraging cultural values and activities of selected backward tribal areas. A new scheme named as ***'Integrated Sustainable Development of Scheduled Tribe Population in Identified Locations/Settlements' is envisaged under this programme during 2014-15.***

The District Collectors will arrange to conduct a detailed survey in most backward settlements of the selected location to identify the felt needs of the inhabitants and the requirements for integrated sustainable development of entire Scheduled Tribes families, set in a benchmark and draw up detailed project report with the help of officers dealing with Health, Education, Housing, PWD, Agriculture, Forest, Social Justice etc. The Project officers ITDP/ Tribal Development Officers will render all help to the District Collectors to complete the above process by 30..04..2013 and the execution of approved programmes during 2014-15.

The Scheme wise Plan write up and budget provision for the year 2014-2015 is given in the Budget Circular. It also contains the funds for Resettlement of Landless Tribals by the State Tribal Resettlement and Development Mission, Critical Gap filling scheme (Corpus fund) and Pooled Fund for Special projects under Tribal sub Plan, SCA to TSP, 13th Finance Commission Award and ATSP named as ***Integrated Sustainable Development of Scheduled Tribe Population in Identified Locations/Settlements'*** during 2014-15.

All the Controlling Officers in the Directorate are requested to initiate action to fix District wise financial and physical targets under the Plan and Non-plan schemes dealt with by them and to allocate funds to the Implementing Officers. Proposals that require Administrative Sanction from Government based on the Plan Write up 2014-15 should be submitted to Government within one month.

The sections in the Directorate dealing with schemes will keep constant watch on the progress of implementation of the schemes [financial and physical ] in the context of the provisions.

The Project Officers/Tribal Development Officers will take timely action to present the scheme before the District Level Working Group [DLWG] for STs, in the case of those schemes which need the approval of the District Level Working Group [especially for the project proposals to be considered under the Corpus Fund and SCA to TSP]. Prior to this they may take immediate steps to constitute the Oorukoottams with the help of Tribal Promoters and discuss the project ideas based on the needs in each habitat, formulate projects for placing before the DLWG. The programmes for the Resettlement and Development of Landless Tribals are to be initiated by the District Tribal Mission as per the direction of the State Tribal Resettlement and Development Mission [TRDM].

The POs/TDOs are also requested to take timely action to help the Local Bodies for the formulation and implementation of the schemes under the TSP Grant-in-aid. All efforts will be taken by them well in advance to ensure steady progress in the implementation of the schemes right from the beginning of the financial year.

The Project Officers/ Tribal Development Officers are also requested to submit minutes of District Level Working Groups, the plan progress report, un-reconciled expenditure statement, progress report on 20 point programme, SCA to TSP, Progress Report of Non-Plan schemes, details of

Departmental Institutions, Progress Report on Housing and Educational Concessions [ Post-matric & Pre-matric], Progress report of the resettlement and development activities [Financial & Physical] etc in the prescribed proforma. No lapse shall occur in the timely submission of these progress reports.

The receipt of this circular should be acknowledged by all concerned.

*Director*

To

The Secretary STDD [ with C/L]
The Secretary Plg & Eco.Affairs [ with C/L]
The Member Secretary, State Planning Board (with C/L)
The Chief Engineer (Buildings) PWD (with C/L)
The Chief, TRDM (with C/L)
The Commissioner, RDD [with C/L]
The Additional Secretary STDD
The Director, Plg. & Eco Affairs, CPMU
The Director, KIRTADS.
All District Collectors
All District Planning Officers
All POs/TDOs & TEOs
Team Leader, PVTG, Kozhikode.
All Controlling Officers/Section Heads/Sections/
The Asst. Exe. Engineer, STDD
All Senior Supdts, MRS, STDD
Table of DSTD/ CA to DSTD.

## ***TRIBAL SUB PLAN AT A GLANCE***

*The Financial year 2014-15, this is the first time in the history of planning in the State that three per cent of the total plan outlay is earmarked for the development of Sch.Tribe population. For the year 2014-15, the total plan provision set apart for the Development of Scheduled Tribes is Rs. 600.00 crore. This is 3% of the total State Plan Outlay. The TSP allocation is divided into three categories. One portion goes to LSGs of Rs. 139.22 crores as grant-in-aid and the second portion goes to ST Development Department, as has been done in the previous year of Rs.460.78 crore and the third portion is provided as Additional TSP/Special Package fund of Rs. 150.00 crore is earmarked for focussing on location specific socio-economic development and protecting and encouraging cultural values and activities of selected backward Sch.Tribes areas is set apart for Schemes implementing at State Level.*

*Out of the State Plan provision of the Department Rs. 13.00 crore is provided as Pooled Fund for Project Based Activities for Sch.Tribes Development by Various Depts such as Tourism, Social Justice, Technical Education, Medical Education, Power, Kerala Water Authority, Agriculture, Education, Health, Fisheries, Animal Husbandry etc. Moreover SCA to TSP, 50% & 100% Central Assistance are anticipated and budgetted amounting to Rs.61.21 crore during 2014-15. The details of the Budget allocation and Scheme - wise write up are given in the following pages.*

## TRIBAL SUB PLAN

## 2014-2015

| I | State Plan Schemes | Amount [` lakh] |
|---|---|---|
| [i] | ST- Development Department - | *45178.00* |
| [ii] | Rural Development Dept [25% State Share of State Sponsored schemes - SGRY, IAY ] | 900.00 |
| | **Total I** | **46078.00** |
| II | Plan Grant to Local Self Govts | 13922.00 |
| | **Total State Plan [ I + II]** | **60000.00** |
| III | **Central Sector/Centrally Sponsored Schemes** | |
| [I] | Centrally Sponsored Schemes [50% CSS] | 2151.14 |
| [ii] | 100% Centrally Sponsored schemes | 3270.06 |
| [iii] | Special Central Assistance to Tribal Sub Plan. [SCA to TSP] | 700.00 |
| | Total III | 6121.20 |
| | **Grand Total [ I + II + III]** | **66121.20** |
| | **Scheduled Tribes Department** | **52199.20** |

## BUDGET 2014-15

## SCHEDULED TRIBES DEVELOPMENT DEPARTMENT

**[Amount Rs in lakh]**

| Sl.No | Schemes | Head of account | State Plan [include 50% State share of Centrally Sponsored Schemes] | 50% Central Share of Centrally Sponsored Schemes] |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| **A** | **STATE PLAN SCHEMES** | | | |
| 1 | Critical Gap filling Schemes [Corpus Fund] under TSP | 2225-02-102-93 | 5000.00 | |
| 2 | Implementation of 13th Finance Commission Award for Particularly Vulnerable Tribal Groups | 2225-02-800-21 | 3700.00 | |
| 3 | Management cost for the Running of Model Residential Schools/Ashram Schools [ 19] | 2225-02-277-49 | 3601.00 | |
| 4 | **Housess to Houseless** | 2225-02-283-89 | 3300.00 | |
| | i) New Houses | | | |
| | ii) Spillover Houses | | | |
| | iii) Repair Houses | | | |
| 5 | Hamlet Development | 2225-02-102-88 | 2500.00 | |
| 6 | Resettlement of Landless tribals (TRDM) | 2225-02-283-90 | 2000.00 | |
| 7 | Pooled funds for special projects proposed by other Depts under TSP | 2225-02-102-90 | 1300.00 | |
| 8 | **Honorarium to Tribal Promoters (T)** | **2225-02-102-89** | **1475.00** | |
| | i) Tribal Promoters | 2225-02-102-89(01) | 1100.00 | |
| | ii) Organisation of Oorukoottams | 2225-02-102-89(02) | 100.00 | |
| | iii) Honorarium to Management Trainees and Health management Trainees | 2225-02-102-89(03) | 100.00 | |
| | iv) Horarium to Counsellers engaged in the Hostels and MRS | 2225-02-102-89(04) | 75.00 | |
| | v) Engaging social workers in Tribal Welfare | 2225-02-102-89(05) | 100.00 | |
| 9 | Comprehensive Health Care Package | 2225-02-282-91 | 700.00 | |
| | **(i) Running of Health Care Institutions** | | | |
| | **(ii) Medical Assistance through Hospitals** | | | |
| | **(iii) Tribal Relief Fund** | | | |
| 10 | Schemes Implemented with Grant-in-aid under Article 275[1] [OCA] | 2225-02-800-29 | 663.00 | |
| 11 | **Promotion of Education among Scheduled Tribes (T)** | **2225-02-277-35** | **600.00** | |
| | (i) Peripataetic Education to PTGs | | | |
| | (ii)Tuitorial Scheme | | | |
| | (iii) Gothrasarathy | | | |

| Sl.No | Schemes | Head of account | State Plan [include 50% State share of Centrally Sponsored Schemes] | 50%,Central Share of Centrally Sponosred Schemes] |
|---|---|---|---|---|
| 12 | **Assistance to the Welfare of Scheduled Tribes** | Total | **473.00** | |
| | i) Assistance for the Marriage of ST girls | 2225-02-102-94 | **228.00** | |
| | ii) Assistance to Sickle Cell Anemia patients | 2225-02-282-92 | **120.00** | |
| | iii) Janani - JanmaRaksha | 2225-02-282-89 | **100.00** | |
| | iv) Financial assistance to traditional tribal healers | 2225-02-277-36 | **25.00** | |
| 13 | Improving facilities and rennovation of Prematric & Post matric Hostels [OCA] | 2225-02-277-52 | 464.00 | |
| 14 | Food Support Programme | 2225-02-102-92 | 400.00 | |
| 15 | Assistance for Self Employment and skill Development training to ST youths | **2225-02-277-42** | **400.00** | |
| 16 | Enhancement of facilities in tribal areas. [OCA] | 2225-02-800-35 | 250.00 | |
| 17 | **Special Programme for Adiya, Paniyas Primitive Tribal Groups and Tribes living in Forest** | 2225-02-102-86 | 250.00 | |
| | i) Adiyas, Paniyas and the primitive Tribal Groups | | | |
| | ii)Tribes Living in Forest | | | |
| | iii) Destitute Homes | | | |
| 18 | Assistance to Tribal Welfare Institutions | 2225-02-102-91 | 200.00 | |
| 19 | **Incentive and Assistance to students (T)** | **2225-02-277-40** | **200.00** | |
| | i) Special Incentive to Brilliant students | 2225-02-277-40 (01) | ***36.00*** | |
| | ii) Ayyankali Memorial talented Search and Development Scheme | 2225-02-277-40 (02) | ***30.00*** | |
| | (iii) Asst to study tour to schools & college going students | 2225-02-277-40 (03) | ***14.00*** | |
| | (iv)Asst to Orphans | 2225-02-277-40 (04) | ***11.00*** | |
| | (v) Supply to study table and chair to all students studying in high school higher secondary school and colleges | 2225-02-277-40(05) | ***25.00*** | |
| | vi) Supply of Lap top to students | 2225-02-277-40 (06) | ***84.00*** | |

| Schemes | Head of account | State Plan [include 50% State share of Centrally Sponsored Schemes] | 50% Central Share of Centrally Sponosred Schemes] |
|---|---|---|---|
| Publicity Wing/Information, Education and Communication [I.E.C. Project] | 2225-02-277-39 | 150.00 | |
| Modernisation of Tribal Development Department | 2225-02-001-97 | 125.00 | |
| Implementation of Kerala State Restriction of Transfer of Lands and Restoration of Alienated Land Act 1999 | 2225-02-800-66 | 100.00 | |
| Post-matric Hostels for tribals | 2225-02-277-73 | 90.00 | - |
| State Centre for Tribal Healers | 4225-02-277-50 | 50.00 | |
| Assistance to Adikala Kendram | 2225-02-800-56 | 35.00 | -- |
| **50% STATE SHARE OF CENTRALLY SPONSORED SCHEMES** | | | |
| Construction of buildings for MRS/Ashram Schools [50% CSS] | 4225-02-277-51 | 1750.00 | 1750.00 |
| Construction of Boys Hostel [50% C.S.S] | 4225-02-277-96 | 300.00 | 300.00 |
| Grant-in-aid to Kerala Institute for Research, Training and Development studies for SC/ST (KIRTADS) [50%CSS] | 2225-02-800-91 | 70.00 | 70.00 |
| Share Capital contribution to KSDC for SC/ST [State Share 51%] | 4225-02-190-99 | 22.00 | 21.14 |
| Enforcement of Prevention of Atrocities Act [State Share 50%] | 2225-02-800-68 | 5.00 | 5.00 |
| | 2014-00-103-98 | 5.00 | 5.00 |
| **NEW SCHEMES** | | | |
| Integrated sustainable Development of Scheduled Tribes population in identified locations/ settlements (ATSP fund) | **2225-02-102-85** | **15000.00** | |
| **Total** | | **45178.00** | **2151.14** |
| IAY [Block Panchayat] | 2225-02-197-50 | 600.00 | |
| SGSY / NRLM [Block Panchayat] | | 300.00 | |
| **Total - II** | | **900.00** | |
| **Grand Total (I+II)** | | **46078.00** | **2151.14** |

## B. 100% Centrally Sponsored Schemes and SCA to TSP

| Sl.No | Schemes | Head of Account | Amount [Rs lakh] |
|---|---|---|---|
| 1 | Post matric scholarship | 2225-02-277-97 | 2000.00 |
| 2 | Special Central Assistance to Tribal Sub Plan [SCA to TSP] | 2225-02-794-98 | 700.00 |
| 3 | Pre-matric Scholarship for Tribal Students styudying in IX & X classes | 2225-02-277-37 | 390.00 |
| 4 | Construction of Girls Hostels | 4225-02-277-48 | 350.00 |
| 5 | Construction of MRS, under art. 275(1) 100% CSS | 4225-02-277-45 | 350.00 |
| 6 | Implementation of STs and other traditional forest Dwellers [Recognition of forest Right Act , 2006 ] | 2225-02-283-86 | 100.00 |
| 7 | Vocational Training Institute for Scheduled Tribes | 2225-02-277-76 | 80.00 |
| 8 | Conservation cum Development of Primitive Tribal Group [CCD] | 2225-02-794-92 | 0.01 |
| 9 | Infrastructure facilities to KIRTADS | 2225-02-800-27 | 0.01 |
| 10 | Grant in aid to the Kerala State Federation of SCs & STs Development co-operative Ltd. | 2225-80-195-99 | 0.01 |
| 11 | Upgradation of Merits of ST students | 2225-02-277-62 | |
| 12 | Construction of Tribal Complex | 4225-02-800-93 | 0.01 |
| 13 | Development Infrastrcture facilities to Backward tribal communities in Tribal Areas (One Time ACA) | 2225-02-800-20 | 0.01 |
| | **New Scheme** | | |
| 14 | Multi purpose hostel for Scheduled Tribes | 2225-02-800-92 | 0.01 |
| | **TOTAL (B)** | | **3970.06** |
| | **ABSTRACT** | | |
| | **State [Total I +II]** | **46078.00** | **50%, 100% CSS** |
| | **50% CSS** | | **2151.14** |
| | **100% CSS** | | **3970.06** |
| | **Total [A +B]** | **46078.00** | **6121.20** |
| | **Grand Total** | **52199.20** | |

# PART - I

# TRIBAL SUB PLAN PROGRAMMES

## 2014-15

# SCHEDULED TRIBES DEVELOPMENT

## A. STATE PLAN SCHEMES

### 1. Critical Gap Filling Scheme (Corpus Fund) under TSP (2225-02-102-93)

**(Outlay Rs. 5000.00 lakh)**

The objective of this scheme is to adopt a project based approach in sanction and implementation of schemes. This scheme is intended to fund projects received from the Districts and the Directorate for projects on Self employment and Skill development, providing water supply, sanitation, electricity to tribal people, improving connectivity to inaccessible areas including construction of roads, bridges, and foot paths, technology transfer and projects for information, communication and education, improvement of health and sanitation, development of education including soft skills/ vocational training in various activities and centres for Schedules Tribes with facility of internet, DTP, photostat and FAX facilities, providing for gap filling that are required in the implementation of schemes supported by SCA to TSP and for engaging accredited NGO's and research institutions for a third party evaluation of TSP schemes implemented by the Department.

Further, projects for support for meritorious ST students seeking admission in renowned national / international institutions and assistance to job opportunities abroad in relevant areas will be considered. Also, projects for development of micro enterprise at family level will be considered. Providing actual rent of lease land to poor ST farmers, who are having below one acres of land and are cultivating lease land will be part of this scheme. Organizing

Kudumbasree units, Assistance for extension of existing Kudumbasree units in Tribal areas and projects for support for entrepreneurship will also be provided.

One third of the amount would be allocated to Districts on the basis of ST population. Administrative sanction for schemes up to Rs. 25 lakh shall be issued at the Districts based on the approval of District Level Committee constituted for Scheduled Tribes Development. This amount allotted to districts should not be used for road works and bridges. The project proposals for the construction of roads & bridges will be considered by the State Level Working Group based on the recommendation of the District Level Committee for Scheduled Caste/Scheduled Tribes and funds will be provided from the Directorate.

An amount of Rs. 5000 lakh is provided for the above programme during 2014-15.

**പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരമുള്ള പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ (കോർപ്പസ് ഫണ്ട്)**

(വിഹിതം: 5000.00 ലക്ഷം രൂപ)

പ്രോജക്ടാധിഷ്ഠിത സമീപനം ഉൾകൊണ്ട് പദ്ധതികൾക്ക് അംഗീകാരം നൽകി നടപ്പിലാക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം. ജില്ലകളിൽ നിന്നും ഡയറക്ടറേറ്റിൽ നിന്നും ലഭിക്കുന്ന പ്രോജക്ടുകളിൽ സ്വയം തൊഴിൽ, നൈപുണ്യ വികസനം, ജലവിതരണം, ശുചിത്വം, പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള വൈദ്യുതീകരണം എത്തിപ്പെടാൻ പ്രയാസമേറിയ സ്ഥലങ്ങളിലേയ്ക്ക് നടപ്പാതകൾ, പാലങ്ങൾ, റോഡ് എന്നിവ നിർമ്മിച്ച് വിനിമയ സൗകര്യം മെച്ചപ്പെടുത്തുക, സാങ്കേതിക വിദ്യാ കൈമാറ്റവും വിവരവുമായി ബന്ധപ്പെട്ട പ്രോജക്ടുകളും, വാർത്താവിനിമയവും, വിദ്യാഭ്യാസവും, ആരോഗ്യ- വിദ്യാഭ്യാസ അഭിവൃദ്ധി, സോഫ്റ്റ് സ്കില്ലുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസത്തിന്റെ വികസനം, വിവിധ പ്രവർത്തികളിൽ തൊഴിലധിഷ്ഠിത പരിശീലനം, പട്ടികവർഗ്ഗക്കാർക്കുവേണ്ടി ഇന്റർനെറ്റ്, ഡി.ടി.പി ഫോട്ടോസ്റ്റാറ്റ്, ഫാക്സ് സൗകര്യങ്ങൾ, പട്ടികവർഗ്ഗ ഉപപദ്ധതിയിലെ കേന്ദ്ര സഹായ ഉപയോഗിച്ചുള്ള പദ്ധതിയിലെ വിടവു നികത്തൽ, അംഗീകൃത സർക്കാരിതര ഏജൻസികളെയും ഗവേഷണ സ്ഥാനങ്ങളെയും ഉപയോഗപ്പെടുത്തി പട്ടികവർഗ്ഗ ഉപപദ്ധതിയിലെ പ്രത്യേക കേന്ദ്ര സഹായം ഉപയോഗിച്ച് നടപ്പാക്കിയ പരിപാടികളുടെ ഒരു വിലയിരുത്തൽ മുതലായ പ്രോജക്ടുകൾക്ക് തുക നൽകുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശം.

ഇതു കുടാതെ സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്തികൾക്ക് ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും മികവുള്ള സ്ഥാപനങ്ങളിൽ പ്രവേശനം

നേടാൻ ആവശ്യമായ സഹായം ചെയ്യുക, വിദേശത്ത് ജോലിക്കായുള്ള അവസരം അന്വേഷിക്കുന്ന പട്ടികവർഗ്ഗ യുവജനങ്ങൾക്ക് ആവശ്യമായ സഹായം ചെയ്യുക, എന്നിവ പരിഗണിക്കുന്നു. കുടുംബാധിഷ്ഠിതമായി തുടങ്ങുന്ന സുക്ഷ്മ സംരംഭങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകളെയും പരിഗണിക്കും. ഒരേക്കറിൽ കുറഞ്ഞ ഭൂമിയുള്ള പട്ടികവർഗ്ഗ കൃഷികാർക്ക് അവർ പാട്ടത്തിന് എടുത്തിരിക്കുന്ന ഭൂമിയുടെ വാടക തുക കൊടുക്കുക എന്നതും ഈ പദ്ധതികയുടെ ഭാഗമാണ്,ട്രൈബൽ മേഖലകളിൽ കുടുംബശ്രീ യൂണിറ്റ് തുടങ്ങുകയും നിലവിലുള്ള കുടുംബശ്രീ യൂണിറ്റുകളുടെ വിപുലീകരണവും, പുതിയ സംരഭങ്ങൾ തുടങ്ങുവാനുള്ള സഹായവും ഈ പദ്ധതിയിൽ നൽകുന്നതാണ്.

പട്ടികവർഗ്ഗ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ വിഹിതത്തിന്റെ മുന്നിൽ ഒരുഭാഗം ജില്ലാതലത്തിലേയ്ക്ക് നീക്കി വെച്ചിരിക്കുന്നു. 25 ലക്ഷം രുപവരെയുള്ള പദ്ധതികൾ പട്ടികവർഗ്ഗ വികസനത്തിന് വേണ്ടി രുപീകരിച്ചിട്ടുള്ള ജില്ലാതല കമ്മിറ്റികൾക്ക് ജില്ലകളിൽ ഭരണാനുമതി നൽകാവുന്നതാണ്. ജില്ലകൾക്കനുവദിക്കുന്ന തുക റോഡ്, പാലം എന്നിവയുടെ നിർമ്മാണത്തിനായി ഉപയോഗിക്കാൻ പാടില്ല. റോഡുകളുടെയും, പാലങ്ങളുടെയും, നിർമ്മാണത്തിനുള്ള പദ്ധതികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് പരിഗണിക്കുകയും തുക പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും അനുവദിക്കുകയും ചെയ്യുന്നു. 2014-15 -ൽ ഈ പരിപാടികൾക്കായി 5,000 ലക്ഷം രുപ വകയിരുത്തിയിരിക്കുന്നു.

## 2. Implementation of 13th Finance Commission Award for Particularly Vulnerable Tribal Groups (2225-02-800-21)

**(Outlay Rs. 3700.00 lakh)**

The 13th Finance Commission has awarded an amount of Rs. 14800 lakh for the development of Particularly Vulnerable Tribal Groups (PVTG) for a period of four years for additional intervention in the Infrastructure Development, Health, Soil Conservation, Primary Education, Drinking Water and Nutrition sectors.

The major components of the project for PVTG are housing, house repair, purchase of land for landless, drawing of lines for electrification of settlements/ houses, training & awareness creation in participatory forests management, eco-restoration, soil and moisture conservation, construction and running of peripatetic centers for pre-primary and primary education, providing debt relief fund, provision of drinking water supply and sanitation, water management, alternate energy sources, infrastructure development

including road connectivity, foot paths, bridges, providing health facilities including purchase of vehicles subject to government sanction/ running cost of mobile medical units, cost of running special anganwadis, food support programme, cost of survey, planning, implementation and monitoring, administration cost of special team constituted for implementing and monitoring the project and transportation cost of food support programme. Also, any special project/ proposal aimed at the benefit of PVTG will be included in the project.

An amount of Rs. 3700 lakh is provided for the above programme during 2014-15.

**പതിമൂന്നാം ധനകാര്യ കമ്മീഷണർ അവാർഡ് മുഖേന പട്ടികവർഗ്ഗ വിഭാഗത്തിലെ പ്രത്യേക ദുർബല ഗോത്രവർഗ്ഗക്കാരുടെ വികസന പദ്ധതി.**

(വിഹിതം: 3,700.00 ലക്ഷം രൂപ)

പട്ടികവർഗ്ഗ വിഭാഗത്തിലെ **പ്രത്യേക ദുർബല ഗോത്രവർഗ്ഗക്കാർക്ക്** അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യം, മണ്ണു സംരക്ഷണം, പ്രാഥമിക വിദ്യാഭ്യാസം, കുടിവെള്ളം, പോഷകാഹാരം തുടങ്ങിയ മേഖലകളിൽ പ്രത്യേക പരിഗണന നൽകാൻ 13-ാം ധനകാര്യ കമ്മീഷൻ 4 വർഷത്തേക്കായി 14,800 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

പദ്ധതിയിലെ പ്രധാന ഘടകങ്ങൾ ഇവയാണ് .ഭവന നിർമ്മാണം, വീടിന്റെ കേടുപാടുകൾ തീർക്കൽ, ഭൂരഹിതർക്ക് ഭൂമി, കോളനികളുടെ/വീടുകളുടെ വൈദ്യുതീകരണത്തിന് വൈദ്യുതി ലൈൻ നീട്ടൽ, പങ്കാളിത്ത വനപരിപാലനത്തിന് ബോധവൽക്കരണവും പരിശീലനവും, അറിവും, പാരിസ്ഥിതിക സംതുലനം, മണ്ണു ജല സംരക്ഷണം, പ്രീപ്രൈമറി, പ്രൈമറി വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടിയുള്ള പെരിപ്പതറ്റിക്ക് കേന്ദ്രങ്ങളുടെ നിർമ്മാണവും തുടർനടത്തിപ്പും, കടാശ്വാസ പദ്ധതി, ശുദ്ധജല വിതരണവും ശുചീകരണ സംവിധാനവും, ജലപരിപാലനം, ഊർജ്ജത്തിന്റെ പലവിധ സ്രോതസ്സുകൾ, റോഡു കണക്ടിവിറ്റി ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ, നടപാതകൾ, പാലങ്ങൾ, സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റ് ഉൾപ്പെടെയുള്ള ആരോഗ്യ സൗകര്യങ്ങൾ, പ്രത്യേക അംഗൻവാടികൾ നടത്തുന്നതിനായുള്ള ചെലവ്, ഭക്ഷണ സഹായ പദ്ധതി, സർവേക്കായുള്ള ചെലവ്, ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയുടെ ചെലവ്, ഭക്ഷണ സഹായ പദ്ധതിക്കായുള്ള ഗതാഗത ചെലവുകൾ, മോണിറ്ററിംഗ് ചെയ്യാവാനുള്ള പ്രത്യേക ടീമിന്റെ ചെലവുകൾ, പട്ടികവർഗ്ഗ **പ്രത്യേക ദുർബല ഗോത്രവർഗ്ഗ** വിഭാവങ്ങളുടെ അഭിവ്യദ്ധിക്കുവേണ്ടി പ്രത്യേക പ്രോജക്ടുകളും ഇതിൽപ്പെടുന്നു.

2014-15-ൽ ഈ പരിപാടിക്കായി 3700 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 3. Management Cost for the Running of Model Residential Schools
**(2225-02-277-49) (Outlay Rs. 3601.00 lakh)**

The amount proposed is for meeting the running cost/ management cost for running **16** Model Residential/Ashram Schools, Two Ekalavya and One Special CBSE Model Residential School. The details of schools are given below.

| Sl No | Name of School | Sl.No | Name of School |
|---|---|---|---|
| 1 | MRHSS for Girls, Kattela, Thiruvananthapuram | 12 | Ashram School, Malampuzha, Palakkad |
| 2 | MRHSS for Boys, Nalloornad | 13 | MRS, Thirunelli, Wayanad for Adiyas/ Paniyas |
| 3 | Ashram HS School, Noolpuzha | 14 | MRS Kottayam |
| 4 | Ashram School, Manjery | 15 | MRS, Punalur, Kulathupuzha |
| 5 | MRS Attappady | | Schools started using grant-in-aid under Art 275(1) |
| 6 | MRHSS Munnar, Idukki | | |
| 7 | MRS South Wayanad, Kalpetta | | |
| 8 | MRHSS Vadasserikara, Pathanamthitta | 16 | Ekalavya MRS, Pookode, Wayanad |
| 9 | MRHSS, Chalakudy, Thrissur | 17 | Ekalavya MRS, Idukki |
| 10 | MRHSS, Kannur | 18 | Special CBSE MRS School, Njaraneeli, TVM |
| 11 | MRHSS, Kasaragod | 19 | MRS Koraga, Kasaragod |

All expenses relating to cost of running of MRS including cost of establishment (salaries and allowances) repair and maintenance, minor construction, additional amount for fuel, cooking gas and provisions, waste

management, energy projects, project for modernization, projects for implementation of e-governance initiatives, extra coaching, skill development including additional skill acquisition programme and entrepreneurship development, for group activities like student police cadet, national cadet corps and national service schemes, e-governance initiatives, purchase of equipments/ furniture/ computers and accessories, programmes for soft skill development and for extra/ remedial coaching, cost for conduct of seminar and workshop, cost for meeting travel and allowance to students and staff for participating in or for conducting various programmes/ functions/ camps/ treks/ site visits/ workshops/ competitions in India and abroad, cost for meeting study tour of students, development of health including provision for counseling and special programmes/ student doctor, student police, projects aimed at the overall development of children. Also cost for conduct of annual sports and art festival at school level/ state level will also be met from this fund. The total number of students to be covered during 2014-15 is 6000.

An amount of Rs. 3601 lakh is provided for 2014-15 for the running cost/ management cost of the schools.

**മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ നടത്തുന്നതിനുള്ള ചെലവുകൾ.**

(വിഹിതം: 3601.00 ലക്ഷം രൂപ)

16 മോഡൽ റസിഡൻഷ്യൽ/ ആശ്രമം സ്കുളുകൾ, രണ്ട് ഏകലവ്യ, ഒരു പ്രത്യേക സി.ബി.എസ്.ഇ മാതൃകാ റസിഡൻഷ്യൽ സ്കൂൾ/ആശ്രമം സ്കൂളുകൾ തുടങ്ങിയവയുടെ നടത്തിപ്പിനുള്ള ചെലവുകളാണ് ഇതിൽ വകയിരുത്തിയിരിക്കുന്നത്.

സ്കൂളുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് |
|---|---|
| 1 | മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്ക്കൂൾ (പെൺകുട്ടികൾ), കട്ടേല, തിരുവനന്തപുരം |
| 2 | മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്ക്കൂൾ സ്ക്കുൾ (ആൺകുട്ടികൾ) നല്ലൂർനാട് |
| 3 | ആശ്രമം ഹയർ സെക്കന്ററി സ്ക്കുൾ , നൂൽപ്പുഴ |
| 4 | ആശ്രമം സ്ക്കുൾ, മഞ്ചേരി |

| | |
|---|---|
| 5 | മോഡൽ റസിഡൻഷ്യൽ സ്ക്കൂൾ, അട്ടപ്പാടി |
| 6 | മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്ക്കൂൾ, മൂന്നാർ, ഇടുക്കി |
| 7 | മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്ക്കൂൾ, തെക്ക് വയനാട്, കൽപ്പറ്റ |
| 8 | മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്ക്കൂൾ , വടശ്ശേരിക്കര, പത്തനംതിട്ട |
| 9 | മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്ക്കൂൾ , ചാലക്കുടി, തൃശ്ശൂർ |
| 10 | മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്ക്കൂൾ , കണ്ണൂർ |
| 11 | മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്ക്കൂൾ , കാസർഗോഡ് |
| 12 | ആശ്രമം സ്ക്കൂൾ, മലമ്പുഴ, പാലക്കാട് |
| 13 | മാതൃകാ റസിഡൻഷ്യൽ സ്ക്കൂൾ, (അടിയ/പണിയ) തിരുനെല്ലി, വയനാട് |
| 14 | മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്ക്കൂൾ , കോട്ടയം |
| 15 | മോഡൽ റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്ക്കൂൾ, പുനലൂർ, കുളത്തൂപ്പുഴ |
| ആർട്ടിക്കിൾ 275(1) ഗ്രാന്റ് ഇൻ-എയ്ഡ് പ്രകാരം തുടങ്ങിയ സ്കൂളുകൾ | |
| 16 | ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്ക്കൂൾ, പൂക്കോട്, വയനാട് |
| 17 | ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്ക്കൂൾ, ഇടുക്കി |
| 18 | പ്രത്യേക സി.ബി.എസ്.ഇ മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഞാറനീലി, തിരുവനന്തപുരം |
| 19 | മോഡൽ റസിഡൻഷ്യൽ സ്ക്കൂൾ, കൊറഗ, കാസർഗോഡ് |

മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ നടത്തുന്നതിനാവശ്യമായ എസ്റ്റാബ്ലിഷ്മെന്റ് (വേതനവും , അലവൻസുകളും) ഉൾപ്പെടെയുള്ള ചെലവുകളും, കേടുപാടുകൾ തീർക്കുക, ചെറിയ നിർമ്മാണ പ്രവർത്തനങ്ങൾ, അധിക ഇന്ധനത്തിനായുള്ള തുക, പാചക വാതകത്തിനുള്ള തുക, മാലിന്യ സംസ്ക്കാരണം, ഊർജ്ജ പരിപാടികൾ, നവീകരണത്തിനായുള്ള പ്രോജക്ടുകൾ, ഇ-ഗവണേൻസ് സംരംഭങ്ങൾ നടപ്പിലാക്കാനുള്ള പ്രോജക്ടുകൾ,അധിക കോച്ചിംഗ്, അധിക സ്ഫോറ്റ് സ്കില്ലുകളുടെ വികസനം, അധിക നൈപുണ്യ ആർജ്ജവ പരിപാടി ഉൾപ്പെടെയുള്ള നൈപുണ്യ വികസനം, സംരംഭകത്വ വികസനം, ഗ്രൂപ്പ് പ്രവൃത്തികളായ സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.സി.സി, എൻ.എസ്.എസ്. ഇ-ഗവേണൻസ്, ഫർണീച്ചർ/കമ്പ്യൂട്ടർ/അനുബന്ധ സാധനങ്ങൾ വാങ്ങിക്കൽ, ത്തിനായുള്ള പരിപാടികളും അധിക/പരിഹാര കോച്ചിംഗുകൾ, സെമിനാറും, വർക്ക്ഷോപ്പും നടത്തുന്നതിനായുള്ള ചെലവുകൾ, വിവിധ പരിപാടികൾ/കമ്പ്യൂട്ടറുകൾ/ പട്ടികവർഗ്ഗ സെന്റിൽമെന്റ് സന്ദർശനം/വർക്ക്ഷോപ്പുകൾ/ഇന്ത്യയിലും വിദേശത്തു മുള്ള മത്സരങ്ങൾ തുടങ്ങിയവയ്ക്കുള്ള യാത്രാചെലവും മറ്റ് അലവൻസുകളും, വിദ്യാർത്ഥികളുടെ പഠനയാത്രയ്ക്കുള്ള ചെലവുകൾ, ആരോഗ്യ സംരക്ഷണം ഉൾപ്പെടെ കൗൺസിലിംഗും പ്രത്യേക പരിപാടികളും, സ്റ്റുഡൻസ് ഡോക്ടർ, സ്റ്റുഡൻസ് പോലീസ്, കുട്ടികളുടെ സമഗ്ര വികസനം തുടങ്ങിയവ ഇതിലുൾപ്പെടുന്നു. കൂടാതെ സ്കൂൾ തലത്തിലും, സംസ്ഥാന തലത്തിലുമുള്ള

വാർഷിക സ്പോർട്ട്സും കലാമേളകൾക്കും ഉള്ള ചെലവും ഈ ` തുകയിൽ നിന്ന് എടുക്കുന്നു. 2014-15-ൽ 6000 വിദ്യാർത്ഥികളെ ലക്ഷ്യമിടുന്നു. 2014-15 -ൽ 3601 ലക്ഷം രൂപ ഈ സ്കൂളുകളുടെ നടത്തിപ്പിനായി വകയിരുത്തിയിരിക്കുന്നു.

### 4. Housing (2225-02-283-89)

**(Outlay Rs. 3300.00 lakh)**

This scheme aims at providing financial assistance to the houseless Scheduled Tribes for construction/ completion/repair of houses. The existing scheme Housing Repair is merged to Housing scheme from 2014-15 onwards.

**(i) Construction of New Houses**

It is proposed to assist 1000 families to construct new houses during the financial year 2014-15. Sch.Tribes families who do not have habitable house/ shelter will be considered in this scheme during 2014 – 15 at the rate of Rs. 2.50 lakh per house/ as per the latest Government Orders in this regard. The amount will be provided in four installments.

**(ii) Completion of Spillover Houses**

Providing assistance/ installment for completion of houses sanctioned in previous years (spill over houses) are also included in the scheme.

**(iii) Housing Repair**

The Baseline Tribal Survey (2008) reveals that 55 per cent of the ST houses are dilapidated and 44 per cent are without kitchen. Fifty one per cent of houses are not spacious enough and 87 per cent are without stores. Considering these needs, renovation of these houses by providing additional rooms and repair of dilapidated houses are proposed under the scheme. Amount will be sanctioned according to the requirements and estimates on a case to case basis with a maximum of Rs. 1 lakh. It is proposed to assist 500 families during 2014-15.

An amount of Rs. 3300 lakh is provided for the above three components of the scheme during 2014-15.

**ഭവനനിർമ്മാണം**

(വിഹിതം: 3300.00 ലക്ഷം രൂപ)

വീടില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് പുതിയ വീട് നിർമ്മിക്കുവാൻ/വീട് പൂർത്തിയാക്കാൻ/പുനരുദ്ധാരണം മുതലായവയ്ക്കുള്ള സാമ്പത്തിക സഹായമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2014-15-ൽ നിലവിലുള്ള പദ്ധതിയായ ഭവനങ്ങളുടെ പുനരുദ്ധാരണം ഭവന നിർമ്മാണ പദ്ധതിയിലേയ്ക്ക് ലയിപ്പിച്ചു.

1)പുതിയഭവനങ്ങളുടെ നിർമ്മാണം

2014-15-ൽ 1000 കുടുംബങ്ങൾക്ക് പുതിയ വീട് നിർമ്മിക്കുവാൻ ആവശ്യമായ സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. 2014-15 -ൽ വാസയോഗ്യമായ വീടുകളില്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നിലവിലുള്ള നിരക്ക് പ്രകാരം ഓരോ വീടിനും 2.50 ലക്ഷം രൂപ നിരക്കിൽ / ഏറ്റവും പുതിയ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കിൽ വീടുവയ്ക്കാനുള്ള സഹായം ചെയ്യുന്നു. ഈ തുക നാലു ഗഡുക്കളായി നൽകുന്നു.

2)സ്പിൽ ഓവർ ഭവനങ്ങളുടെ പൂർത്തീകരണം

മുൻ വർഷങ്ങളിൽ അനുവദിച്ച (സ്പിൽ ഓവർ) വീടുകൾ പൂർത്തിയാക്കുന്ന തിനുവേണ്ടി ധനസഹായവും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

3)ഭവനങ്ങളുടെ പുനരുദ്ധാരണം

2008-ലെ പട്ടികവർഗ്ഗ സർവ്വേയിൽ 55 ശതമാനം പട്ടിക വർഗ്ഗ ഭവനങ്ങൾ തകർന്നവയായും 44 ശതമാനം വീടുകളിലും അടുക്കളയില്ലാത്തതുമാണെന്ന് കണ്ടെത്തി. കൂടാതെ 51 ശതമാനം വീടുകൾക്ക് സ്ഥലസൗകര്യങ്ങൾ ഇല്ലാത്തവയായും 81 ശതമാനം വീടുകൾക്ക് സ്റ്റോർ സൗകര്യം ഇല്ലായെന്നും കണ്ടെത്തി. ഇത് പരിഗണിച്ച് വീടുകളുടെ നവീകരണത്തിന് വേണ്ടിയും അധികമുറി കൾ നിർമ്മിക്കുന്നതിനും ജീർണ്ണിച്ച ഭവനങ്ങളുടെ പുനരുദ്ധാരണത്തിനും ഈ പദ്ധതി ധനസഹായം നൽകുന്നു. അവശ്യാനുസരണം തയ്യാറക്കുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി ഒരു ലക്ഷം രൂപ വരെ ഭവന നവീകരണ ത്തിന് ധനസഹായം നൽകുന്നു. 2014-15-ൽ 500 കുടുംബങ്ങളെ ഈ പദ്ധതി വഴി സഹായിക്കാൻ ഉദ്ദേശിക്കുന്നു.

2014-15-ൽ 3,300 ലക്ഷം രൂപ മുകളിൽ പറഞ്ഞ മൂന്ന് ഘടകങ്ങൾക്കു മായി വകയിരുത്തിയിരിക്കുന്നു.

## 5. Hamlet Development Scheme (2225-02-102-88)

**(Outlay Rs. 2500.00 lakh)**

The concept of comprehensive development through Hamlet Development schemes is of utmost importance in addressing the grassroot issues and ensuring unskewed Tribal development. It has been envisaged to give thrust on overall development of unattended unique issues of tribal hamlets on a case to case basis by allocating a consolidated fund @ Rs. 100 lakh for undertaking various activities viz., drinking water, electricity, solar lighting, link roads, footpath, footbridges, community centres, sahayi centres, libraries, sports centres, children's park, TV parks, anganwadis, employment generation, income generation etc. The outlay is earmarked for creating community assets. Housing cannot be considered under the scheme. This will be implemented in 25 selected tribal hamlets based on the backwardness.

An amount of Rs. 2500 lakh is provided for the scheme during 2014-15, which includes onetime ACA of Rs. 716 lakh.

**ചെറുസങ്കേതങ്ങളുടെ വികസന പദ്ധതി (ഹാംലറ്റ് പദ്ധതി)**

(വിഹിതം: 2,500.00 ലക്ഷം രൂപ)

പട്ടികവർഗ്ഗ വികസനത്തിന്റെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി ചെറുസങ്കേതങ്ങളുടെ സമഗ്ര വികസനം അത്യാന്താപേക്ഷിതമാണ്. ഈ ചെറു സങ്കേതങ്ങളുടെ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും 100 ലക്ഷം രൂപ കൊടുക്കുന്നു. കുടിവെള്ളം, വൈദ്യുതി, സോളാർ ലൈറ്റ്നിംഗ സ്ഥാപിക്കൽ, ലിങ്ക്റോഡുകൾ, നടപ്പാതകൾ, സഹായകേന്ദ്രങ്ങൾ,കമ്മ്യൂണിറ്റി കേന്ദ്രങ്ങൾ, അംഗൻവാടികൾ വായന ശാലകൾ, സ്പോർസ് സെന്റർ,കുട്ടികളുടെ പാർക്ക്, ടി.വി പാർക്ക്, തൊഴിൽ, വരുമാനദായക പ്രവർത്തനങ്ങൾ തുടങ്ങിയവയാണ് വിവിധ പ്രവർത്തനങ്ങൾ പിന്നോക്ക അവസ്ഥയിലുള്ള 25 പട്ടികവർഗ്ഗ ചെറു സങ്കേതങ്ങളിൽ 2014-15 നടപ്പിലാക്കുന്നു. ഈ വിഹിതം സാമൂഹ്യ ആസ്തികളുടെ നിർമ്മാണത്തിനു വേണ്ടിയാണ് വകയിരിത്തിയിരിക്കുന്നത്. ഈ പദ്ധതിയിൽ വീടുകളുടെ നിർമ്മാണം അനുവദിക്കുന്നതല്ല.

2014-15-ൽ 2500 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു. ഇതിൽ 716 ലക്ഷം രൂപ ഒറ്റത്തവണ അധിക കേന്ദ്ര സഹായമായി വകയിരുത്തിയിരിക്കുന്നു.

### 6. Resettlement of Landless Tribal People [TRDM] (2225-02-283-90) (Outlay Rs. 2000.00 lakh)

The main objective of this scheme is to provide at least one acre of land per family to landless ST people subject to a ceiling of 5 acres. ST families having less than one acre land holdings are also eligible under the scheme for availing the remaining extent of land to make their total holding at least one acre in extent.

In addition to the purchase of land for landless tribal people, various developmental activities for the rehabilitated tribal people are also considered under this scheme. Projects will be conceived and considered for approval by TRDM, the tribal mission constituted for taking up rehabilitation activities. The key components of resettlement plan/rehabilitation of ST people are projects for agriculture, animal husbandry, dairy development, irrigation, crop husbandry, soil conservation, infrastructure like housing, anganwadi, primary health centers/ sub centers, health care, community hall, drinking water supply, projects for connectivity including roads, bridges and footpaths, provision of electricity/power including provision of alternate energy sources, education & skill development programmes and Employment generation programmes

The provision will also be utilized for continuation of spill over/continuing schemes for rehabilitated ST people. The fund can also be used for purchase of land by the beneficiaries identified already by the STDD subject to purchase of a minimum of 25 cents and a maximum of 1 acre of land. Resettlement will be done on project basis with emphasis on planning and implementation through Oorukoottoms. So far 6814 landless ST families have been allotted an extent of 8971.94 acres of land.

An amount of Rs. 2000 lakh is provided during 2014-15 to meet the various components of the scheme through the State Tribal Resettlement and Development Mission.

**ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം (റ്റി.ആർ.ഡി.എം)**

**വിഹിതം : 2000 ലക്ഷം രൂപ**

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കുറഞ്ഞത് ഒരേക്കർ മുതൽ പരമാവധി 5 ഏക്കർ വരെ ഭൂമി നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശം. ഒരേക്കറിൽ കുറവ് ഭൂമി കൈവശമുള്ള പട്ടികവർഗ്ഗകുടുംബങ്ങൾക്ക് കുറഞ്ഞത് ഒരേക്കർ ഭൂമി ഉറപ്പാക്കുന്നതിനാവശ്യമായ ഭൂമി ലഭിക്കുന്നതിന് അർഹതയുണ്ട്.

പട്ടികവർഗ്ഗത്തിൽപ്പെട്ട ഭൂമിയില്ലാത്ത ആളുകൾക്ക് ഭൂമി വാങ്ങിക്കുന്നതു കൂടാതെ പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നത് ഉൾപ്പെടെ നിരവധി വികസന പ്രവർത്തനങ്ങൾ ഈ പദ്ധതിയിലൂണ്ട്. പുനരധിവാസ പ്രവർത്തനങ്ങൾക്കുവേണ്ടി രൂപീകരിച്ചിട്ടുള്ള ട്രൈബൽ മിഷൻ ആയ റ്റി.ആർ.ഡി.എം പ്രോജക്റ്റുകൾ പരിശോധിച്ച് അവ അംഗീകരിക്കുവാൻ കഴിയുമോ എന്ന് വിശകലനം ചെയ്യുന്നു. കൃഷിയ്ക്കുവേണ്ടിയുള്ള പ്രോജക്റ്റുകൾ, മൃഗസംരക്ഷണം, ജലസേചനം, വിളപരിപാലനം, മണ്ണ് സംരക്ഷണം, അടിസ്ഥാന സൗകര്യങ്ങളായ വീട്, അംഗൻവാടി; പ്രൈമറിഹെൽത്ത് സെന്റ്റുകൾ, സബ്സെന്ററുകൾ കമ്മ്യൂണിറ്റി ഹാൾ, കുടിവെള്ള വിതരണം, റോഡ് കണക്റ്റിവിറ്റിയുമായി ബന്ധപ്പെട്ട പ്രോജക്റ്റുകൾ, പാലങ്ങളും, നടപാതകളും, ഊർജ്ജത്തിന്റെ പലവിധ സ്രോതസ്സുകളും, കൂടാതെ വൈദ്യുതി വിതരണം, വിദ്യാഭ്യാസം, നൈപുണ്യ വികസന പരിപാടികൾ, തൊഴിൽ സ്ഥായിയായ വരുമാനവും ലഭ്യമാക്കുന്ന മറ്റ് പരിപാടികൾ നടത്താനുമുള്ള വിഹിതം, എന്നിവയാണ് ഇതിന്റെ പ്രധാനഘടകങ്ങൾ

പട്ടികവർഗ്ഗ വിഭാഗക്കാരെ പുനരധിവസിപ്പിക്കുന്നതിനായുള്ള സ്പിൽഓവർ/ തുടർ പദ്ധതികളുടെ നടത്തിപ്പിന് ആവശ്യമായ തുകയും ഇതിൽ നിന്നും വഹിക്കാവുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പ് കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് കുറഞ്ഞത് 25 സെന്റ് മുതൽ പരമാവധി ഒരേക്കർ വരെയുള്ള ഭൂമി വാങ്ങാനുള്ള തുക ഇതിൽ വകയിരുത്തിയിരിക്കുന്നു. പ്രോജക്റ്റാധിഷ്ഠിത രീതിയിൽ ഊരുകൂട്ടങ്ങൾ വഴി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കലിലൂടെ പുനരധിവാസം നടത്തുന്നു. ഇതുവരെ 6814 ഭൂമിയില്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 8971.94 ഏക്കർ ഭൂമി നൽകിയിട്ടുണ്ട്.

പട്ടികവർഗ്ഗപുനരധിവാസ വികസന മിഷൻ മുഖേന പുനരധിവാസവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി 2014-15 വർഷത്തേയ്ക്ക് 2000 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

### 7. Pooled Fund for Special Projects Proposed by Other Departments under TSP

**(2225-02-102-90)** **(Outlay Rs. 1300.00 lakh)**

Pooled fund is intended to implement special projects for the benefit of Scheduled Tribes communities by any Government Departments/ Institutions/ Agencies/ NGOs.

Departments which require allotment from pooled fund should submit project proposals aiming ST development to State Planning Board for consideration. If the project is found feasible and admissible, the same will be forwarded to the ST Development Department by State Planning Board. These projects will be placed before the SLWG/ Special Working Group, as the case may be for consideration and approval. The processing, sanctioning, implementation and monitoring etc. will be done as per the guidelines issued vide G.O (P) No. 44/2009/SCSTDD dated 19.6.2009.

Apart from Government Departments, Institutions/ Autonomous Organizations under the State/ Central Government, Registered Cooperative/ Charitable Societies, NGO's and Universities are also eligible for submitting the proposal.

An amount of Rs. 1300 lakh is provided for the scheme during 2014-15.

**പൂൾഡ് ഫണ്ട് - പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുന്നതും മറ്റ് വകുപ്പുകൾ നിർദ്ദേശിച്ചിട്ടുള്ളതുമായ പ്രത്യേക പ്രോജക്ടുകൾക്കായുള്ള ഫണ്ട്**

**വിഹിതം : 1300 ലക്ഷം രൂപ**

പട്ടികവർഗ്ഗ സമൂഹത്തിന്റെ ക്ഷേമത്തിനുവേണ്ടി സർക്കാർ വകുപ്പുകളോ/ കേന്ദ്രങ്ങളോ/ ഏജൻസികളോ/ എൻ.ജി.ഒ കളോ നിർദ്ദേശിക്കുന്ന പ്രത്യേക പ്രോജക്ടുകൾ നടപ്പാക്കാൻ വേണ്ടിയുള്ളതാണ് പൂൾഡ് ഫണ്ട്.

പൂൾഡ് ഫണ്ടിൽ നിന്നുള്ള വിഹിതം ലഭിക്കേണ്ട വകുപ്പുകൾ പട്ടികവർഗ്ഗ വികസനത്തെ ലക്ഷ്യം വെച്ചുള്ള പ്രോജക്ട് സംസ്ഥാന ആസൂത്രണ ബോർഡിന് സമർപ്പിക്കണം. പ്രോജക്ടുകൾ പ്രായോഗികവും അനുമതി കൊടുക്കാൻ പറ്റിയതാണെന്ന് കണ്ടെത്തിയാൽ ആസൂത്രണ ബോർഡ് പ്രോജക്ടുകൾ പട്ടികവർഗ്ഗ വികസന വകുപ്പിലേയ്ക്ക് കൈമാറുന്നു. ഈ പ്രോജക്ടുകൾ പിന്നീട് സംസ്ഥാനതല / സ്പെഷ്യൽ വർക്കിംഗ് ഗ്രുപ്പിന്റെ അനുമതിയ്ക്കും അംഗീകാരത്തിനും സമർപ്പിക്കുന്നു. ഈ പ്രോജക്ടുകളുടെ വിശകലനം , ഭരണാനുമതി നൽകൽ, നടപ്പാക്കൽ, മോണിറ്ററിംഗ് എന്നിവ 19/6/2009 - ലെ സർക്കാർ ഉത്തരവ് പി.നം44/2009/പജ പവ വിവ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരമായിരിക്കും.

ഗവൺമെന്റ് വകുപ്പുകൾ കൂടാതെ സംസ്ഥാന കേന്ദ്ര ഗവൺമെന്റിന് കീഴിലുള്ള സ്ഥാപനങ്ങൾ, സ്വാതന്ത്ര്യ സ്ഥാപനങ്ങൾ, കോ-ഓപ്പറേറ്റീവ്/ ചാരിറ്റബിൾ സൊസൈറ്റികൾ, എൻ.ജി.ഒ യൂണിവേഴ്സിറ്റികൾക്കും, പ്രോപ്പോസലുകൾ സമർപ്പിക്കാൻ അർഹതയുണ്ട്. 2014-15 ഈ പദ്ധതിയ്ക്കായി 1300 ലക്ഷം രൂപ വകയിരുത്തിരിക്കുന്നു.

## 8. Honorarium to Tribal Promoters (2225-02-102-89)

**(Total Outlay Rs. 1475.00 lakh)**

The honorarium to management trainees and health management trainees and the honorarium to Student Counselors engaged in the hostels and MRSs which were met from the head of account of Corpus Fund during 2013-14 is incorporated with this scheme during 2014-15. Also the scheme Engaging Social Workers in Tribal Welfare is merged to Honorarium to ST Promoters from 2014-15 onwards. The scheme Honorarium to ST promoters includes the following components viz.,

**(i) ST Promoters (2225-02-102-89(01) ( Rs. 1100 lakh)**

Tribal promoters are selected and appointed to function as facilitators in tribal areas for channelizing and extending the benefits of tribal development schemes to the STs. They will also make a link between the scheduled tribe beneficiaries and the local bodies / line departments. 1005 tribal youths have been selected and appointed for this purpose and trained in Participatory Rural Appraisal, participatory monitoring, primary health care and natural resource management. Each promoter will be given an honorarium of Rs. 8000 and Rs 1000 as travelling allowance per month. The proposed outlay is for giving honorarium to ST promoters, to give them training, for various awareness generation programmes for the ST promoters.

The provision can also be used for providing honorarium to the health promoters engaged in the hospitals for assisting the Scheduled Tribes patients.

**(i) Organization of Orukoottams ( (2225-02-102-89(02)**
**( Rs. 100 lakh)**

The objective of this scheme is to empower ST population by means of creation of Oorukoottams in all tribal settlements. Oorukottams will meet at least once in a quarter. The provision is for meeting expenditure to be incurred for the purpose and giving awareness programmes in the Orukoottams.

**(ii) Honorarium to Management Trainees and Health Management Trainees (2225-02-102-89(03) ( Rs. 100 lakh)**

Scheduled Tribes Development Department is providing apprenticeship training to the educated unemployed youths for one year as per Apprenticeship Act, based on the qualification prescribed from time to time, for Management trainees and Health Management Trainees. During 2014-15 about 140

Management Trainees and 50 Health Management Trainees will be trained under the component.

**(iii) Honorarium to Counselors engaged in the Hostels and MRS.**
**(2225-02-102-89(04)** **( Rs. 75 lakh)**

Scheduled Tribes Development Department is giving residential accommodation for more than 10,000 students in 107 pre-matric hostels, 3 post-matric hostels and 19 MRSs. As they are coming from economically and socially backward families, they face the issues of adaptability with the new situations, problems of adjustments, interpersonal relationships and introvert habits. For addressing their psychological problems, Department is engaging Student Counselors in these institutions from 2005-06 onwards. The minimum qualification prescribed for the Student Counselor is MSW Degree/ M.A Psychology or other qualifications equivalent to the above approved by the Government of Kerala. Student Counselors with good track record and counselors from ST communities will be given preference. The honorarium @ Rs 18,000/- p.m and travelling expenses to Rs. 2000/- p.m. will be provided.

**(iv) Engaging Social Workers in Tribal Welfare**
**(2225-02-102-89(05)** **( Rs. 100 lakh)**

In this component social workers preferably MSW degree holders were engaged in tribal welfare sector as facilitator for counseling, arranging meeting of inhabitants of each habitates, increasing resources, spreading public awareness through conducting awareness camps against the consumption of drugs, alcohols, tobacco etc. in a Community Organization Mode.

An amount of Rs. 1475 lakh is provided for the above components of the scheme during 2014-15.

## ട്രൈബൽ പ്രൊമോട്ടർമാർക്കുള്ള ഓണറേറിയം

(ആകെ വിഹിതം: 1475.00 ലക്ഷം രൂപ)

മാനേജ്മെന്റ് ട്രെയിനികൾക്കും ഹെൽത്ത് മാനേജ്മെന്റ് ട്രെയിനികൾക്കും ഓണറേറിയം ഹോസ്റ്റലുകളുകളിലും എം.ആർ.എസ്സിലുമുള്ള കൗൺസിലർമാർക്ക് ഓണറേറിയം 2013-14-ലെ കോർപ്പസ് ഫണ്ടിൽ നിന്നാണ് നലകിയിരുന്നത്. ഇത് 2014-15-ൽ ട്രൈബൽ പ്രമോട്ടേഴ്സിനായുള്ള ഓണറേറിയത്തിലേയ്ക്ക് ലയിപ്പിച്ചു. കുടാതെ പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി സാമുഹ്യപ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തൽ എന്ന പദ്ധതിയും 2014-15 മുതൽ ഈ പദ്ധതിയിൽ ലയിപ്പിച്ചു. ഇതിൽ താഴെ പറയുന്ന ഘടകങ്ങളാണുള്ളത്.

1)ട്രൈബൽ പ്രൊമോട്ടർമാർ

പട്ടികവർഗ്ഗ വികസന പദ്ധതികളുടെ ഗുണഫലങ്ങൾ പട്ടികവർഗ്ഗ ഗുണഭോക്താക്കളിൽ എത്തിയ്ക്കാൻ വേണ്ടി തെരഞ്ഞെടുത്തു നിമയിക്കുന്നവരാണ് പട്ടികവർഗ്ഗ പ്രൊമോട്ടർമാർ. ഗുണഭോക്താക്കളേയും പഞ്ചായത്തുകളേയും വികസന വകുപ്പുകളേയും ബന്ധിപ്പിക്കുന്ന കണ്ണിയായും ഇവർ പ്രവർത്തിക്കുന്നു.1005 പട്ടികവർഗ്ഗ യുവാക്കളെ തെരഞ്ഞെടുത്ത് നിയമിക്കുകയും അവർക്ക് ഗ്രാമീണ പങ്കാളിത്ത അവലോകനം, പങ്കാളിത്ത മോണിറ്ററിംഗ്, പ്രാഥമിക ആരോഗ്യപരിപാലനം, പ്രകൃതി വിഭവങ്ങളുടെ മാനേജ്മെന്റ് എന്നിവയിൽ പരിശീലനം നൽകുകയും ചെയ്തു. ഇവർക്ക് പ്രതിമാസം 8000 രൂപ ഓണറേറിയവും 1000 രൂപ യാത്രാ ബത്തയും നൽകുന്നുണ്ട്. ട്രൈബൽ പ്രൊമോട്ടർമാർക്ക് ഓണറേറിയം നലകുന്നതിനും പരിശീലനം നൽകുന്നതിനും, വിവിധ അവബേധന പരിപാടികൾ നടത്തുന്നതിനുമായി തുക വകയിരുത്തിയിരിക്കുന്നു. ആശുപത്രിയിൽ പട്ടികവർഗ്ഗ രോഗികളെ നോക്കുന്ന ആരോഗ്യ പ്രൊമോട്ടർമാർക്കും തുക വിനിയോഗിക്കാവുന്നതാണ്.

2) ഊരുകൂട്ടങ്ങളുടെ സംഘാടനം

പട്ടികവർഗ്ഗക്കാരുടെ ശാക്തികരണത്തിനുവേണ്ടി ഊരുകൂട്ടങ്ങൾ എല്ലാ പട്ടികവർഗ്ഗ മേഖലയിലും രൂപീകരിച്ചിട്ടുണ്ട്.. ഊരുകുട്ടങ്ങൾ നാലു മാസത്തിലൊരിക്കലെങ്കിലും കുടേണ്ടതാണ്. ഇതിന് വേണ്ടിയുള്ള ചെലവുകൾ നടത്താനും കൂടാതെ ഊരുകുട്ടങ്ങളിൽ അവബോധ പരിപാടികൾ നടത്താനും തുക വിനിയോഗിക്കുന്നു.

3) മാനേജ്മെന്റ് പരിശീലകർക്കും ഹെൽത്ത് മാനേജ്മെന്റ് പരിശീലകർക്കുമുള്ള ഓണറേറിയം.

വിദ്യാഭ്യാസമുള്ള ജോലിയില്ലാത്ത പട്ടികവർഗ്ഗ യൂവാക്കൾക്ക് അപ്രന്റിസ്ഷിപ്പ് നിയമം അനുസരിച്ച് ഒരു വർഷത്തേക്ക്, സമയാസമയങ്ങളിൽ പറയുന്ന യോഗ്യത അനുസരിച്ച്, മാനേജ്മെന്റ് പരിശീലനം പട്ടികവർഗ്ഗ വികസന വകുപ്പ് നൽകുന്നു. 2014-15-ൽ ഏകദേശം 140 മാനേജ്മെന്റ് പരിശീലകർക്കും 50 ഹെൽത്ത് മാനേജ്മെന്റ് പരിശീലകർക്കും ഇതുപ്രകാരം പരിശീലനം നൽകുന്നതാണ്.

4) ഹോസ്റ്റലുകളിലും എം.ആർ എസ്സിലുമുള്ള സ്റ്റുഡന്റ് കൗൺസിലർമാർക്ക് ഓണറേറിയം.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 107 പ്രിമെട്രിക് ഹോസ്റ്റലുകളിലും 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും 19 എം.ആർ.എസ്സുകളിലുമായി 10000-ത്തിൽ അധികം വിദ്യാർത്ഥികൾ താമസിച്ച് പഠിക്കുന്നു. സാമൂഹ്യമായും സാമ്പത്തിക മായും പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുമുള്ള കുട്ടികൾക്ക് പുതിയ സാഹചര്യങ്ങൾ ഉൾകൊള്ളുന്നതിനും അവയുമായി പൊരുത്തപ്പെടുന്നതിനുള്ള പ്രശ്നങ്ങൾ, പരപര ബന്ധത്തിലെ പൊരുത്തക്കേടുകൾ, അന്തർമുഖ സ്വഭാവം ഇവ വ്യക്തിബന്ധങ്ങളെ ബാധിക്കുകയും സ്ഥാപനങ്ങളിൽ പ്രശ്നങ്ങളായി തീരാറുമുണ്ട്. അവരുടെ ഇത്തരം മാനസിക പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ വേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പ് 2005-06 മുതൽ സ്റ്റുഡന്റ്സ് കൗൺസിലേഴ്സിനെ ഏർപ്പെടുത്തി. കേരള സർക്കാർ അംഗീകരിച്ച എം.എസ്. ഡബ്യൂ/എം.എ.സൈക്കോളജി അല്ലെങ്കിൽ തത്തുല്യയോഗ്യതയാണ് സ്റ്റൂഡന്റ് കൗൺസിലർക്ക് വേണ്ട കുറഞ്ഞ യോഗ്യത . നല്ല പ്രവത്തിപരിചയമുള്ള വർക്കും പട്ടികവർഗ്ഗത്തിൽപ്പെട്ട കൗൺസിൽമാർക്കും മുൻഗണന നൽകുന്നതാണ്. മാസം 18000 രൂപ ഓണറേറിയവും 2000 രൂപ യാത്രാ ബത്തയും നൽകുന്നതാണ്.

5) പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി സാമൂഹ്യ പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തൽ.

എം.എസ്. ഡബ്യൂ ബിരുദമുള്ള പ്രതിജ്ഞാബന്ധരായ സാമൂഹ്യപ്രവർത്തകർ പട്ടികവർഗ്ഗ വികസന മേഖലയിൽ മാർഗ്ഗദർശിയായി പ്രവർത്തിക്കുന്നു. ഓരോ സങ്കേതത്തിലും പട്ടികവർഗ്ഗക്കാരുടെ യോഗങ്ങൾ ചേർന്ന് വികസന പ്രശ്നങ്ങൾ ചർച്ച ചെയ്യുക, വിഭവ വർദ്ധനവിനും മദ്യം, ലഹരി, പുകയില തുങ്ങിയവ ഉപയോഗിക്കുന്നതിനെതിരെ അവബോധ ക്യാമ്പുകൾ നടത്തി ജനങ്ങളിൽ ബോധവത്കരണം ഉണ്ടാകുക ഇവയാണ് ഇവരുടെ പ്രവർത്തന മേഖല.

2014-15-ൽ 1475 ലക്ഷം രൂപ മുകളിൽ പറഞ്ഞ ഘടകങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

## 9. Comprehensive Tribal Health Care (2225-02-282-91)

**(Outlay Rs. 700.00 lakh)**

The existing scheme Tribal Relief Fund during 2013-14 is merged to Comprehensive Tribal Health Care from 2014-15 onwards.

### (i) Running of Health Care Institutions

The Scheduled Tribes Development Department is running five Allopathic outpatient clinics in the remote Scheduled Tribes areas of Attappady (2 clinics), Mananthavady (1 clinic), Chalakudy (1 clinic) and Idukki (1 clinic). More than 23,800 ST patients are being assisted annually through these

institutions. Ambulance services and medical camps are also being conducted through these OP Clinics. The staffs of O.P Clinics are on contract basis appointed by Scheduled Tribes Development Department. The provision is for meeting establishment costs including cost of medicine and other charges for running these institutions. Also, cost for conducting medical camps by these OP Clinics is also met from this scheme.

**(ii) Medical Assistance through Hospitals**

During 2007–08, a new Health scheme viz., "Comprehensive Health Care Programmes" for Sch.Tribes has been introduced by the Scheduled Tribes Development Department by utilizing the ACA for an amount of ` 1000 lakh. The scheme was highly beneficial to the ST patients suffering from Sickle-cell Anaemia, TB, Cancer, Heart/kidney/Brain ailments, water-borne diseases etc. As the fund under ACA was utilized in full during 2011-12, the scheme has been continued in the financial year 2012-13 by utilizing Corpus Fund. It is being implemented as a separate component from the year 2013 – 14 onwards.

The intention of the scheme is to provide medical care toSch. Tribes through selected hospital in the State. The outlay is for providing treatment assistance to Sch.Tribes affected by various diseases through approved hospitals in the state. The allotted amount shall be used for providing/ purchase of medicines, medical examinations including all types of scanning, provision for medical aids and equipments, ambulance transportation services in the absence of the same in Government Hospitals. Also, pocket money for bye-standers, food expenses of patients will be proposed in needy cases.

The fund will be distributed through the District Medical Officers concerned to all 14 District Hospitals, other identified Government Hospitals in various districts of the State where there is substantial ST population, and to the Superintendents of all Government Medical College Hospitals. Also, fund

will be distributed to the Superintendent of two Co-operative Medical College Hospitals viz. Cochin Medical College and Pariyaram Medical College, and to the Directors of Sree Chitra Thirunal Institute of Medical Sciences and Research, Regional Cancer Centre and Malabar Cancer Centre.

**(iii) Tribal Relief Fund**

The scheme is intended to provide financial assistance to the ST population affected by various diseases and natural calamity.

Financial assistance will be given to the Sch.Tribes who are below poverty line and who suffer from various diseases including major diseases like cancer, heart/kidney/brain ailments etc. They will also be granted assistance as per the Government Orders issued as 'Relief Fund of Honorable Minister' up to Rupees one lakh per person. Financial assistance shall be given to patients producing proper medical certificate obtained from concerned specialist Medical Practitioners. Also, it is envisaged to provide a relief to ST families in case of emergencies. Expenses incurred for/ financial assistance for organizing medical camps, transportation of patients to nearby hospitals, provision of nutritious food on the advice of the doctor, cost of purchase of drugs unavailable in hospitals, cost related to death/ postmortem, relief for managing disaster/ untoward incidents/ accidents, providing immediate relief to the needy are main components of the scheme . A target of 14000 beneficiaries expected during 2014-15.

An amount of Rs 700 lakh is provided for the above three components of the scheme during 2014-15.

<u>സമഗ്ര പട്ടികവർഗ്ഗ ആരോഗ്യസംരക്ഷണം</u>

(വിഹിതം: 700.00 ലക്ഷം രൂപ)

നിലവിലുളള പട്ടികവർഗ്ഗ ആശ്വാസനിധി എന്ന പദ്ധതി 2014-15 ൽ **" സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ സംരക്ഷണം"** എന്നതിലേക്ക് ലയിപ്പിച്ചു.

1) ആരോഗ്യസംരക്ഷണ കേന്ദ്രങ്ങളുടെ നടത്തിപ്പ്

ഇടുക്കി (1 ക്ലിനിക്), ചാലക്കുടി (1 ക്ലിനിക്), മാനന്തവാടി (1 ക്ലിനിക്), അട്ടപ്പാടി (2 ക്ലിനിക്) തുടങ്ങിയ വിദൂര പട്ടികവർഗ്ഗ മേഖലകളിൽ 5 അലൊപ്പതി ഒ.പി ക്ലിനിക്കുകൾ വകുപ്പ് നടത്തുന്നു. വർഷംതോറും 23,800-ൽ അധികം രോഗികളെ ഈ കേന്ദ്രങ്ങൾ വഴി സഹായിക്കുന്നു. ഈ ഒ.പി ക്ലിനിക്കുകൾ വഴി ആംബുലൻസ് സേവനവും മെഡിക്കൽ ക്യാമ്പുകളും നടത്തുന്നു. ഒ.പി. ക്ലിനിക്കുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരെ കരാർ അടിസ്ഥാനത്തിലാണ് പട്ടികവർഗ്ഗ വികസന വകുപ്പ് നിയമിക്കുന്നത്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും മരുന്നുകളുടെ വിലയും ഈ സ്ഥാപനങ്ങൾ നടത്തി കൊണ്ടു പോകാനുള്ള മറ്റു ചെലവ് എന്നിവ ഈ പദ്ധതിയുടെ ഘടകങ്ങളാണ്. അതുപോലെ ഒ.പി ക്ലിനിക്കുകൾ മുഖേന മെഡിക്കൽ ക്യാമ്പുകൾ നടത്താനുള്ള ചെലവും ഈ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നു.

2) ആശുപത്രികൾ വഴിയുള്ള മെഡിക്കൽ സഹായം

2007-08-ൽ അധിക കേന്ദ്രസഹായം വഴി 1000 ലക്ഷം രൂപയുടെ ഒരു പുതിയ ആരോഗ്യ പരിപാടിയായ സമഗ്ര ആരോഗ്യ സംരക്ഷണ പരിപാടി പട്ടികവർഗ്ഗക്കാർക്ക് വേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പ് തുടങ്ങി. വിവിധ രോഗങ്ങളായ സിക്കിൾസെൽ അനീമിയ, ടി.ബി,കാൻസർ, ഹൃദയം, തലച്ചോർ, കിഡ്നി തുടങ്ങിയ അവയങ്ങളെ ബാധിക്കുന്ന അസുഖങ്ങൾ, ജലജന്യ രോഗങ്ങൾ തുടങ്ങിയവ ബാധിച്ച പട്ടികവർഗ്ഗക്കാർക്ക് ഇത് വളരെയേറെ പ്രയോജനപ്രദമാണ്. 2011-12-ൽ ഇതിന്റെ ഫണ്ട് പൂർണ്ണമായും വിനിയോഗിച്ചതിനാൽ , 2012-13 -മുതൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ചാണ് ഇത് തുടരുന്നത്. 2013-14 മുതൽ ഇത് ഒരു പ്രത്യേക ഘടകമാക്കി നടപ്പിലാക്കി.

സംസ്ഥാനത്തെ തെരഞ്ഞെടുത്ത ആശുപത്രികളിലൂടെ വൈദ്യ സഹായം പട്ടികവർഗ്ഗ വിഭാഗത്തിന് ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. അംഗീകൃത ആശുപത്രികൾ വഴി പട്ടികവർഗ്ഗക്കാർക്ക് സഹായം ചെയ്യുന്നു. അനുവദിച്ച തുക കൊണ്ട് ഗവൺമെന്റ് ആശുപത്രികളിൽ ലഭ്യമല്ലാത്ത മരുന്നുകൾ വാങ്ങുക, സ്കാനിംഗ് തുടങ്ങിയ പരിശോധനകൾ നടത്തുക, വൈദ്യസഹായം ലഭ്യമാക്കുക, ആംബുലൻസ് സൗകര്യം നൽകുക തുടങ്ങിയവ ഉൾപ്പെടുന്നു. രോഗികൾക്ക് കൂട്ടു നിൽക്കുന്നവർക്ക് പോക്കറ്റ്മണിയും ആവശ്യമുള്ള രോഗികൾക്ക് ആഹാരത്തിന്റെ ചെലവും പദ്ധതി പ്രകാരം നൽകുന്നു.

ജില്ലാ മെഡിക്കൽ ഓഫീസർമാർ വഴിയാണ് 14 ജില്ലാ ആശുപത്രിയിലെയ്ക്കും ഉള്ള തുക നൽകുന്നത്. സംസ്ഥാനത്തെ പട്ടികവർഗ്ഗ മേഖലകളിലെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾക്കും, മറ്റ് അർദ്ധ സർക്കാർ ആശുപത്രികൾക്കും തുക നൽകുന്നു, സർക്കാർ മെഡിക്കൽ കോളേജുകൾക്കും സർക്കാർ നിയന്ത്രിത മെഡിക്കൽ കോളേജുകളായ കൊച്ചി,



National University of Educational Planning and Administration
Acc. No. D-14981
Date: 04.08.2016
Documentation Centre

പരിയാരം എന്നിവയ്ക്കും തുക സൂപ്രണ്ട് വഴിയും കൊടുക്കുന്നു. ശ്രീചിത്തിര തിരുനാൾ മെഡിക്കൽ സയൻസ് റിസർച്ച് സെന്ററിലും റീജിയണൽ ക്യാൻസർ സെന്ററിലും മലബാർ ക്യാൻസർ സെന്ററിലും ഡയറക്ടർമാർ മുഖേനയും തുക കൊടുക്കുന്നു.

3) പട്ടികവർഗ്ഗ ആശ്വാസനിധി

പ്രകൃതിക്ഷോഭങ്ങളും വിവിധ രോഗങ്ങളും ബാധിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് സാമ്പത്തിക സഹായം നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതും മാരകമായ ക്യാൻസർ, ഹൃദയം/വൃക്ക/മസ്തിഷ്ക സംബന്ധമായ അസുഖങ്ങൾ കൊണ്ട് കഷ്ടപ്പെടുന്നതുമായ പട്ടികവർഗ്ഗക്കാർക്ക് സാമ്പത്തിക സഹായം നൽകുന്നതിന് ലക്ഷ്യമിടുന്നു. സർക്കാർ ഉത്തരവ് പ്രകാരം ബഹുമാനപ്പെട്ട മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ഒരാൾക്ക് ഒരു ലക്ഷം രൂപ വരെ സഹായ ധനം നൽകുന്നു. കൂടാതെ അത്യാവശ്യം സന്ദർഭങ്ങളിൽ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഒരാശ്വാസം നൽകുക എന്നതു കൂടി ഈ പദ്ധതി വിഭാവനം ചെയ്യുന്നു. സാമ്പത്തിക സഹായം നൽകുന്നത് ബന്ധപ്പെട്ട സ്പെഷ്യലിസ്റ്റ് മെഡിക്കൽ പ്രാക്റ്റീഷണർമാരുടെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ്. മെഡിക്കൽ ക്യാമ്പുകൾ നടത്താനുള്ള സാമ്പത്തിക സഹായം, രോഗിയെ അടുത്തുള്ള ആശുപത്രിയിൽ എത്തിക്കാൻ സഹായിക്കുക, ഡോക്ടറുടെ നിർദ്ദേശപ്രകാരം പോഷകമൂല്യങ്ങൾ അടങ്ങിയ ആഹാരം നൽകുക, ആശുപത്രികളിൽ ലഭ്യമല്ലാത്ത മരുന്നുകൾ ലഭ്യമാക്കുക, പോസ്റ്റ്മാർട്ടത്തിനാവശ്യമായ ചെലവുകൾ, അത്യാഹിതങ്ങൾ കൈകാര്യം ചെയ്യാനുള്ള സഹായനിധി/അപ്രതീക്ഷിത സംഭവങ്ങൾ/അപകടങ്ങൾ, ആവശ്യമുള്ളവർക്ക് പെട്ടെന്ന് സഹായം എത്തിച്ചുകൊടുക്കുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാനപ്പെട്ട ഘടകങ്ങൾ.

2014-15 വർഷത്തിൽ 14000 ഗുണഭോക്താക്കളെ ലക്ഷ്യമിടുന്നു.

## 10.Schemes Implemented with Grant – in – Aid under Article 275 [1] (Other Central Assistance) (2225-02-800-29)

**(Outlay Rs 663.00 lakh)**

Activities proposed under this scheme include strengthening the infrastructure in the sectors critical to enhancement of Human Development indices such as income generation, health, education, drinking water schemes, irrigation, foot path, foot bridges, forest villages electrification, communication, rural marketing, agriculture, animal husbandry, food processing, processing of MFPs, Human Resource Development in technical

and vocational spheres, water harvesting, resettlement of displaced persons, tribal land management, sports promotion. Generation of community welfare assets, community centres, cultural centres, sports clubs, sahayi centres, childrens park, TV parks, maintenance of schools, nutritional support to needy children, mothers and elderly people, community grain storage, assured drinking water and other activities meant for welfare of ST population different from convention development etc.

In addition to the above, the following activities can also be taken up.

- Providing support to organize and register tribal Arts & Sports clubs.
- Documentation of Tribal Arts and Support for continuance of Sch.Tribes artists.
- De-addiction centers in important tribal prominent districts like Wayanad, Palakkad and Idukki as part of Human Development initiatives.

The budget provision is disbursed to the Project Officers/Tribal Development Officers on the basis of population and project proposals are submitted with the approval of the District Level Working Group to the Directorate for placing before the State Level Working Group.

Specific projects pertaining to the above, subjects will be scrutinized by the State Level Working Group headed by the Principal Secretary, ST Development Department for implementation.

An amount of Rs. 663 lakh is provided for the scheme during 2014-15.

**ആർട്ടിക്കിൾ 275(1) പ്രകാരമുള്ള ഗ്രാന്റിൽ നടപ്പിലാക്കുന്ന പദ്ധതികൾ**
**(ഇതര കേന്ദ്ര സഹായം)**

വിഹിതം : 663 ലക്ഷം രൂപ

വിദ്യാഭ്യാസം, വരുമാനദായക പരിപാടികൾ, ആരോഗ്യം, കുടിവെള്ളം, ജലസേചനം, റോഡുകൾ, നടപാലങ്ങൾ, വനങ്ങളിലെ ഊരുകളിലെ വൈദ്യുതീകരണം, വാർത്താവിനിമയം, കൃഷി, മൃഗസംരക്ഷണം, ഗ്രാമീണ മാർക്കറ്റുകൾ, ഭക്ഷ്യ

സംസ്കരണം, ചെറുകിട വനവിഭവനങ്ങളുടെ സംസ്കരണം, സാങ്കേതിക തൊഴിൽ മേഖലകളിലുള്ള മാനവശേഷി വികസനം, ജല സംഭരണം, മാറ്റിപാർപ്പിക്കേണ്ടിവരുന്നവരുടെ പുനരധിവാസം, പട്ടികവർഗ്ഗക്കാരുടെ ഭൂപരിപാലനം, കായിക വികസനം, തുടങ്ങിയ മാനവ വികസന സൂചകങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന മേഖലകളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനുള്ള പരിപാടികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

സാമൂഹികാതിഷ്ഠിത ആസ്തികൾ, കമ്മ്യൂണിറ്റി സെന്ററുകൾ, സാംസ്കാരിക കേന്ദ്രങ്ങൾ, സ്പോർട്സ് ക്ലബ്ബുകൾ, സഹായി കേന്ദ്രങ്ങൾ , കുടിവെള്ള പാർക്ക്, ടി.വി. പാർക്ക്, സ്കൂളുകളുടെ നടത്തിപ്പ്, പോഷകാഹാര കുറവുള്ള കുട്ടികൾക്കും, അമ്മമാർക്കും മറ്റ് മുതിർന്നവർക്കും പോഷകാഹാരം നൽകൽ, സമൂഹധാന്യ സംഭരണി, കുടിവെള്ളം ഉറപ്പു വരുത്തുക. എന്നിവയ്ക്ക് പുറമെ താഴെപ്പറയുന്ന പ്രവൃത്തികളും ഈപദ്ധതിയിൽ ഉൾപ്പെടുത്താം.

- പട്ടികവർഗ്ഗ കാലകായിക ക്ലബ്ബുകളുടെ , നടത്തിപ്പിനും രജിസ്ട്രേഷനുമുള്ള സഹായം
- പട്ടികവർഗ്ഗ കലകളുടെ പ്രദർശനവും, പട്ടികവർഗ്ഗ കാലകാരൻമാർക്ക് പ്രസ്തുത മേഖലയിൽ തുടരാനുള്ള സഹായവും
- വയനാട്, പാലക്കാട്, ഇടുക്കി ജില്ലകളിൽ മനുഷ്യ വികസനത്തിന്റെ ഭാഗമായി ലഹരി വിമുക്ത കേന്ദ്രങ്ങൾ തുടങ്ങുക

ബഡ്ജറ്റ് വിഹിതം ജനസംഖ്യാനുപാതകമായി എല്ലാ പ്രോജക് ഓഫീസർമാർക്കും ട്രൈബൽ ഡവ. ഓഫീസർമാർക്കും വിഭജിച്ചു നൽകുന്നതിന്റെ അടിസ്ഥാനത്തിൽ പ്രോജക്റ്റ് ജില്ലാതല വർക്കിംഗ് ഗ്രുപ്പിന്റെ അംഗീകരാത്തോടെ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായി ഡയറക്ടറേറ്റിലേയ്ക്ക് അയയ്ക്കുന്നു.

മുകളിൽ പ്രസ്താവിച്ചിട്ടുള്ള ഇനങ്ങളിലെ പ്രത്യേക പ്രോജക്റ്റുകൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തലവനായുള്ള സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ സൂക്ഷമ പരിശോധനയ്ക്ക് വിധേയമായി അംഗീകാരം നൽകേണ്ടതാണ്.

ഇതിലേയ്ക്ക് 2014-15 വർഷം 663 ലക്ഷം രൂപ ഇതര കേന്ദ്ര സഹായമായി വകയിരുത്തിയിരിക്കുന്നു.

## 11.Promotion of Education among Scheduled Tribes(2225-02-277-35)
**(Outlay Rs. 600.00 lakh)**

The existing scheme Peripatetic Education to the Primitive Tribes is renamed as Promotion of education among STs. Also the schemes of Tutorial Scheme for Students and Gothra Sarathi are merged with this scheme.

### (i) Peripatetic Education to the Primitive Tribes

To impart education to the Particularly Vulnerable Tribal Groups and other similar Sch.Tribes, 37 peripatetic education centers were started during 2005-06 and the teachers selected for these centers have been given training through KIRTADS. This scheme is based on a single teacher programme, and the teacher is expected to visit the identified settlements and provide education. It is expected that the students will get interested in education without being uprooted from their isolated settlements. The students covered would be given hostel accommodation when they reach 2nd and 3rd standards to continue their education. Thirty four single teacher schools and 5 Balavinjana Kendras functioning under the Department had also been brought under peripatetic education scheme from 2006-07 onwards. A total of 700 students are targeted.

### (ii) Tutorial Scheme for Students

The scheme is intended to provide special coaching to students of High School and Plus I & II classes to increase pass percentage. The monthly tuition fee would be directly given to parents for providing tuition through nearby tutorials. The target of the scheme is to cover 5500 ST students of all the above categories. The activities included are;

- Tuition for school going ST students of High School and Plus I & II
- Tuition for SSLC, Plus II , Degree failed Scheduled Tribes students

- Implementation of Gurukulam Programme of the Attappady Co-operative Farming Society, Attappady and Girivikas taken up by Nehru Yuva Kendra, Palakkad.
- One month crash programme before the SSLC & plus two examination (district wise) under the supervision of Project Officer/ Tribal Development Officers. Food, accommodation, teaching aids, study materials, honorarium to teachers etc are met from the scheme. The expenditure does not exceed ` 3500 per student.
- Tuition to students in Pre Matric Hostels.

**(iii) Gothra Sarathi**

Right to Education Act ensures compulsory education up to the age of 14 years, and it has become the legitimate right of such age group to get education free of cost. As substantial percentage of the tribal hamlets are in the interior forest and inaccessible areas, majority of school children are not attending the schools due to threat of wild animals and lack of transportation facilities. The hostel facility arranged by the department is also inadequate. In view of these, it has become imperative to arrange transportation facilities to such students in association with the Education Department, Local Self Governments and the Parent Teachers Association. The provision can be utilized only for the benefit of students living in the interior forest and inaccessible areas.

An amount of Rs. 600 lakh is provided for the above three components of the scheme during 2014-15.

## പട്ടികവർഗ്ഗ വിഭാഗത്തന്റെ വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്തൽ

(വിഹിതം: 600.00 ലക്ഷംരൂപ)

നിലവിലുള്ള പദ്ധതിയായ പ്രാക്തനാ ഗോത്ര വർഗ്ഗക്കാർക്ക് പെരിപ്പതറ്റിക് വിദ്യാഭ്യാസം എന്നത് പട്ടികവർഗ്ഗ വിഭാഗത്തിന്റെ വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്തൽ എന്ന് പുനർ നാമകരണം ചെയ്തു. വിദ്യാർത്ഥികൾക്കായുള്ള ട്യൂട്ടോറിയൽ പദ്ധതിയും ഗോത്ര സാരഥിയും ഈ പദ്ധതിയിലേക്ക് ലയിപ്പിച്ചു.

1)പ്രാക്തനാ ഗോത്രവർഗ്ഗക്കാർക്ക് പെരിപ്പതറ്റിക് വിദ്യാഭ്യാസം

പ്രാക്തനാഗോത്ര വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗക്കാർക്ക് വിദ്യാഭ്യാസം നൽകുന്നതിന് വെണ്ടി 2005-06-ൽ 37 പെരിപ്പതറ്റിക് വിദ്യാഭ്യാസ സെന്ററുകൾ സ്ഥാപിക്കുകയും തെരഞ്ഞെടൂത്ത അദ്ധ്യാപകർക്ക് കിർത്താഡ്സ് വഴി പരിശീലനം നൽകുകയും ചെയ്തുവരുന്നു. പട്ടികവർഗ്ഗക്കാരെ വിദ്യ അഭ്യസിപ്പിക്കുന്നതിനായി തെരഞ്ഞെടുത്ത സങ്കേതങ്ങളിൽ അധ്യാപകർ സന്ദർശിച്ച് പഠിപ്പിക്കുന്ന ഒരു ഏകാദ്യാപക പരിപാടിയാണിത്. ഒറ്റപ്പെട്ട സങ്കേതങ്ങളിലെ കുട്ടികൾക്ക് സങ്കേതങ്ങളിൽ വച്ചു തന്നെ വിദ്യാഭ്യാസം നൽകി വിദ്യാഭ്യാസത്തിൽ താത്പര്യം ജനിപ്പിക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം. രണ്ടും മൂന്നും ക്ലാസ്സുകളിൽ എത്തുന്ന വിദ്യാർത്ഥകൾക്ക് തുടർന്ന് പഠിക്കുന്നതിന് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 34 ഏകാദ്ധ്യാപക സ്കൂളുകളും അഞ്ച് ബാലവിജ്ഞാന കേന്ദ്രങ്ങളും 2006-07 മുതൽ പെരിപ്പതറ്റിക് വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പരിപാടി 700 കുട്ടികളെ ലക്ഷ്യമിടുന്നു.

2)വിദ്യാർത്ഥികൾക്കായുള്ള ട്യൂട്ടോറിയൽ പദ്ധതി

വിജയശതമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഹൈസ്കൂളിലേയും പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഈ പരിപാടി വഴി അടുത്തുള്ള പാരലൽ കോളേജിൽ ചേർന്ന് ട്യൂഷൻ പഠിക്കുന്നതിലേക്കായി പ്രതിമാസം ട്യൂഷൻ ഫീസ് രക്ഷാകർത്താക്കൾക്ക് നേരിട്ട് നൽകുകയാണ് ചെയ്യുന്നത്. മുകളിൽ പറഞ്ഞ വിഭാഗത്തിലുള്ള 5500 പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ലക്ഷ്യമാക്കിയുള്ളതാണ് ഈ പദ്ധതി.. ഇതിലെ പ്രവർത്തനങ്ങൾ താഴെ പറയുന്നതാണ്.

- ഹൈസ്ക്കൂളുകളിലെയും പ്ലസ് വൺ, പ്ലസ് ടു ക്ലാസ്സുകളിലേയും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ട്യുഷൻ നൽകുക.
- എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി പരാജിതരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകി വീണ്ടും പരീക്ഷ എഴുതുന്നതിന് ധനസഹായവും.
- നെഹ്റു യുവകേന്ദ്ര ഏറ്റെടുത്തിരിക്കുന്ന, ഗിരിവികാസ് പദ്ധതി, അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയുടെ ഗുരുകുലം പരിപാടി ഇവ നടപ്പാക്കുക

- പട്ടികവർഗ്ഗ വികസന ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷയ്ക്കുമുമ്പായി ഒരു മാസത്തെ തീവ്രപരിശീലനം (ജില്ല തിരിച്ച്) സ്കൂൾ അടിസ്ഥാനത്തിൽ നടത്തുക. ആഹാരം, പാർപ്പിടം, പഠനസഹായികൾ, അദ്ധ്യാപകരുടെ ഓണറേറിയം തുടങ്ങിയവ ഈ പദ്ധതി പ്രകാരം നൽകുന്നു. ഒരു കുട്ടിക്ക് 3500 രൂപയിൽ കൂടുതൽ ചെലവാക്കാൻ പാടില്ല.
- പ്രീമെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുക.

3)ഗോത്ര സാരഥി

14 വയസ്സ് വരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം നിർബന്ധിത വിദ്യാഭ്യാസം കൊടുക്കാൻ വ്യവസ്ഥ ചെയ്യുന്നു. ഇതു വഴി അവർക്ക് നിയമാനുസൃതമായി ചെലവില്ലാതെ കിട്ടേണ്ട വിദ്യാഭ്യാസം ഉറപ്പാക്കുന്നു. പട്ടികവർഗ്ഗ സങ്കേതങ്ങൾ ഉൾവനത്തിലും എത്തിച്ചേരാൻ പറ്റാത്ത സ്ഥലം ആയതിനാലും വാഹന ഗതാഗതം ലഭ്യമല്ല. അതുപോലെ വന്യമൃഗങ്ങളുടെ ഭീഷണി കൊണ്ടും സ്ക്കൂളിൽ എത്തിച്ചേരാൻ കഴിയുന്നില്ല. വകുപ്പ് നൽകുന്ന ഹോസ്റ്റൽ സൗകര്യം അപര്യാപ്തമാണ്. ഈ കാര്യങ്ങൾ കണ്ടുകൊണ്ട് അദ്ധ്യാപകരക്ഷകർത്തൃ സംഘടനകൾ വഴിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ വിദ്യാർത്ഥികൾക്ക് ഗതാഗത സൗകര്യം ചെയ്തു കൊടുക്കേണ്ടതുണ്ട്. ഉൾവനങ്ങളിലും എത്തിച്ചേരാൻ കഴിയാത്ത സ്ഥലങ്ങളിലും താമസിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി മാത്രമെ ഈ സൗകര്യം ഉപയോഗിക്കാവൂ.

2014-15-ൽ 600 ലക്ഷം രൂപ മുകളിൽ സൂചിപ്പിച്ച മൂന്നു ഘടകങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

## *12.* Assistance for the welfare of Scheduled Tribes

**(Total Outlay Rs. 473.00 lakh)**

The existing scheme Assistance to Marriage of ST girls is renamed as Assistance for the welfare of STs. Also the schemes of Assistance for Sickle-cell Anemia Patients, Financial assistance to traditional tribal healers and Janani-Janma Raksha are merged to the scheme Assistance for the welfare of STs.

### (i) Assistance to Marriage of ST girls (2225-02-102-94)

**[Rs. 228 lakhs)**

This component of the scheme is intended to reduce the burden of marriage expenses of daughters of parents belong to Sheduled Tribes population. The Department provides assistance to parents as marriage grant. The rate of assistance is Rs. 50000 per family/adult girl. Priority will be given

to the daughters of widows, unwed mothers and incapacitated parents. The assistance under the item to the Scheduled Tribes girls who do not have parents to look after (orphan) will be **Rs.** 1 lakh. This additional provision may be provided subject to Government order. The beneficiary should produce relevant certificates. The targeted beneficiary of this component is approximately 300 families/adult girls during 2014-15.

**(ii) Assistance for Sickle-cell Anemia Patients (2225-02-282-92) [Rs. 120 lakhs)**

Sickle Cell Anemia is an inherited lifelong disease prevailing among the Sch.Tribes of Waynad, Palakkad, Kozhikode and Malappurarm districts. Continuous body pains, mental stress, inability to do hard work, malnutrition are the common problems faced by these patients. State Government has declared a monthly financial assistance of Rs 1000 to all Sch,Tribes Sickle Cell Anemia patients in the State. It is estimated that there are about 1000 such patients in the State.

**(iii) Janani-Janma Raksha (2225-02-282-89) (Rs. 100 lakh)**

One of the major concerns in the development of health aspect of STs is that pertains to the nutritional issues of mother and child. Inadequate pre and post maternal care ranks top among them and is attributed mainly to the lack of timely financial assistance. The scheme is envisaged for extending timely assistance @ Rs 1000 per month for 18 months beginning from third month of the pregnancy to the month in which the child attains one year. Payment will be made through bank account/post office account.

**(iv) Financial Assistance to Traditional Tribal Healers (2225-02-277-36) (Rs. 25 lakh)**

The component is provided for giving annual grant to traditional healers @ Rs.10000/-. The beneficiaries may be selected with the

assistance of KIRTADS. The amount will be transferred to the Adhar linked bank account of the beneficiary through DBT system. It is proposed to assist 250 traditional tribal healers during 2014-15.

An amount of **Rs.** 473 lakh is provided for the scheme during 2014-15.

**പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തുനായുള്ള സഹായം**

(വിഹിതം: 473.00 ലക്ഷം രൂപ)

നിലവിലുള്ള പദ്ധതിയായ പട്ടികവർഗ്ഗ യുവതികളുടെ വിവാഹ ധന സഹായം എന്നത് പുനർനാമകരണം ചെയ്ത് പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള സഹായം എന്നാക്കിയിട്ടുണ്ട്. ഇതുകൂടാതെ സിക്കിൾ സെൽ അനിമിയ രോഗി കൾക്കുള്ള സഹായം, പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്കുള്ള സാമ്പത്തിക സഹായം, ജനനി ജന്മരക്ഷ എന്നിവയും പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായുള്ള സഹായം എന്ന പദ്ധതിയിലേയ്ക്ക് ലയിപ്പിച്ചു.

1) <u>പട്ടികവർഗ്ഗ യുവതികളുടെ വിവാഹ ധനസഹായം</u>

പട്ടികവർഗ്ഗക്കാരായ മതാപിതാക്കൾക്ക് അവരുടെ പെൺമക്കളുടെ വിവാഹ സമയത്തുണ്ടാകുന്ന ചെലവുകളുടെ ഭാരം കുറയ്ക്കാൻ വേണ്ടിയുള്ള ഒരു പദ്ധതിയാണിത്. വകുപ്പ് സഹായധനം വിവാഹ ഗ്രാന്റായിട്ട് മാതാപിതാക്കൾക്ക് നൽകുന്നു. ഈ ഗ്രാന്റ് 50,000 രൂപ വീതം ഒരു കുടുംബത്തിന്/പ്രായപൂർത്തിയായ പെൺകുട്ടിക്ക് ധനസഹായം നൽകുന്നു. വിധവകളുടെയും അവിവാഹിതരായ അമ്മമാരുടെയും, സാമ്പത്തിക ശേഷി വളരെ കുറഞ്ഞ മാതാപിതാക്കളുടേയും പെൺമക്കൾക്ക് മുൻഗണന നൽകുന്നതാണ്. അനാഥരായ പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് ഈ പദ്ധതി വഴി 1 ലക്ഷം രൂപ വരെ നൽകുന്നു. അധിക സഹായം സർക്കാർ ഉത്തരവ് വഴി നൽകുന്നു. ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ ഗുണ ഭോക്താക്കൾ ഹാജരാക്കേണ്ടതാണ്. ഈ പദ്ധതി 2014-15-ൽ ഏകദേശം 300 കുടുംബൾക്ക് / വിവാഹ പ്രായമെത്തിയ പെൺകുട്ടികളെ ലക്ഷ്യമിടുന്നു.

2) <u>സിക്കിൾ-സെൽ അനീമിയ രോഗികൾക്കുള്ള സഹായം</u>

വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടു വരുന്ന ആജീവനാന്ത പാരമ്പര്യ രോഗമാണ് സിക്കിൾ സെൽ അനീമിയ. തുടർച്ചയായ ശരീരവേദന, മാനസിക സമ്മർദം, കഠിനമായ ജോലിചെയ്യാനുള്ള ബുദ്ധിമുട്ട്, പോഷാകാഹാരകുറവ് തുട ങ്ങിയ പ്രശ്നങ്ങൾ ഈ രോഗികൾ അനുഭവിക്കുന്നു. സംസ്ഥാനത്തുള്ള സിക്കിൾ സെൽ അനീമിയ രോഗികൾക്കായി സംസ്ഥാന സർക്കാർ ഓരോ മാസവും 1000 രൂപ സഹായ ധനം പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്തിൽ ഇത്തരത്തിൽ 1000 രോഗികൾ ഉള്ളതായി കണക്കാക്കപ്പെടുന്നു.

3) ജനനി ജന്മരക്ഷ

പട്ടികവർഗ്ഗക്കാരുടെ ആരോഗ്യത്തെ സംബന്ധിച്ച പ്രധാനപ്പെട്ട ഉൽക്കണ്ഠ അമ്മയുടേയും കുട്ടിയുടെയും പോഷകാരഹാരത്തെക്കുറിച്ചുള്ളതാണ്. ആവശ്യസമത്ത് സാമ്പത്തിക സഹായം ഇല്ലാത്തതുകാരണം പ്രവസത്തിന് മുമ്പും പിമ്പും അവർക്ക് വേണ്ടത്ര പരിചരണം കിട്ടുന്നില്ല. ഗർഭിണിയായതിനു ശേഷമുള്ള മൂന്നുമാസം മുതൽ പതിനെട്ട് മാസ കാലയളവിൽ കുഞ്ഞിന് ഒരു വയസ് തികയുന്നതുവരെ 1000 രൂപ വീതം ഓരോ മാസവും സഹായധനം നൽകുന്നു. ഇത് ബാങ്ക് അക്കൗണ്ട് വഴിയോ/പോസ്റ്റ് ഓഫീസ് അക്കൗണ്ട് വഴിയോയാണ് നൽകുന്നത്.

4) പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്കുള്ള സാമ്പത്തിക സഹായം

പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്ക് 10,000 രൂപ വാർഷിക ഗ്രാന്റായി ഈ ഘടകം വഴി നൽകുന്നു. കിർത്താഡ്സിന്റെ സഹായത്തോടുകൂടി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. തുക ഗുണഭോക്താവിന്റെ ആധാർ കാർഡ് അക്കൗണ്ട് വഴി ഡി.ബി.റ്റി രീതിയിൽ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറ്റം ചെയ്യുന്നു. 2014-15 -ൽ 250 പരമ്പരാഗത ട്രൈബൽ പട്ടികവർഗ്ഗ വൈദ്യൻമാരെ ഈ പദ്ധതി വഴി സഹായിക്കുന്നു.

2014-15-ൽ ഈ പദ്ധതിക്കായി 473.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**13.Improving facilities and Renovation of Pre-matric & Post – matric Hostels (Other Central Assistance) [2225-02-277-52)**
**(Outlay Rs. 464.00 lakh)**

The objective of the scheme is to improve the facilities of pre - matric and post - matric hostels functioning under the Department to create a good environment for better education and to provide boarding and lodging facilities to inmates of these hostels. It includes the cost for minor repairs and maintenance of tribal hostels. Cost for repair/ maintenance work of rain water harvesting system, sanitary napkin incinerator, installation/ repair of roof truss work, purchase of vessels, furniture, computers, repair and maintenance of hostel, providing electricity/ water supply etc. are included in the scheme.

Also, all expenses relating to cost of running of post - matric and pre-matric hostels repair and maintenance, additional construction, additional amount for fuel, cooking gas and provisions, waste management, energy

projects, project for modernization, projects for implementation of e-governance initiatives in the hostels, purchase of equipments/ furniture/ computers/ necessary items, cost for meeting study tour of students, development of health including provision for counseling and special programmes/ projects aimed at the overall development of children. Cost for providing extra coaching, programmes for soft skill development and for extra/ remedial coaching, cost for conduct of seminar and workshop, extra coaching, skill development for the inmates of the hostel are included under the scheme.

An amount of Rs 464 lakh is provided for the scheme during 2014-15.

### .പ്രീമെട്രിക് ഹോസ്റ്റലുകളുടേയും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടേയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (ഇതര കേന്ദ്രസഹായം)

(വിഹിതം: 464.00 ലക്ഷം രൂപ)

പട്ടികവർഗ്ഗ വികസന വകുപ്പിന്റ കീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക്-പോസ്റ്റ്-മെടിക് ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നേടുന്നതിനുള്ള അനുകുല സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിലേക്ക് പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ നവീകരിച്ച് മെച്ചപ്പെടുത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം, പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ ചെറിയ കേടുപാടുകൾ തീർക്കുന്നതിനുള്ള ചെലവും ഹോസ്റ്റലുകളുടെ പുനരുദ്ധാരണവും ഇതിൽ ഉൾപ്പെടുന്നു. വിവിധ പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ മഴവെള്ള സംഭരണികളുടെ പുനരുദ്ധാരണം, വനിതാ ഹോസ്റ്റലുകളിൽ സാനിട്ടറി നാപ്കിൻ ഇൻസിനറേറ്ററുകൾ സ്ഥാപിക്കൽ, മേൽക്കൂരകളുടെ പുനരുദ്ധാരണം, പാത്രങ്ങൾ, ഫർണിച്ചറുകൾ, എന്നിവ വാങ്ങിക്കുക, കമ്പ്യൂട്ടറുകൾ, ഹോസ്റ്റലുകളുടെ അറ്റകുറ്റ പണികൾ/ പുനരുദ്ധാരണം നടത്തുക, വൈദ്യുതി, കുടിവെള്ളം തുടങ്ങിയവ നൽകാനും ഈ പദ്ധതിയിൽ ലക്ഷ്യമിടുന്നു.

ഇതുകാടാതെ പ്രീ-മെട്രിക്-പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നടത്തുന്നതിന് ആവശ്യമായ ചെലവുകൾ, കേടുപാടുകൾ തീർക്കൽ, പുനരുദ്ധാരണവും അധിക നിർമ്മാണം, ഇന്ധനം, പാചകവാതകം, മാലിന്യ സംസ്കരണം, ഊർജ്ജ പ്രോജക്ടുകൾ, നവീകരണത്തിനുള്ള പ്രോജക്ട്, ഹോസ്റ്റലുകൾക്കായുള്ള ഇ-ഗവേണൻസ് സംരംഭങ്ങൾ നടപ്പാക്കാനുള്ള പ്രോജക്ടുകൾ, ഫർണിച്ചറുകൾ/ കമ്പ്യൂട്ടറുകൾ അതുപോലെയുള്ള സാമഗ്രികൾ വാങ്ങൽ, വിദ്യാർത്ഥികളുടെ പഠന യാത്രക്കായുള്ള ചെലവുകൾ കൗൺസിലിംഗ് എന്നിവ പ്രത്യേക പരിപാടികളടങ്ങിയ ആരോഗ്യ വികസനം, കുട്ടികളുടെ സമഗ്രവികസനത്തിനായുള്ള ചെലവുകൾ, സോഫ്റ്റ് സ്കില്ലുകൾ വികസിപ്പിക്കാനുള്ള അധിക കോച്ചിംഗുകൾ, സെമിനാറുകളും വർക്ക്ഷോപ്പുകളും നടത്താനായുള്ള ചെലവുകൾ, അധിക കോച്ചിംഗ്,

ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കായി നൈപുണ്യ വികസന ക്ലസ്സുകൾ എന്നിവ ഈ പദ്ധതിയിൽപ്പെടുന്നു.

2014-15-ൽ 464 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

### 14.Food Support Programme (2225-02-102-92)

**(Outlay Rs 400.00 lakh)**

The scheme is intended for providing labour in needy tribal areas of all the Districts in the State and eradicate poverty by giving them wages in terms of cash and food grains. During programme implementation, emphasis will be given to land based activities especially in agriculture and allied sectors for increasing food production. This programme is also envisaged to be linked to the Re-settlement and Development Activities of the Tribal Mission. Generally, landless and poor scheduled tribe families identified are the beneficiaries of the programme and emphasis will be given to asset creation. The present wage at the rate of Rs 100 per labour contains food grain component worth Rs. 60 and cash component of Rs. 40/-

In addition to the above, the scheme is also intended for providing fund for the expenses incurred in transportation and distribution of food kits for 1,26,597 tribal families during Onam/ special occasions. Further, the actual expenditure of transportation charges of statutory ration to the two ration shops in Idamalakkudy tribal settlement in Idukki District through Devikulam Girijan Co-operative Society and for meeting similar situations in other remote tribal areas in the State is also included under the scheme.

The scheme is also intended for developing and implementing project for providing breakfast, lunch and dinner to all Paniyas/ Adiyas/ PVTG/Tribes Living in Forest colonies for ensuring the intake of nutritious regular food. The provision can be used for Nutritional support to needy children, mothers, bedridden and elderly people etc.

During 2014-15, an amount of Rs.400 lakh is provided for implementation of the programme with a target around 50,000 ST families (for the first component viz. labour and food supply) and approximately 1,27,000 families (for the second component viz. distribution of food/ provision kits), about 750 families (for the third component viz. providing ration to Idamalakkudy) and around 25,000 families (for the fourth component viz. providing breakfast, lunch and dinner).

**ഭക്ഷണ സഹായ പദ്ധതി**

(വിഹിതം: 400.00 ലക്ഷം രൂപ)

ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമാക്കി സംസ്ഥാനത്തുള്ള എല്ലാ ജില്ലകളിലേയും ആവശ്യമുള്ള പട്ടികവർഗ്ഗ മേഖലയിൽ തൊഴിൽ ലഭ്യമാക്കുകയും അതുവഴി അവർക്ക് വേതനം പണമായും ഭക്ഷ്യധാന്യങ്ങളായും നൽകുന്നു. ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കൃഷിക്കും അനുബന്ധ മേഖലകൾക്കും ഈ പദ്ധതിയിൽ പ്രാധാന്യം നൽകുന്നതാണ്. പട്ടികവർഗ്ഗമിഷന്റെ പുനരധിവാസ വികസന പരിപാടിയുമായി ഭക്ഷണസഹായ പദ്ധതിയെ ബന്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. മിഷൻ മുഖേന തെരഞ്ഞെടുത്ത ഭൂരഹിതരും ഭവന രഹിതരുമായ പട്ടികവർഗ്ഗ കുടുംബങ്ങളെ ഗുണഭോക്താക്കളായി പരിഗണിച്ച് ആസ്തി നിർമ്മാണത്തിനു ഊന്നൽ നലകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. നിലവിലുള്ള 100 രൂപ കൂലി നിരക്കിൽ 60 രൂപ വിലയുള്ള ഭക്ഷ്യധാന്യങ്ങളും ബാക്കി 40 രൂപ പണമായും നൽകുന്നു.

ഇതുകൂടാതെ ഓണത്തിനും അതുപോലെയുള്ള പ്രത്യേക അവസരങ്ങളിലും 1,26,597 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആഹാരപായ്ക്കറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള വിതരണ ചെലവും ഗതാഗതചെലവും ഈ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നു. ദേവികുളം ഗിരിജൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി വഴി ഇടുക്കിയിലുള്ള ഇടമലക്കുടി പട്ടികവർഗ്ഗ അധിവാസ കേന്ദ്രത്തിലുള്ള രണ്ടുറേഷൻ കടകളിലെയ്ക്കും ഉതുപോലുള്ള മറ്റു സ്ഥലങ്ങളിലേക്കും റേഷൻ കൊണ്ടുപോകുന്നതിനുള്ള ഗതാഗത ചെലവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പണിയൻ,അടിയൻ, പ്രാക്തനാഗോത്രവർഗ്ഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം, രാത്രി ഭക്ഷണം നൽകുക വഴി സ്ഥിരം പോഷകാഹാരം ഉറപ്പ് വരുത്താനും ഈ പദ്ധതി ലക്ഷ്യമിടുന്നു. പോഷകാഹാരക്കുറവുള്ള കുട്ടികൾ, അമ്മമാർ, രോഗശയ്യർ, വൃദ്ധജനങ്ങൾ എന്നിവർക്കും വിഹിതം വിനിയോഗിക്കാവുന്നതാണ്.

2014-15-ൽ 400 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്ന ഈ പദ്ധതിയിൽ 50,000 പട്ടികവർഗ്ഗ കുടുംബങ്ങളേയാണ് ലക്ഷ്യമിടുന്നത്. (ആദ്യത്തെ ഘടകങ്ങളായ ആഹാര വിതരണത്തിനും തൊഴിലിനും) 1,27,000 കുടുംബങ്ങൾ (രണ്ടാമത്തെ ഘടക

ങ്ങളായ ആഹാരവിതരണത്തിനും/കിറ്റുകൾ കൊടുക്കുന്നതിനും) 750 കുടുംബങ്ങൾ (മൂന്നാമത്തെ ഘടകമായ ഇടമലക്കുടിയിൽ റേഷൻ കൊടുക്കുന്നതിനുവേണ്ടി ഏകദേശം 25,000 കുടുംബങ്ങൾക്ക് നാലാമത്തെ ഘടകമായ പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം, രാത്രി ഭക്ഷണം മുതലായവ നൽകുന്നതിനാണ്.

### 15. Assistance for Self employment and Skill Development training to ST youths

**(2225-02-277-42) (Outlay Rs 400.00 lakh)**

The existing scheme Training of Autorickshaw driving for young Women and providing Autorickshaw is renamed as Assistance for Self employment and skill Development training to ST youths from 2014-15 onwards.

As per the Tribal Survey 2008, in Kerala 107965 tribal families are residing in 4762 settlements comprising a total population of 426208. Among them 1815 families have no means of subsistence and the unemployed persons in the age group of 15-59 is 84207, which is 30.27% in that age group. For reducing the intensity of unemployment among the Scheduled Tribes youth in the State, the Department is proposed to assist 500 families for earning a livelihood by giving assistance for self employment to the tune of Rs 5.00 crore. The maximum assistance under this scheme is Rs. 1.5 lakh. 50% of the beneficiaries should be women and preference will be given to orphans, widows, unwed mothers and women headed families. The scheme includes the following.

- Training of Autorickshaw driving for youths and providing Autorickshaw.
- Starting of Petty Shops, Photocopier shops, Provision store, Stationery store, Bakery, DTP Centre, Tailoring units etc.
- Starting of Poultry farm, Goat rearing units, Dairy units, Male calf fattening, Beekeeping, rabbit units, etc.
- Creation of Labour Bank for various activities of construction sector such as Carpenter, Mason, Electrician, Plumber etc and for providing training to ST youth for proper accreditation.

- Training for ST Youths in Para-medical and Nursing courses and other professional courses under IT and related areas in renowned training centres.
- Training in IT related subjects like DCA, PGDCA, Data Entry, DTP operations, MS Office, Tally & Computorised Financial Accounting.
- Training for ST Youths in training institutes like Food crafts technology and tourism technology in KITTS Thiruvananthapuram, Technical Training in NTTF, Training in Hospitality Management in Hotel Manangement and Catering Technology Institute, Kovalam, Apparel training courses in KINFRA, and other reputed institutions etc.
- Coaching for PSC, UPSC, SSC, RRB, Bank examinations.
- Providing skilled teaching including tribal languages.
- Promotion of literacy programmes and non-formal education among STs.
- Entrance oriented coaching to ST students who seek admission for professional courses.
- Pre-engineering training to students.
- Provision of Additional Apprenticeship to ITI/ITC passed ST candidates.
- Career Development & orientation classes to Plus Two and Graduate youths.
- Finishing school for skill Development for Under Graduates-Graduates and Post- Graduate ST students.
- Projects for skill development/ entrepreneurship development/ improvement of personality/ special coaching/ assistance for job opportunities in India and abroad is proposed under the scheme.

An amount of Rs. 400 lakh is provided under the scheme for assisting 500 beneficiaries during 2014-15.

**പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം**

(വിഹിതം: 400.00 ലക്ഷം രൂപ)

നിലവിലുള്ള പദ്ധതിയായ യുവതികൾക്ക് ഓട്ടോറിക്ഷ ഓടിക്കാനുള്ള പരിശീലനം നൽകുകയും ഓട്ടോറിക്ഷ നൽകുകയും എന്നത് 2014-15 മുതൽ പട്ടികവർഗ്ഗ യുവജനങ്ങൾക്ക് സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം എന്ന് പുനർനാമകരണം ചെയ്തു.

2008-ലെ ട്രൈബൽ സർവ്വേ അനുസരിച്ച് കേരളത്തിലുള്ള 107965 പട്ടികവർഗ്ഗ കുടുംബങ്ങള 4762 സങ്കേതങ്ങളിലായി കഴിയുന്നു. കേരളത്തിലെ മൊത്തം

ജനസംഖ്യ 426208 ആണ്. അവരിൽ 1815 കുടുംബങ്ങൾ ഉപജീവനമാർഗ്ഗ് ഇല്ലാത്തവരാണ്. 15 മുതൽ 59 വയസ്സിനിടയിൽ പ്രായമുള്ള തൊഴിൽരഹിതരുടെ എണ്ണം 84207 ആണ്. അതായത് 30.27 ശതമാനം. പട്ടികവർഗ്ഗ വികസന വകുപ്പ് 500 കുടുംബങ്ങൾക്ക് ഉപജീവനമാർഗ്ഗത്തിനു വേണ്ടി സ്വയം തൊഴിൽ സംവിധാനം വഴി 5 കോടി രുപയുടെ സഹായം നൽകാൻ ലക്ഷ്യമിട്ടിരിക്കുന്നത്. ഒരാൾക്ക് ഇതുവഴി യുള്ള പരമാവധി ധനസഹായം 1.5 ലക്ഷം രുപയാണ്. 50 ശതമാനത്തോളം ഗുണഭോക്താക്കൾ സ്ത്രീകളായിരിക്കണം. അനാഥർ, വിധവകൾ, അവിവാഹിത രായ അമ്മമാർ, സ്ത്രീകൾ ഗൃഹനാഥകളായുള്ള കുടുംബം എന്നിവർക്ക് മുൻഗണന നലകുന്നതാണ്. ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെ പറയുന്നവ യാണ്.

- യുവാക്കൾക്ക് ഓട്ടോറിക്ഷ ഡ്രൈവിംഗ് പരിശീലനവും ഓട്ടോറിക്ഷ നൽകലും.
- പെട്ടികടകൾ തുടങ്ങൽ, ഫോട്ടോസ്റ്റാറ്റ് കടകൾ, പ്രൊവിഷൻ സ്റ്റോറുകൾ, സ്റ്റേഷനറി കടകൾ, ബേക്കറി, ഡി.ടി.പി. സെന്ററുകൾ ,തയ്യൽ സ്ഥാപനങ്ങൾ തുടങ്ങിയവ.
- കോഴി വളർത്തൽ കേന്ദ്രം, ആടുവളർത്തൽ കേന്ദ്രം, ക്ഷീര യൂണിറ്റുകൾ, കന്നുകുട്ടി പരിപാലനം, തേനീച്ച വളർത്തൽ, മുയൽ വളർത്തൽ തുടങ്ങിയ വ.
- നിർമ്മാണമേഖലയുമായി ബന്ധപ്പെട്ട ആസാരിപ്പണി (തച്ചൻ),മേഷൻമാർ, ഇലക്ട്രീഷൻ, പ്ലംബർ തുടങ്ങിയ ജോലിയിലേർപ്പെടുന്ന പട്ടികവർഗ്ഗ യുവാക്കൾക്ക് അംഗീകാരപത്രം ലഭ്യമാക്കാൻ ലേബർ ബാങ്കുകൾ രുപീകരിക്കുക മുതലായവ
- പ്രശസ്തമായ പരിശീലന കേന്ദ്രങ്ങളിൽ പാരാമെഡിക്കൽ, നഴ്സിംഗ് കോഴ്സുകളിലേയ്ക്കും, ഐ.ടിയുമായി ബന്ധപ്പെട്ട പ്രൊഷണൽ കോഴ്സുകളിലേയ്ക്കും പട്ടികവർഗ്ഗ യുവാക്കൾക്ക് പരിശീലനം നൽകുക.
- ഐ.ടി യുമായി ബന്ധപ്പെട്ട വിഷയങ്ങളായ ഡി.സി.എ, പി.ജി.ഡി.സി.എ, ഡാറ്റാ എൻട്രി, ഡി.ടി.പി, എം.എസ് ഓഫീസ്, ടാലിയും, കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് എന്നിവയ്ക്ക് പരിശീലനം നൽകുക.
- പട്ടികവർഗ്ഗ യുവാക്കൾക്ക് പരിശീലന കേന്ദ്രങ്ങളായ തിരുവനന്തപുരത്തെ (കിറ്റ്സ്) ഭക്ഷ്യ സാങ്കേതിക വിദ്യായിലും , ടൂറിസം സാങ്കേതിക വിദ്യയിലും പരിശീലനം നൽകുക. എൻ.ടി.ടി. എഫിൽ സാങ്കേതിക പരിശീലനം നൽകുക. കോവളത്തെ ഹോട്ടൽ മാനേജ്മെന്റിലുള്ള ഹോസ്പിറ്റാലിറ്റി മാനേജ്മെന്റിലും കാറ്ററിംഗ് ടെക്ക്നോളജിയിലുള്ള പരിശീലനം, കിൻഫ്ര യിലെ തുന്നൽ പരിശീലനം, മറ്റു പ്രശസ്തമായ സ്ഥാപനങ്ങളിൽ പരിശീലനം നടത്തുക തുടങ്ങിയവ ഉൾപ്പെടുന്നു.
- പി.എസ്.സി,യു.പി.എസ്.സി., എസ്.എസ്.സി/ആർ.ആർ.ബി ബാങ്ക് പരീക്ഷകളിലേയ്ക്കുള്ള പരിശീലനം.
- ഗോത്രവർഗ്ഗ ഭാഷ ഉൾപ്പെടെ നൈപുണ്യ പരിശീലനം നൽകുക.
- പട്ടികവർഗ്ഗക്കാർക്കുള്ള സാക്ഷരത പരിപാടികളും അനൗദ്യോഗിക വിദ്യാഭ്യാസവും പ്രോൽസാഹിപ്പിക്കുക.

- പ്രൊഫഷണൽ കോഴ്സുകളിലേക്ക് പ്രവേശനമാഗ്രിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എൻട്രൻസ് അധിഷ്ഠിത പരിശീലനം നൽകുക.
- വിദ്യാർത്ഥികൾക്ക് എൻജിനിയറിംഗ് കോഴ്സിനുമുമ്പ് പരിശീലനം നൽകുക.
- ഐ.ടി.ഐ, ഐ, ടി.സി. പാസ്സായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അധിക അപ്രന്റീസ്ഷിപ്പിനുള്ള സൗകര്യങ്ങൾ നൽകുക.
- പ്ലസ്.ടു., ബിരുദധാരികൾ തുടങ്ങിയവർക്ക് കരിയർ വികസനം ഓറിയന്റേഷൻ ക്ളാസുകളും നൽകുക.
- ബിരുദധാരികൾ, ബിരുദാനന്തബിരുദധാരികൾ, ബിരുദധാരികളല്ലാത്തവർ തുടങ്ങിയവർക്ക് നൈപുണ്യ വികസനത്തിനായുള്ള ഫിനിഷിംഗ് സ്കൂൾ.
- നൈപുണ്യ വികസനത്തിനായുള്ള പ്രോജക്ടുകൾ/സംരംഭകത്വ വികസനം/ വ്യക്തിത്വവികസനം/പ്രത്യേക കോച്ചിംഗും, ഇന്ത്യയിലും വിദേശത്തും ജോലിക്കുള്ള അവസരങ്ങൾക്ക് സഹായം നൽകുക തുടങ്ങിവ ഈ പദ്ധതിക്ക് കീഴിൽ വരുന്നു.

  2014-15-ൽ 400 ലക്ഷം രൂപ 500 ഗുണഭോക്താക്കളെ ലക്ഷ്യമിട്ട് ഈ പരിപാടിക്കായി വകയിരുത്തിയിരിക്കുന്നു.

## 16. Enhancement of Facilities in Tribal Areas (Other Central Assistance) (2225-02-800-35)

**(Outlay Rs. 250.00 lakh)**

As part of the Anti-poverty sub plan, the State Government intends to bring the ST families into the mainstream by ensuring a minimum standard of living. So, a special focus is to be given to provide acceptable standards of infrastructure and other facilities in schools and hospitals in the most backward tribal areas. This is to ensure that the tribal people get an assured level of services from the hospitals and quality education from the schools.

This scheme aims at providing quality infrastructure to schools and hospitals in tribal areas. Projects aimed at providing/ improving infrastructure at schools and hospitals for ST population are envisaged under this scheme.

Also, infrastructure projects for extra-curricular activities/ skill development/ entrepreneurship development/ assistance for enhancing job opportunities in schools and projects for improving service delivery/ facility in

hospitals is proposed under the scheme. It also proposes to upgrade the facilities of schools where at least 20 per cent of the students belong to ST communities.

An amount of Rs. 250 lakh is provided under Other Central Assistance in the Annual Plan 2014-15.

**പട്ടികവർഗ്ഗ പ്രദേശങ്ങളിലെ സൗകര്യങ്ങളുടെ വികസനം (ഇതര കേന്ദ്ര സഹായം)**

വിഹിതം :250 ലക്ഷം രൂപ

ദാരിദ്ര്യം നിർമ്മാജ്ജനത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഒരു നിശ്ചിത നിലവാരത്തിലുള്ള ജീവിതരീതി ഉറപ്പാക്കാൻ സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നു. വളരെ പിന്നോക്ക മേഖലകളിലുള്ള പട്ടികവർഗ്ഗക്കാർക്ക് അംഗീകൃത രീതിയിലുള്ള അടിസ്ഥാന സൗകര്യങ്ങളും മറ്റ് സൗകര്യങ്ങളും സ്കൂളുകളിലും ആശുപത്രികളിലും നൽകാൻ ഒരു പ്രത്യേക ശ്രദ്ധകൊടുക്കുന്നു. പട്ടികവർഗ്ഗക്കാർക്ക് ഒരു നിശ്ചിത നിലവാരത്തിലുള്ള സേവനം ആശുപത്രികളിൽ നിന്നും ലഭ്യമാക്കുകയും ഗുണനിലവാരമുള്ള വിദ്യാഭ്യാസം സ്കൂളിൽ നിന്നും ഉറപ്പുവരുത്തുകയുമാണ് ഈ പരിപാടിയുടെ ലക്ഷ്യം .

പട്ടികവർഗ്ഗമേഖലകളിലുള്ള ആശുപത്രികൾക്കും സ്കൂളുകൾക്കും നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക/ മെച്ചപ്പെടുത്തുക തുടങ്ങിയവയാണ് പ്രധാന പരിപാടികൾ. സോഫ്റ്റ് സ്കിൽ വികസനത്തിനായുള്ള പ്രോജക്റ്റുകൾ/ പാഠ്യേതര പ്രവർത്തനങ്ങൾ/ നൈപുണ്യ വികസന പ്രോജക്റ്റുകൾ/ സംരംഭകത്വ വികസനം/ വ്യക്തിത്വ വികസനം/ പ്രത്യേക കോച്ചിംഗ്/ സ്കുളുകളിൽ തൊഴിൽവസരങ്ങൾ ഉയർത്തുന്നതിനായുള്ള സഹായവും, സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആശുപത്രിയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. തുടങ്ങിയ പ്രോജക്റ്റുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുറഞ്ഞത് 20% വിദ്യാർത്ഥികൾക്കുള്ള സ്കുളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

2014-15 ഇതര കേന്ദ്ര സഹായമായി 250 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 17.Special Programme for Adiyas, Paniyas, PVTGs and Tribes Living in Forest.

**(2225-02-102-86) (Outlay Rs. 250.00 lakh)**

The existing scheme, Development of Tribes Living in Forest is merged to Special Programme for Adiyas, Paniyas and PVTGs and renamed as Special Programme for Adiyas, Paniyas, PVTGs and Tribes Living in Forest from 2014-15 onwards.

### (i) Adiyas, Paniyas and the Primitive Tribal Groups

Adiyas, Paniyas and the Primitive Tribal Groups are economically and socially more backward comparatively with the other scheduled tribe communities residing in Kerala. Therefore, need based and location specific package programmes for the development of these groups are envisaged under this scheme. Special emphasis will be given for projects on health, food support and economic development for these special groups. The amount required for completion of spill over houses can be considered and new houses will not be permitted under the scheme.

### (ii) Tribes Living in Forest

According to the estimates given by the Scheduled Tribes Development Department the ST population living within the forest area in Kerala is about 73500 spread over 504 settlements and 14912 families. In addition, there are 23455 families (948 hamlets) living in the immediate vicinity of forest. Providing gainful employment to ST population living in/ near the forest areas is a must for improving their living standards. Providing/ ensuring alternative source of income, protection from wild animals, providing/ ensuring health care facilities, providing for education and awareness, development of infrastructure, connectivity and communication facilities, rehabilitation of

tribal people and for the prevention of degradation of local habitat for the ST people living in/ near the forest areas etc. are included in this scheme. Suitable proposals/ projects will be invited from various departments especially from forest department for implementation in the tribal settlements in the forest. In the absence of suitable proposals from other departments, the Scheduled Tribes Department will implement the scheme with suitable projects.

**(iii) Destitute Homes**

The cost for the running of three Destitute Homes functioning under the Scheduled Tribes Department at Attappady, Mananthavady (Kuzhinilam) and Sugandhagiri (Wayanad) will be met from this scheme. Also the provision can be used for starting new Destitute Homes for Adiyas, Paniyas, PVTGs and Scheduled Tribes Living in Forest.

An amount of Rs. 250.00 lakh is provided for the above three components of the scheme during 2014-15 with a target of 7000 beneficiaries.

**അടിയൻ, പണിയൻ, പ്രാക്തനാഗോത്രവർഗ്ഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടിക വർഗ്ഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടി**

(വിഹിതം: 250.00 ലക്ഷം രൂപ)

നിലവിലുള്ള പദ്ധതിയായ വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ വികസനം എന്നത് അടിയൻ, പണിയൻ, പ്രാക്തനഗോത്രവർഗ്ഗക്കാർക്കുള്ള പ്രത്യേക പരിപാടിയിലേക്ക് ലയിപ്പിക്കുകയും 2014-15 അടിയൻ, പണിയൻ, പ്രാക്തനാഗോത്രവർഗ്ഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടി എന്ന് പുനർനാമകരണം ചെയ്യുകയും ചെയ്തു.

1) <u>അടിയൻ, പണിയൻ,പ്രാക്തനാഗോത്രവർഗ്ഗ വിഭാഗം</u>

കേരളത്തിൽ മറ്റുള്ള വിഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സാമ്പത്തിക മായും സാമൂഹികമായും ഏറ്റവും പിന്നോക്കം നിൽക്കുന്നവർ അടിയൻ, പണിയൻ എന്നീ വഭാഗങ്ങളിൽപ്പെട്ട പ്രാക്തനാഗോത്രവർഗ്ഗക്കാരാണ്. ആയതിനാൽ അവരുടെ ഉന്നമനത്തിനായി ആവശ്യാധിഷ്ഠിത പ്രാദേശിക പദ്ധതി നടപ്പാക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. ഈ പ്രത്യേക വിഭാഗക്കാരുടെ ആരോഗ്യം, ഭക്ഷണസഹായം, സാമ്പത്തിക വികസനം മുതലായ പ്രോജക്ടുകൾക്ക് പ്രത്യേക പരിഗണന ലഭിക്കു

ന്നു. സ്പിൽ ഓവർ വീടുകളുടെ പൂർത്തീകരണത്തിനാവശ്യമായ തുക പരിഗണിക്കുന്നു. പുതിയ വീടുകൾ ഈ പദ്ധതിയിൽ അനുവദനീയമല്ല.

2) <u>വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനം.</u>

സംസ്ഥാനത്ത് ഏകദേശം 73500 പട്ടികവർഗ്ഗക്കാർ വനത്തിനുള്ളിലെ 540 സങ്കേതങ്ങളിൽ 14912 കുടുംബങ്ങളിലായി അധിവസിക്കുന്നു. ഇതുകാടാതെ 23455 കുടുംബങ്ങൾ (948 ചെറുസങ്കേതങ്ങൾ) കാടിന്റെ പരിസരത്തുള്ള സ്ഥലങ്ങളിലായി താമസിക്കുന്നു. വനത്തിനുള്ളിലൊ/പരിസരപ്രദേശങ്ങളിലോ ജീവിക്കുന്ന പട്ടികവർഗ്ഗ സമൂഹത്തിന് പ്രയോജനപ്പെടുന്ന തൊഴിലുകൾ നൽകി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നു. വനത്തിനുള്ളിലോ പരിസര പ്രദേശങ്ങളിലോ താമസിക്കുന്ന പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്ക് തൊഴിൽ നൽകുക/മറ്റു വരുമാനമാർഗ്ഗം ഉണ്ടാക്കികൊടുക്കുക, വന്യമൃഗങ്ങളിൽ നിന്ന് സംരക്ഷണം നൽകുക, ആരോഗ്യപരിരക്ഷ ഉറപ്പാക്കുക, വിദ്യാഭ്യാസവും അവബോധവും കൊടുക്കുക, അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക, കണക്റ്റിവിറ്റിയും മറ്റ് വാർത്താവിനിമയ സൗകര്യങ്ങളും ചെയ്തു കൊടുക്കുക, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളെ പുനരധിവസിപ്പിക്കുക, ഇവരുടെ പ്രാദേസികമായ വാസസ്ഥലങ്ങള നശിപ്പിക്കുന്നതു തടയുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ഉദ്ദേശങ്ങൾ. വിവധ വകുപ്പുകളിൽ നിന്നും പ്രത്യേകിച്ച് വനം വകുപ്പിൽ നിന്നും പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്ക് വനത്തിനുള്ളിൽ അധിവസിക്കാനുള്ള സൗകര്യം ചെയ്യുന്ന പ്രത്യേക പ്രോജക്ടുകൾ/ നിർദ്ദേശങ്ങൾ ക്ഷണിക്കുകയും ചെയ്യുന്നു. മറ്റു വകുപ്പുകളുടെ മതിയായ പ്രോജക്ടുകൾ ഇല്ലാത്ത പക്ഷം പട്ടികവർഗ്ഗ വകുപ്പ് തന്നെ അനുയോജ്യമായ പ്രോജക്ടുകൾ നടപ്പിലാക്കുന്നതാണ്.

3) <u>അഗതി മന്ദിരം</u>

അട്ടപ്പാടി, മാനന്തവാടി (കുഴിനിലം) സുഗന്ധഗിരി (വയനാട്) എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ വരുന്ന മൂന്ന് അഗതി മന്ദിരങ്ങളുടെ നടത്തിപ്പിനായുള്ള ചെലവ് ഇതിൽ നിന്ന് വിനിയോഗിക്കാവുന്നതാണ്. അടിയൻ, പണിയൻ,പ്രാക്തനാഗോത്രവർഗ്ഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കുവേണ്ടി പുതിയ അഗതി മന്ദിരങ്ങൾ നിർമ്മിക്കുവാനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

7000 ഗുണഭോക്താക്കളെ ലക്ഷ്യമിട്ടുകൊണ്ട് 2014-15-ൽ 250.00 ലക്ഷം രൂപ മേൽ സുചിപ്പിച്ച മൂന്ന് ഘടകങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

## *18.* Assistance to Tribal Welfare Institutions (2225-02-102-91)

**(Outlay Rs. 200.00 lakh)**

The outlay provided is for providing grant/ assistance to

(i) Priyadarshini Tea Estate, Mananthavady for developing / improving the plantations, and for running/ revamping the tea factory operated by the estate.

(ii) Attappady Co-operative Farming Society for projects aimed at revitalization including extension of plantation to new areas and for developing/ improving the existing farms.

(iii) Ambedkar Memorial Rural Institute for Development (AMRID), Kalpetta, Wayanad for conducting multifarious leadership training, skill development programmes and other employment generation activities viz., production of handicrafts, tailoring, computer training, printing and book making, coaching to P.S.C Tests, Driving etc. for the development of Scheduled Tribes.

(iv) Running expenses of High School run by the Attappady Co-operative Farming Society at Chindakky and Tribal Hostel at Chindakky is also proposed under the scheme. The provision is also for up gradation of facilities of this school and hostel.

(v) Renovation / Revamping of Tribal societies functioning in sectors like Agriculture, Coir, and other traditional sectors. Projects aimed at employment and income generation activities of tribal societies can be given assistance.

An amount of Rs 200 lakh is provided for the scheme during 2014-15.

**പട്ടികവർഗ്ഗക്ഷേമ സ്ഥാപനങ്ങൾക്കുള്ള സഹായം**

(വിഹിതം: 200.00 ലക്ഷം രൂപ)

ഈ വിഹിതത്തിലൂടെ സഹായം നൽകാനായി ഉദ്ദേശിക്കുന്നത്.

- മാനന്തവാടിയിലെ പ്രിയദർശിനി തേയിലത്തോട്ടം വികസനം, എസ്റ്റേറ്റിന്റെ അധികാരപരിധിയിൽ വരുന്ന തേയില ഫാക്ടികളുടെ നടത്തിപ്പും നവീകരണവും.

- നിലവിലുള്ള ഫാമുകളുടെ വികസനവും പ്ലാന്റേഷനെ പുതിയ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുകയും അവയെ പുനർജ്ജിവിപ്പിക്കുകയും ചെയ്യുന്ന പ്രോജക്ടുകൾക്കായുള്ള അട്ടപ്പാടി കോപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക്.
- പട്ടികവർഗ്ഗ വികസനത്തിനുവേണ്ടി അത്യധികം വൈവിദ്ധ്യമുള്ള നേതൃത്വ പരിശീലനങ്ങൾ, നൈപുണ്യ വികസന പരിപാടികൾ, അതുപോലെയുള്ള തൊഴിൽ നലകുന്ന പ്രവർത്തനങ്ങളായ കരകൗശല വസ്തുകളുടെ ഉൽപ്പാദനം, ടെയിലറിംഗ്, കമ്പ്യൂട്ടർ പരിശീലനം, പ്രിന്റിംഗ്, ബുക്ക് നിർമ്മാണം, പി.എസ്.സി.പരിക്ഷകൾക്കായുള്ള കോച്ചിംഗ്,ഡ്രൈവിംഗ് പരിശീലനം എന്നിവ വയനാട്ടിലെ അംബേദ്ക്കർ സ്മാരക ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്നു.
- ചിണ്ടക്കിയിലുള്ള പട്ടികവർഗ്ഗ ഹോസ്റ്റലും അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി നടത്തുന്ന ഹൈസ്കൂളിന്റെ പ്രവർത്തനങ്ങൾക്കുള്ള ചെലവും ഈ പദ്ധതിയിൽ കൂടി നടത്തുന്നു. ഇതുകുടാതെ സ്കൂളിലെയും ഹോസ്റ്റലിലേയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.
- കൃഷി, കയർ, മറ്റുപരമ്പരാഗത മേഖലകളിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള സഹായവും ഈ പദ്ധതിയിലുടെ ചെയ്യുന്നു. പട്ടികവർഗ്ഗ സംഘങ്ങളുടെ തൊഴിലും, വരുമാനദായകവുമായ പ്രോജക്ടുകൾക്കും സഹായം നൽകുന്നു.

2014-15 -ൽ ഈ പദ്ധതിക്കായി 200.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 19.Incentives & Assistance to Students (2225-02-277-40)

**(Outlay Rs 200.00 lakh)**

This scheme comprises of 6 components. These components are intended to provide educational assistance to scheduled tribe children and brought under one umbrella scheme and renamed as 'Incentives and Assistance to Students'. The various components of the scheme are detailed below.

### ✓ (i) Special Incentive to Brilliant Students (2225-02-277-40(01)

**(Rs 36.00 lakh)**

The component is for providing incentives to the brilliant students from ST communities who perform well in academics and come out with meritorious performance. Under the scheme, those who secure higher grades/

marks in SSLC, Plus-2, Degree, Post-Graduation and Research including Professional courses will be awarded incentive at various rates as per the existing Government order in this regard. Those who excel in the spheres of arts and sports will also be rewarded with cash incentives/ gold medals. During the year 2014-15, around 2000 students are expected to be assisted under the scheme.

**(ii)Ayyankali Memorial Talent Search and Development (2225-02-277-40(02)) (Rs. 30.00 lakh)**

The objective of this component is to provide assistance to talented tribal students (day scholars) during their school days. One thousand two hundred day scholars from 5th standard to 10th standard are the target group and continuous assistance will be provided to them to excel in academics and extracurricular activities. Every year, 200 students studying in 5th standards will be selected under this scheme through an intelligence test to be conducted for them. Assistance for purchase of furniture and books, financial aid for medical care, monthly stipend, special guidance and counseling will be given to these selected students for 6 years (from Class 5 to Class 10) as per rate fixed by government from time to time. During 2014-15, 1200 beneficiaries are expected to be assisted under the scheme.

**(iii) Assistance for Study tour to School & College going Students (2225-02-277-40(03)) (Rs. 14.00 lakh)**

Under this component, ST students of Plus Two, Degree, PG Degree, Professional, and Diploma courses will be given financial assistance for participating in excursions and study tours conducted through the educational institutions where they are studying. Advance amount will be given initially and the balance will be reimbursed on demand. Also, the scheme intends to conduct Bharat Darshan/ All India Tour for selected tribal students with the approval of the SLWG.

### (iv) Assistance to Orphans (2225-02-277-40(04)

**(Rs. 11.00 lakh)**

This scheme is intended to provide special assistance to the scheduled tribe children who have no parents to look after. The actual amount required for providing care and upbringing of such tribal children will be proposed under this scheme. They will be provided assistance for education and living till they become adult/ wage earners. The fund will also be utilized for the purpose of survey/identification of such children, for rehabilitating them and for providing assistance for their upbringing.

### (v) Supply of study material to all students studying in High School, Higher Secondary School & Colleges. (2225-02-277-40 (05)

**(Rs. 25.00 lakh)**

This scheme is intended to provide one study table and one chair to all children those who are studying in High School, Higher Secondary Schools and Colleges. Study table and chair will be provided to students only once in their study period. The outlay will be allocated to the District Offices for disbursement on demand. The supply is based on the recommendation of the Principal / Head of the Institution. Study table and chair is provided for regular students only. The provision can also be used for providing study kit (bag) containing text books, note books, study materials like geometry box, etc to 9$^{th}$ and 10$^{th}$ standard students.

### (vi) Supply of Laptop to Students ((2225-02-277-40 (06)

**(Rs.84.00 lakh)**

The scheme is envisaged to provide Laptop to ST students studying professional courses in approved University/institutes. The courses covered for such facility are MBA, M.Sc Computer Science, MCA, MBBS, BDS, BAMS, BHMS, BVSc.&AH and M.Tech. Application for the same should be forwarded

through the Principal/ Head of the Institution. Laptop will be provided only once during the course period.

An amount of Rs.200 lakh is provided for the above six components during 2014-15.

**വിദ്യാർത്ഥികൾക്ക് പ്രോൽസാഹനവും സഹായവും**

(വിഹിതം: 200.00 ലക്ഷം രൂപ)

ഈ പദ്ധതിയിൽ ആറ് ഘടകങ്ങൾ ഉണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായത്തിനായി ഈ ഘടകങ്ങളെ ഒരു കുടക്കീഴിൽ ആക്കി വിദ്യാർത്ഥികൾക്കുള്ള പ്രോൽസാഹനവും സഹായവും എന്ന് പുനർനാമകരണം ചെയ്തു. ഈ പദ്ധതിയുകട വിവിധ ഘടകങ്ങൾ താഴെ വിശദീകരിക്കുന്നു.

1) <u>സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോൽസാഹനം.</u>

(വിഹിതം: 36.00 ലക്ഷം രൂപ)

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അക്കാദമിക്ക് തലങ്ങളിലും മറ്റും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന മിടുക്കരായ വിദ്യർത്ഥികൾക്ക് പ്രോൽസാഹനം നൽകുന്ന ഘടകമാണിത്. നിലവിലുള്ള സർക്കാർ ഉത്തരവിലെ നിരക്ക് പ്രകാരം എസ്.എസ്.എൽ.സി, പ്ലസ് ടു, ബിരുദം, ബിരുദാന്തര ബിരുദം, ഗവേഷണം, പ്രൊഫഷണൽ ഡിഗ്രി കോഴ്സ് തുടങ്ങിയവയ്ക്ക് കൂടുതൽ മാർക്ക് അല്ലെങ്കിൽ ഉയർന്ന ഗ്രേഡ് കരസ്ഥമാക്കിയവർക്ക് ഈ പദ്ധതി പ്രകാരം പ്രോൽസാഹനം നൽകുന്നു. കലകളിലും സ്പോർട്സിലും മികച്ചുനിൽക്കുന്നവർക്ക് ക്യാഷ് അവാർഡുകളോ/സ്വർണ്ണ മെഡലോ പാരിതോഷികമായി നൽകുന്നു.

2014-15 -ൽ ഏകദേശം 2000 കുട്ടികളെ ഈ പദ്ധതിവഴി സഹായിക്കാൻ ഉദ്ദേശിക്കുന്നു.

2) <u>അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി</u>

(വിഹിതം : 30.00 ലക്ഷം രൂപ)

സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ അവരുടെ സ്കൂൾ പഠനകാലത്ത് സഹായം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശം. 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്നവരും വീട്ടിൽ പോയി വരുന്നവരുമായ 1200 വിദ്യാർത്ഥികളെ ലക്ഷ്യമാക്കിയുള്ള ഈ പദ്ധതി പഠനത്തിനും പാഠ്യേതര പ്രവർത്തികളിലും തുടർച്ചയായി സഹായം ചെയ്യാൻ ഉദ്ദേശിക്കുന്നു. ഓരോ വർഷവും 5-ാം ക്ലാസ്സിൽ പഠിക്കുന്ന 200 വിദ്യാർത്ഥികളെ ബുദ്ധിശക്തി പരീക്ഷയിലൂടെ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കുന്നു. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്ക് അനുസരിച്ച് (5 മുതൽ 10 ക്ലാസ്സുവരെ) തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് ആറ് വർഷത്തേക്ക് ഫർണീച്ചറുകളും, ബുക്കുകളും വാങ്ങാനുള്ള സ്റ്റൈപ്പന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് , വൈദ്യസഹായം

ലഭിക്കുന്നതിനായുള്ള സാമ്പത്തിക സഹായം, പ്രത്യേക മാർഗ നിർദ്ദേശവും കൗൺസിലിംഗും തുടങ്ങിയവ സമയാസമയങ്ങളിൽ നൽകുന്നു.2014-15 -ൽ ഏകദേശം 1200 വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രയോജനപ്പെടുമെന്ന് പ്രതിക്ഷിക്കുന്നു.

### 3) സ്കൂൾ കേളേജ് വിദ്യാർത്ഥികൾക്ക് പഠന യാത്രയ്ക്കുള്ള സഹായം

(വിഹിതം: 14.00 ലക്ഷം രൂപ)

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പ്ലസ് ടു, ബിരുദം, ബിരുദാന്തര ബിരുദം, ഗവേഷണം, പ്രൊഫഷണൽ,ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പഠനയാത്രയ്ക്കും വിനോദയാത്രയ്ക്കും വേണ്ടിയുള്ള സാമ്പത്തിക സഹായം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മുൻകുറായി പണം നൽകുകയും പിന്നീട് ആവശ്യത്തിനനുസരിച്ച് ബാക്കി പണം അനുവദിക്കുകയും ചെയ്യുന്നു. തെരഞ്ഞെടുക്കപ്പെടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഭാരതദർശനം/ഇന്ത്യയിൽ എല്ലായിടത്തേക്കും ഉള്ള പഠനയാത്രയും സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ നടത്താനുള്ള ഉദ്ദേശവും ഈ പദ്ധതിയിലുണ്ട്.

### 4) അനാഥരായ കുട്ടികൾക്കുള്ള സഹായം

(വിഹിതം: 11.00 ലക്ഷം രൂപ)

മാതാപിതാക്കൾ നോക്കാനില്ലാത്ത പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രത്യേക സഹായം നൽകുന്നതിനു വേണ്ടിയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇത്തരം കുട്ടികളെ നോക്കുകയും അവരെ വളർത്തുകയും ചെയ്യുന്നതിനാവശ്യമായ തുക ഈ പദ്ധതിയിലൂടെ നൽകുന്നു. പ്രായപൂർത്തിയാകുന്നതുവരെയോ / സ്വന്തമായി വരുമാനം ഉണ്ടാകുന്നതുവരെയോ ജീവിക്കാനും വിദ്യാഭ്യാസത്തിനും ആവശ്യമായ സഹായം ഈ പദ്ധതിയിലൂടെ നൽകുന്നു. ഇത്തരത്തിലുള്ള കുട്ടികളെ കണ്ടെത്തുന്നതിനും/കണക്കെടുപ്പ് നടത്തുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും, അവരെ വളർത്താനുള്ള സഹായവും ഇതിൽ നിന്ന് വഹിക്കാവുന്നതാണ്.

### 5) കോളേജ്, ഹൈസ്ക്കൂൾ, ഹയർ സെക്കൻഡറി തലത്തിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും പഠനോപകരണങ്ങൾ നൽകൽ.

(വിഹിതം: 25.00 ലക്ഷം രൂപ)

ഹൈസ്കൂൾ,ഹയർസെക്കൻഡറി, കോളേജ് തലത്തിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഈ പദ്ധതിയനുസരിച്ച് ഒരു പഠന മേശയും, കസേരയും നൽകുന്നു. പഠന കാലത്ത് വിദ്യാർത്ഥികൾക്ക് ഒരിക്കൽ മാത്രം പഠനമേശയും കസേരയും നൽകുന്നതാണ്. ആവശ്യത്തിനനുസരിച്ച് തുക ജില്ലാ ഓഫീസിലേയ്ക്ക് അനുവദിക്കുന്നു. പ്രിൻസിപ്പാൾ/സ്ഥാപനത്തിന്റെ മേധാവിയുടെ ശുപാർശപ്രകാരം വിതരണം ചെയ്യുന്നു. റെഗുലർ വിദ്യാർത്ഥികൾക്കു മാത്രമാണ് പഠനമേശയും കസേരയും നൽകുന്നത്. 9,10 ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ടെക്സ്റ്റ് ബുക്ക്, നോട്ട് ബുക്ക്, പഠനസാമഗ്രികളായ ജ്യോമട്രി ബോക്സ് അടങ്ങിയ പഠനകിറ്റുകൾ (ബാഗ്) കൊടുക്കാനും വിഹിതം ഉപയോഗിക്കാവുന്നതാണ്.

6) വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം

(വിഹിതം: 84.00 ലക്ഷം രൂപ)

അംഗീകൃത യാണിവേഴ്സിറ്റികളിൽ/സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകാൻ ഈ പദ്ധതി ലക്ഷ്യമിടുന്നത്. എം.ബി.എ, എം.എസ്.സി കമ്പ്യൂട്ടർ സയൻസ്,എം.സി.എ, എം.ബി.ബിഎസ്, ബി.ഡി.എസ്, ബി.എ.എം.എസ്, ബി.എച്ച്.എം.എസ്, ബി.വി.എസ്.സി ആന്റ് എ.എച്ച്, എം.ടെക്ക് കോഴ്സുകൾക്കാണ് ഈ സൗകര്യം നൽകുന്നത്. സ്ഥാപന മേധാവി/പ്രിൻസിപ്പാൾ മുഖേന അപേക്ഷകൾ സമർപ്പിക്കണം. കോഴ്സ് കാലയളവിൽ ഒരിക്കൽ മാത്രമേ ലാപ്ടോപ്പുകൾ നൽകുകയുള്ളു.

2014-15-ൽ മുകളിൽ പറഞ്ഞ ആറു ഘടകങ്ങൾക്കുമായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 20.Information, Education and Communication Project ( IEC)

**(2225-02-277-39) (Outlay Rs. 150.00 lakh)**

This scheme comprises of two components i.e., (A) Publicity Wing / Information, Education and Communication Project (IEC); and (B) National Trade & Art Festival. Major component of the scheme intends to have overall development of the scheduled tribe and include:

***(A)Publicity Wing / Information, Education and Communication Project (IEC)***

*The activities included are;*

(i) Conduct of cultural programmes, exhibitions, folk art festivals, anti-liquor propaganda.

(ii) Completion of digital documentation of Scheduled Tribes life style, culture and their day to day activities.

(iii) Sahavasa camp for Secondary & Higher Secondary students.

(iv) Incentive to ST youths talented in Arts and Sports on the basis of District Level/ State level Certificates.

(v) Publicity/Advertisement/ Documentation / Publications / Programmes etc on projects of plan schemes of STDD by the Department or through PRD.

(vi) Publication of ST Development Guide (Diary).

### *(B) National Trade & Art Festival*

The major objective of which is to promote arts and festivals of tribals. It is proposed to conduct two tribe festivals of arts & exhibition cum sale of products manufactured by the tribal groups. The outlay can also be used for erecting stall & sales counters, conduct cultural activities etc.

An amount of Rs.150 lakh is provided for the above activities for 2014-15.

**വിദ്യാഭ്യാസ വിവര വിനിമയ പദ്ധതി (ഐ.ഇ.സി)**

**വിഹിതം : 150 ലക്ഷം രൂപ)**

ഈ പദ്ധതികൾക്ക് രണ്ട് ഘടകങ്ങളുണ്ട്. (1) പബ്ലിസിറ്റി വിഭാഗം/ ഇൻഫർമേഷൻ,. എഡ്യൂക്കേഷൻ, കമ്മ്യൂണിക്കേഷൻ പ്രോജക്ടും (ഐ.ഇ.സി പ്രോജക്ടും) (2) ദേശീയ കലാവ്യാപാരമേള. ഈ പദ്ധതിയുടെ പ്രധാനപ്പെട്ട ഘടകത്തിൽ പട്ടികവർഗ്ഗക്കാരുടെ സർവ്വോത്മുഖ വികസനമാണ് ലക്ഷ്യമിടുന്നത്.

എ. പബ്ലിസിറ്റി വിഭാഗം / ഇൻഫർമേഷൻ, എഡ്യുക്കേഷൻ, കമ്മ്യൂണിക്കേഷൻ പ്രോജക്ടും (ടഇ.ഇ.സി) ഇതിലെ പ്രവർത്തനങ്ങൾ താഴെപറയുന്നവയാണ്.

- സാംസ്കാരിക പരിപാടികൾ, എസ്ക്സിബിഷനുകൾ, നാടൻ കലോൽസവങ്ങൾ, മദ്യവിരുദ്ധ പ്രചാരങ്ങൾ തുടങ്ങിയവ നടത്തുക,
- പട്ടികവർഗ്ഗക്കാരുടെ ജീവിത രീതിയിലും സംസ്കാരികവും ദൈനദിനവുമായ പ്രവർത്തനങ്ങളെ കുറിച്ചുള്ള ഡിജിസ്റ്റൽ ഡോക്യുമെന്റേഷൻ ജോലികൾ പൂർത്തിയാക്കുക,
- ഹയർ സെക്കന്ററി, സെക്കന്ററി വിദ്യാർത്ഥികൾക്കുള്ള സഹവാസ ക്യാമ്പ്,
- സംസ്ഥാനതല, ജില്ലാതല സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ കലാകായിക മികവ് പുലർത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹനവും
- പട്ടികവർഗ്ഗ വികസന വകുപ്പിന്റെയോ പി, ആർ.ഡിയുടെയോ പദ്ധതി പരിപാടികളെ കുറിച്ചുള്ള പ്രോജക്ടുകൾക്ക് പ്രചാരാണം/ പരസ്യം/ഡോക്യമെന്റേഷൻ/ ആനുകാലിക പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ നടത്തുക,
- പട്ടികവർഗ്ഗ വികസന ഗൈഡ് പ്രസിദ്ധീകരിക്കുക, (ഡയറി)

**ബി. ദേശീയകലാ വ്യാപാരമേള**

പട്ടികവർഗ്ഗക്കാരുടെ കലകളെയും ഉത്സവങ്ങളെയും പരിപോഷിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് ദേശീയകലാ വ്യാപാരമേള. പട്ടികവർഗ്ഗക്കാരുടെ രണ്ട് കലാമേളകളും, പട്ടികവർഗ്ഗക്കാർ നിർമ്മിച്ച ഉത്പന്നങ്ങളുടെ പ്രദർശന വിൽപ്പന മേളകളും നടത്താൻ ഉദ്ദേശിക്കുന്നു. സ്റ്റാളുകളും വിൽപന കൗണ്ടറുകളും നിർമ്മിക്കുവാനും സാംസ്കാരിക പരിപാടികൾ നടത്താനുമുള്ള തുക ഇതിൽ നിന്നും വഹിക്കാവുന്നതാണ്.

2014-15 വർഷത്തിൽ 150 ലക്ഷം രൂപ മുകളിൽ പറഞ്ഞ പ്രവർത്തനങ്ങൾക്കുവേണ്ടി വകയിരുത്തിരിക്കുന്നു.

## 21.Modernization of Tribal Development Department

**(Outlay Rs. 125.00 lakh)**

The outlay provided is for the following activities viz.,

- Providing Training to Officers and staff of ST Development Department.
- Purchase of computers, tablet PCs, notebooks, computer peripherals, photo copier, printer, table, chair etc. and providing linkage to computer network in the Directorate and District Offices as per requirement.
- Provision of providing internet/e-mail connection in Directorate.
- Development of software, recurring costs of old software and purchase of hardware for starting new e-governance initiatives.
- Strengthening of Engineering Wing.
- Providing additional infrastructure facilities to the Offices/ Directorate as per actual need.
- Strengthening of Planning and Monitoring Cell ( Sub Plan Cell )
- Training on DBT, e-grantz, etc.

An amount of Rs. 125 lakh is provided for the scheme during 2014-15.

**പട്ടികവർഗ്ഗ വികസന വകുപ്പ് നവീകരണം**

(വിഹിതം: 125.00.ലക്ഷം രൂപ)

താഴെപ്പറയുന്ന പരിപാടികൾക്കായി വിഹിതം വിനിയോഗിക്കാവുന്നതാണ്

- പട്ടികവർഗ്ഗ വകുപ്പിൽ ജോലി ചെയ്യുന്ന ഓഫീസർമാർക്കും, ജീവനക്കാർക്കും പരിശീലനം നൽകുക.
- കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, ടാബ്ലറ്റ് പി.സി., നോട്ട് ബുക്കുകൾ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ഫോട്ടോ കോപ്പിയർ, പ്രിന്റർ, മേശയും കസേരയും വാങ്ങാൻ, ആവശ്യമനുസരിച്ച് ഡയറക്ടറേറ്റിലേയും പ്രാദേശിക/ജില്ല ഓഫീസുകളെയും കമ്പ്യൂട്ടർ ശൃംഗല വഴി ബന്ധിപ്പിക്കൽ.
- ഡയറക്ടറേറ്റിൽ ഇന്റർനെറ്റ്/ഇ-മെയിൽ കണക്ഷൻ കൊടുക്കുക.
- സോഫ്റ്റ്വെയറുകളുടെ വികസനം, പഴയ സോഫ്റ്റ് വെയറുകളുടെ തുടർ ചെലവുകൾ, ഇ-ഗവേണൻസ് സംരഭങ്ങൾ തുടങ്ങാനായുള്ള ഹാർഡ് വെയർ.
- എഞ്ചിനീയറിംഗ് വിംഗ് ശക്തിപ്പെടുത്തുക.
- ആവശ്യകത അനുസരിച്ച് ഡയറക്ടറേറ്റിനും /ജില്ലാ ഓഫീസർമാർക്കും അടിസ്ഥാനസൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക.
- പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ് സെൽ ശക്തിപ്പെടുത്തൽ (സബ് പ്ലാൻ സെൽ)
- ഡി.ബി.ടി/ഇ-ഗ്രാന്റ്സ് തുടങ്ങിയവ.

2014-15-ൽ 125 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു

## 22.Implementation of Kerala State Restriction in Transfer of Lands and Restoration of Alienated Land Act 1999 (2225-02-800-66)

**(Outlay Rs. 100.00 lakh)**

It is proposed to help the ST population to get the benefits provided under the Transfer of Lands and Restoration of Alienated Land Act 1999. The act is to provide for restricting the transfer of lands by members of Scheduled Tribes in the State and for the Restoration of possessions of lands alienated by such members and for matters connected there with. The outlay is for restoration of alienated land and development activities in the land, infrastructure facilities etc.

An amount of Rs. 100 lakh is provided for the scheme during 2014-15.

**1999-ലെ ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി പുനസ്ഥാപിച്ച് നൽകലും നിയമം നടപ്പാക്കലും.**

(വിഹിതം: 100.00 ലക്ഷം രൂപ)

1999-ലെ ഭൂമി കൈമാറ്റ നിയമവും അന്യാധീനപ്പെട്ട ഭൂമി പുനസ്ഥാപിച്ച് നൽകലും നിയമത്തിൻകീഴിൽ പട്ടികവർഗ്ഗക്കാർക്ക് കിട്ടേണ്ട നേട്ടങ്ങൾ അവർക്ക് ലഭ്യമാക്കുന്നതിന് സഹായം നൽകാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി.. ഈ നിയമ പ്രകാരം സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഇടയിലുള്ള ഭൂമി കൈമാറ്റം നിന്ത്രിക്കുകയും അവർക്ക് അന്യാധിനപ്പെട്ട ഭൂമി പുനസ്ഥാപിച്ചു കൊടുക്കുകയും അതുമായിട്ട് ബന്ധപ്പെട്ട ചെലവുകൾ നടത്തുകയും ചെയ്യുന്നു. അന്യാധീനപ്പെട്ട ഭൂമി പുനസ്ഥാപിച്ച് നൽകുന്നതിനും, ഭൂമിയിലുള്ള വികസന പ്രവർത്തനങ്ങൾക്കും, അടിസ്ഥാന സൗകര്യങ്ങൾക്കുമായി വിഹിതം വകയിരുത്തിയിരിക്കുന്നു.

2014-15 ഈ പദ്ധതിക്കായി 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

## 23. Post-matric Hostels for Tribal Students (2225-02-277-73)

**(Outlay Rs. 90.00 lakh)**

The provision is for running the existing three Post-Matric hostels (Boys) at Pattom (Thiruvananthapuram), Noorani (Palakkad) and East hill (Kozhikode). The sanctioned strength of three hostels is 130 students and at present 163 students are accommodated (Pattom – 38; Noorani – 90; and East Hill – 35). The recurring cost of new hostels to be constructed can also be considered under the scheme.

An amount of Rs. 90 lakh is provided for the scheme during 2014-15.

**പട്ടികവർഗ്ഗ കുട്ടികൾക്കുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ**

വിഹിതം - 90 ലക്ഷം രൂപ

കോഴിക്കോട് (ഈസ്റ്റ് ഹിൽ), പാലക്കാട് (നൂറാണി), തിരുവനന്തപുരം (പട്ടം) എന്നിവിടങ്ങളിൽ നിലവിലുള്ള 3 ആൺകുട്ടികൾക്കുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നടത്തുന്നതിനുവേണ്ടിയാണ് വിഹിതം വകയിരിത്തിയിരിക്കുന്നത്. 3 ഹോസ്റ്റലുകളിൽ സൗകര്യം അനുവദിച്ചിട്ടുള്ളത് 130 വിദ്യാർത്ഥികൾക്കാണ്. ഇപ്പോൾ 163 വിദ്യാർത്ഥികൾക്ക് താമസം സൗകര്യം അനുവദിച്ചിരിക്കുന്നു. ( പട്ടം- 38, നൂറാണി - 90, ഈസ്റ്റ് ഹിൽ - 35) പുതിയ ഹോസ്റ്റലുകളുടെ നിർമ്മാണത്തിനുശേഷമുള്ള ആവർത്തന ചെലവുകളും ഈ പദ്ധതിയിൽ നിന്നും വഹിക്കാവുന്നതാണ്.

പ്രസ്തുത ഹോസ്റ്റലുകളുടെ 2014-15 വർഷത്തെ പ്രവർത്തനത്തിനായി 90 ലക്ഷം രൂപ വകയിരുത്തിരിക്കുന്നു.

## 24.State Centre for Tribal Healers (4225-02-277-50)

**(Outlay Rs. 50.00 lakh)**

The state centre for the development of Vamsiya Vaidyam, a traditional health practice of STs has been started at Vithura in Thiruvananthapuram. The Centre will consist of research & development wing, education & training, common facilitation centre for tribal healers, medicinal gardens etc. Identification of suitable land is in process. Outlay proposed for the construction of buildings, establishment of medicinal gardens etc.

An amount of Rs. 50 lakh is provided for the scheme during 2014-15.

**പട്ടികവർഗ്ഗ പാരമ്പര്യ വൈദ്യൻമാർക്കുള്ള സ്റ്റേറ്റ് സെന്റർ**

(വിഹിതം: 50.00 ലക്ഷം രൂപ)

പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത ചികിൽസാരീതിയായ വംശീയ വൈദ്യത്തിനുവേണ്ടിയുള്ള സംസ്ഥാനത്തെ സെന്റർ തിരുവനന്തപുരത്തെ വിതുരയിൽ തുടങ്ങി. ഈ സെന്ററിൽ ഗവേഷണവും വികസനവും വിംഗ്, വിദ്യാഭ്യാസവും പരിശീലനവും പട്ടികവർഗ്ഗ പാരമ്പര്യ വൈദ്യൻമാർക്കുള്ള പൊതുമായ ഫെസിലിറ്റേഷൻ സെന്ററുകൾ, മരുന്നു ചെടികൾക്കായുള്ള തോട്ടം മുതലായ വിഭാഗങ്ങളുണ്ട്. അനുയോജ്യമായ സ്ഥലം കണ്ടുപിടിക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുന്നു. കെട്ടിട നിർമ്മാണം, മരുന്നു ചെടികളുടെ തോട്ടം നിർമ്മാണം തുടങ്ങിയവക്കാണ് തുക വകയിരുത്തിയിരിക്കുന്നത്.

2014-15-ൽ 50 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

## 25.Adikala Gramam / Assistance to Adikala Kendram (2225-02-800-56)

**(Outlay Rs. 35.00 lakh)**

The scheme is intended to be implemented by KIRTADS. The components of the scheme includes

1 National Art and Craft Workshop (in collaboration with IGRMS, Lalithakala Akademy).

2 Workshop for the tribal Artists of Kerala.

3 Workshop for the tribal and Folk Music of Kerala.

4 Paniya Dance Padanakalari for the Paniyas of Wayanad District.

5 Adikala Nadan kalamela.

6 KIRTADS Awards, Suvarnamudra and Endowments for the SC/ST Artists.

An amount of Rs.35 lakh is provided for the scheme during 2014-15.

**ആദികലാഗ്രാമം/ആദികലാ കേന്ദ്രത്തിന്റെ സഹായം**

(വിഹിതം: 35.00 ലക്ഷം രൂപ)

കിർത്താഡ്സ് മുഖേനയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതിയുടെ ഘടകങ്ങൾ താഴെ പറയുന്നവയാണ്.

- ദേശീയ കലാശില്പ വർക്ക്ഷോപ്പ് (ഐ.ജി.ആർ.എം.എസ്സുമായും ലളിതകലാ അക്കാഡമിയുമായി ചേർന്ന്)
- കേരളത്തിലെ പട്ടികവർഗ്ഗ കലാകാരൻമാർക്കായുള്ള വർക്ക്ഷോപ്പുകൾ.
- കേരളത്തിലെ പട്ടികവർഗ്ഗക്കാർക്ക് നാടൻ സംഗീതത്തിലുള്ള വർക്ക്ഷോപ്പ്.
- വയനാട് ജില്ലയലെ പണിയന്മാർക്ക് പണിയ നൃത്തത്തിന്റെ പഠനകളരി.
- ആദികലാനാടൻ കലാമേള.
- പട്ടികജാതി പട്ടികവർഗ്ഗ കലാകാരൻമാർക്ക് കീർത്താഡ്സ് അവാർഡ്, സുവർണ്ണമുദ്ര പുരസ്ക്കാരം.

2014-15-ൽ 35 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നു.

## 26. Construction of building for Model Residential /Ashram Schools in Tribal Area [50% SS] (4225-02-277-51)

**(Outlay Rs. 1750.00 lakh)**

Government of India provides 50% of the cost of construction of infrastructure of 15 Ashram schools. Rs 1750 lakh is provided during 2014-15 as 50% State share for completion/construction of building of the 10 schools as detailed below.

(`Rs in lakh)

| Sl No | Name of School | Amount |
|---|---|---|
| 1. | Ashram School, Noolpuzha, Wayanad | 1750.00 |
| 2. | MRS Attappady, Palakkad | |
| 3. | MRS Kulathupuzha, Kollam | |
| 4. | MRS Kasaragod | |
| 5. | MRS Nalloornadu, Wayanad | |
| 6. | Ashram School, Thirunelli | |
| 7. | MRS, Kuttichal, Thiruvananthapuram | |
| 8. | MRS Aralam, Kannur | |
| 9. | MRS Koraga, Kasaragod | |
| 10 | MRS Melukavu, Kottayam | |
| | **Total** | **1750.00** |

In addition to the above, construction of new hostels can be considered in the scheme.

### പട്ടികവർഗ്ഗ മേഖലയിൽ മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെയും, ആശ്രമം സ്കൂളുകളുടെയും നിർമ്മാണം (50 ശതമാനം സംസ്ഥാന വിഹിതം)

(വിഹിതം: 1750.00 ലക്ഷം രൂപ)

15 ആശ്രമം സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾക്കായുള്ള നിർമ്മാണ ചെലവ് 50 ശതമാനം ഇന്ത്യ ഗവൺമെന്റ് നൽകുന്നു. 2014-15-ൽ താഴെപ്പറയുന്ന 10 സ്കൂൾ കെട്ടിടനിർമ്മാണജോലികൾ ആരംഭിക്കുന്നതിനും/ നിർമ്മാണം പൂർത്തീയാക്കുന്നതിനുമായി 50% സംസ്ഥാന വിഹിതമായി 1750.00 ലക്ഷം രൂപ വകയിരുത്തുന്നു. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | സ്കൂളിന്റെ പേര് | (രൂപ ലക്ഷത്തിൽ) തുക |
|---|---|---|
| 1 | ആശ്രമം സ്കൂൾ, നൂൽപ്പുഴ,വയനാട് | |
| 2 | മാതൃകാ റസിഡൻഷ്യൽ സ്കൂൾ, അട്ടപ്പാടി, പാലക്കാട് | |
| 3 | മാതൃകാ റസിഡൻഷ്യൽ സ്കൂൾ, കുളത്തൂപ്പുഴ, കൊല്ലം | |
| 4 | മാതൃകാ റസിഡൻഷ്യൽ സ്കൂൾ, കാസർഗോഡ് | |
| 5 | മാതൃകാ റസിഡൻഷ്യൽ സ്കൂൾ, നല്ലൂർനാട്, വയനാട് | |
| 6 | ആശ്രമം സ്കൂൾ,തിരുനെല്ലി, വയനാട് | |
| 7 | മാതൃകാ റസിഡൻഷ്യൽ സ്കൂൾ,കുറ്റിച്ചൽ,തിരുവനന്തപുരം | |
| 8 | മാതൃകാ റസിഡൻഷ്യൽ സ്കൂൾ, ആറളം, കണ്ണൂർ | |
| 9 | മാതൃകാ റസിഡൻഷ്യൽ സ്കൂൾ,കൊറാഗ, കാസർഗോഡ് | |
| 10 | മാതൃകാ റസിഡൻഷ്യൽ സ്കൂൾ,മേലുകാവ്, കോട്ടയം | |
| | ആകെ | 1750.00 |

### 27.Construction of Boy's Hostel [50% SS] (4225-02-277-96)

**(Outlay Rs. 300 .00 lakh)**

Out of the 70 boy's hostels run by the Scheduled Tribes Development Department, only 37 have permanent buildings. The objective of the scheme is to construct permanent building for hostels functioning in temporary sheds/ rented buildings. The list of hostels where construction in progress is given below.

| Sl No | Name of Hostel | Sl.No | Name of Hostel |
|---|---|---|---|
| 1 | Post matric Hostel, Mannanthala, TVPM | 5 | Pre-matric Hostel, Kunnnamamgalam, Kozhikode |
| 2 | Pre-matric Hostel, Kumily Idukki | 6 | Pre-matric Hostel, Nanniode, TVM |
| 3 | Pre-matric Hostel, Sholaur, Palakkad (2 hostels – 60 bedded and 100 bedded) | 7 | Pre-matric Hostel, Parali Palakkad |
| 4 | Pre-matric Hostel, Chuvannamannu, Thrissur | 8 | Post matric Hostel, Agali, Attappady (Boys) |

In addition to the above, construction of new hostels can be taken in the scheme (construction of Post matric Hostel at Agali, Attappady (Boys) is

merged to Construction of Boy's Hostel [50% SS] from 2014-15 onwards). During 2014-15 Rs 300 lakh is provided as 50% state share for undertaking the construction of new hostels and the completion of ongoing works.

**ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (സംസ്ഥാന വിഹിതം 50 ശതമാനം)**

(വിഹിതം: 300.00 ലക്ഷം രൂപ)

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആൺകുട്ടികൾക്കായുള്ള 70 ഹോസ്റ്റലുകളിൽ 37 എണ്ണത്തിനു മാത്രമേ സ്ഥിരം കെട്ടിടങ്ങൾ ഉള്ളു. വാടകയ്ക്ക്/ താൽക്കാലിക ഷെഡുകളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾക്ക് സ്ഥിരം കെട്ടിടം പണിയുവാൻ ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നു. നിർമ്മാണം പുരോഗതിയിലിരിക്കുന്ന ഹോസ്റ്റലുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

| ക്രമ നം. | ഹോസ്റ്റലിന്റെ പേര് |
|---|---|
| 1 | പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, മണ്ണന്തല, തിരുവനന്തപുരം |
| 2 | പ്രീമെട്രിക് ഹോസ്റ്റൽ, കുമളി ഇടുക്കി |
| 3 | പ്രീമെട്രിക് ഹോസ്റ്റൽ, ഷോളയൂർ, പാലക്കാട്(2 ഹോസ്റ്റൽ 60 കിടക്ക,100 കിടക്ക |
| 4 | പ്രീമെട്രിക് ഹോസ്റ്റൽ, ചുവന്നമണ്ണ്, തൃശ്ശൂർ |
| 5 | പ്രീമെട്രിക് ഹോസ്റ്റൽ, കുന്ദമംഗലം, കോഴിക്കോട് |
| 6 | പ്രീമെട്രിക് ഹോസ്റ്റൽ,നന്ദിയോട്, തിരുവനന്തപുരം |
| 7 | പ്രീമെട്രിക് ഹോസ്റ്റൽ, പറളി, പാലക്കാട് |
| 8 | പ്രീമെട്രിക് ഹോസ്റ്റൽ,അഗളി, അട്ടപ്പാടി (ആൺകുട്ടികൾ) |

ഇതുകുടാതെ 2014-15-ൽ അട്ടപ്പാടിയിലെ അഗളിയിലുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണവും (ആൺകുട്ടികൾ) ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണത്തിലേക്ക് ലയിപ്പിച്ചു (50% സംസ്ഥാന വിഹിതം) 2014-15-ൽ 300 ലക്ഷം രൂപ 50 ശതമാനം സംസ്ഥാന വിഹിതമായി പുതിയ ഹോസ്റ്റലുകളുടെ നിർമ്മാണത്തിനും, പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന ഹോസ്റ്റലുകളുടെ പുർത്തീകരണത്തിനും വകയിരുത്തിയിരിക്കുന്നു.

### 28. Grant-in-aid to Kerala Institute for Research, Training and Development studies (KIRTADS) for SC/ST [50% SS] (2225-02-800-91)

**(Outlay Rs. 70.00 lakh)**

An amount of Rs. 70 lakh is provided as 50% State Share for the following components:

**(i) Research Activities**

1 The 'Dilemma of Development' among the Cholanaickan Community.
2 An Evaluation Study on the Pre-Matric and Post-Matric Hostels in Kerala.

3 Access to Traditional and Modern Health Care Systems, Studies on Kurichiyan and Paniyan Communities.

4 Ethnographic Documentation of the ST Communities in Kerala.

5 Identification and Documentation of the Pre-historic Past of the ST Communities in Kerala.

6 Evolving an Action Plan for the Protection and Promotion of the Tribal Languages/Dialects of the State and Preparation of Script for the Language/Dialect of the ST Paniyan Community (continuing study of the current fiscal).

7 Preparation of Teaching Calendars, Teaching-aids, and Codification of the Customary Laws of the Scheduled Tribe Communities of the State (continuing study of the current fiscal).

8. Exhibitions for salvage and promotion of traditional knowledge system.

9 Purchase of books and journals for KIRTADS library.

10 Conducting seminars, workshop in collaboration with Universities.

**(ii) Training**

1 Training programme for the Reduction and Elimination of substance abuse in Tribal Areas.

2 Health Awareness Programme and Health Camp.

3 32nd Thalakkal Chandu Memmorial Archery Competition.

4 Training cum Workshop for the Tribals in Modernization and Upgradation of traditional skill.

5 Empowerment Programme for ST women of Kerala.

6 Training Programme for Agriculture and Allied activities for ST Youth of Kerala.

7 Leadership Training Programme for ST Youth of Kerala.

8 Training Programme for the Teachers of Peripatetic Schools, Single Schools and Balavinjanakendras.

9 Educational Guidance cum Empowerment Programme for ST Students of Kerala.

10 Conscientization Programme for Kadars of Thrissur with Special emphasis on forest.Rights Act.

11 Dr.B.R. Ambedkar Memorial Lecture 2014.

12 Paithrukothsavam.

An amount of Rs. 70 lakh is provided for the scheme during 2014-15.

**കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ടിന് (കിർത്താഡ്സ്) ധനസഹായം**

**(സംസ്ഥാന വിഹിതം 50 ശതമാനം)**

(വിഹിതം: 70.00 ലക്ഷം രൂപ)

50 ശതമാനം സംസ്ഥാന വിഹിതമായി 70 ലക്ഷം രൂപ താഴെ പറയുന്ന ഘടകങ്ങൾക്കായി വകയിരുത്തിയിരിക്കുന്നു.

(1) ഗവേഷണ പ്രവർത്തനങ്ങൾ.

- ചോലനായ്ക്കൻ വിഭാഗത്തിലെ വികസനത്തെക്കുറിച്ചുള്ള വാദഗതികൾ.
- കേരളത്തിലെ പ്രീമെട്രിക്, പോസ്റ്റ് മെട്രിക്, ഹോസ്റ്റലുകളെക്കുറിച്ചുള്ള വില യിരുത്തൽ പഠനം.
- പരമ്പരാഗതവും നവീനവുമായ ആരോഗ്യസംരക്ഷണ സമ്പ്രദായങ്ങളുടെ ലഭ്യത, കുറിച്ച്യൻ, പണിയൻ, വിഭാഗങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ.
- കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗക്കാരെകുറിച്ചുള്ള എത്തനോഗ്രാഫിക്ക് ഡോക്കുമെന്റേഷൻ.
- കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗക്കാരെകുറിച്ചുള്ള ചരിത്രാതീത കാര്യങ്ങള മനസ്സിലാക്കുകയും ഡോക്കുമെന്റേഷൻ നടത്തുകയും ചെയ്യുക.
- പട്ടികവർഗ്ഗ ഭാഷകളുടെ/ഉപഭാഷകളുടെ സംരക്ഷണത്തിനും അഭിവൃദ്ധിക്കു മായി ഒരു ആക്ഷൻ പ്ലാൻ ആവിഷ്ക്കരിക്കുകയും പട്ടികവർഗ്ഗ വിഭാഗത്തിലെ പണിയൻ വിഭാഗത്തിലെ ഉപഭാഷ, സംസ്ഥാനത്തെ ഉപഭാഷകളെക്കുറിച്ച് കൈയ്യെഴുത്ത് പ്രതി.
- പഠനകലണ്ടറുകൾ തയ്യാറാക്കൽ, പഠനസഹായികൾ, സംസ്ഥാനത്തെ പട്ടിക വർഗ്ഗ വിഭാഗത്തിലെ ആചാരനിയമങ്ങളുടെ ക്രോഡീകരണം.
- പ്രാചീന അവശിഷ്ട വസ്തുക്കളുടെ പ്രദർശനവും പരമ്പരാഗത വിവര സമ്പ്ര ദായത്തെ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുക.
- കിർത്താഡ്സിന്റെ ലൈബ്രറിക്ക് വേണ്ട ബുക്കുകളും ജേർണലുകളും വാങ്ങുക.
- യൂണിവേഴ്സിറ്റികളുമായി ചേർന്ന് സെമിനാറുകളും വർക്ക് ഷോപ്പുകളും നട ത്തുക.

2) പരിശീലനം

- പട്ടികവർഗ്ഗ മേഖലകളിലെ വസ്തുക്കളുടെ ദുർവിനിയോഗം കുറയ്ക്കുവാൻ പരിശീലന പരിപാടി.
- ആരോഗ്യ അവബോധന പരിപാടിയും ആരോഗ്യ ക്യാമ്പും.
- 32-ാമത് തലയ്ക്കൽ ചന്തു മെമ്മോറിയൽ ആർച്ചറി (വില്ല്) മത്സരം.
- പരമ്പരാഗത വൈദഗ്ദ്ധ്യവും നൈപുണ്യവും നവീകരിക്കുന്നതിനും, പരിശീലനത്തോടുകൂടിയ വർക്ക്ഷോപ്പുകൾ.
- കേരളത്തിലെ പട്ടികവർഗ്ഗ വനിതകൾക്ക് ശാക്തീകരണപരിപാടി.
- കേരളത്തിലെ പട്ടികവർഗ്ഗ യുവാക്കൾക്ക് കൃഷിയിലും അനുബന്ധ പ്രവർത്തനങ്ങളിലും പരിശീലന പരിപാടികൾ.
- കേരളത്തിലെ പട്ടികവർഗ്ഗ യുവാക്കൾക്ക് നേതൃത്വ പരിശീലന പരിപാടി.
- പെരിപ്പതറ്റിക് സ്ക്കുളിലേയും ഏകാദ്ധ്യാപക സ്ക്കൂളിലേയും ബാലവിജ്ഞാന കേന്ദ്രങ്ങളിലേയും ടീച്ചർമാർക്ക് പരിശീലന പരിപാടികൾ.
- കേരളത്തിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ഗൈഡൻസോടുകൂടിയ ശാക്തീകരണ പരിപാടി.
- തൃശ്ശൂരിലെ കാടർ വിഭാഗത്തിൽപ്പെട്ടവർക്ക് വന അവകാശ നിയമത്തിൽ ഊന്നൽ നൽകിക്കൊണ്ടുള്ള അവബോധന പരിപാടി.
- ഡോ.ബി.ആർ അംബേദ്കറിന്റെ ഓർമ്മയ്ക്കായുള്ള ലക്ചർ 2014.
- പൈതൃകോത്സവം

2014-15-ൽ 70 ലക്ഷം രൂപ ഈ പരിപാടിക്കായി വകയിരുത്തിയിരിക്കുന്നു.

## 29.Kerala State Development Corporation for SC/ST Ltd. - TSP (State Share 51%) (4225-02-190-99)

**(Outlay Rs. 22.00 lakh)**

Under this centrally sponsored scheme, share capital contribution is released to the State Development Corporation for SCs & STs in the ratio 51:49 between State Government and Central Government. The Central share of equity capital is sent directly to the Corporation. The Corporation provide finance to employment oriented schemes covering diverse areas of economic activities. The Corporation has focused their efforts for identification of eligible ST families and motivating them to undertake suitable economic development

schemes, sponsoring these schemes to financial institutions for credit support, providing financial assistance in the form of margin money on low rate of interest and subsidy in order to reduce their repayment liability and providing necessary link/tie-up with other poverty alleviation programmes.

An amount of Rs. 22 lakh is provided during 2014-15 towards 51% state share for providing share capital contribution to Kerala State Development Corporation for SCs/STs, for taking up economic development schemes benefiting Scheduled Tribes.

**കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനം-റ്റി.എസ്.പി (51 ശതമാനം സംസ്ഥാന വിഹിതം)**

(വിഹിതം: 22.00 ലക്ഷം രൂപ)

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പരിധിയിൽപ്പെടുന്നതായ ഈ പദ്ധതിക്കുള്ള ഓഹരി മൂലധനം പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് 51:49 അനുപാതത്തിൽ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും നൽകുന്നു. ഓഹരി മൂലധനത്തിന് തുല്യമായ തുക കേന്ദ്ര വിഹിതമായി കോർപ്പറേഷന് നൽകുന്നു. വ്യത്യസ്തങ്ങളായ സാമ്പത്തിക പ്രവർത്തികളിൽ തൊഴിലുമായി ബന്ധപ്പെട്ടിട്ടുള്ളവർക്ക് കോർപ്പറേഷൻ സാമ്പത്തിക സഹായം ചെയ്യുന്നു. അർഹരായ പട്ടികവർഗ്ഗ കുടുംബങ്ങളെ കണ്ടെത്തുന്നതിനും അവരെ സാമ്പത്തിക വികസന പദ്ധതികളിൽ പങ്കാളികളാക്കാനും ഈ പദ്ധതികൾ ധനകാര്യ സ്ഥാപനങ്ങളിലേക്ക് സ്പോൺസർ ചെയ്യുകയും അതുവഴി കുറഞ്ഞ നിരക്കിൽ പണവും സബ്സിഡികളായി ലഭിക്കുകയും അതുവഴി അവരുടെ പണം തിരിച്ചടയ്ക്കാനുള്ള ബാദ്ധ്യത കുറയ്ക്കുകയുംദാരിദ്ര നിർമ്മാർജ്ജന പദ്ധതികളിൽ അവരെ പങ്കാളികളാക്കാനും കോർപ്പറേഷൻ ലക്ഷ്യമിടുന്നു.

2014-15-ൽ പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാമ്പത്തിക വികസനത്തിനായി പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനമായി 51 ശതമാനം സംസ്ഥാന വിഹിതമായി 22 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**30.Enforcement of Prevention of Atrocities Act [50% SS]**

**(2225-02-800-68)**

**(Outlay Rs. 10.00 lakh.)**

Special Benches have been constituted in all District Courts for the speedy disposal of cases registered under the Atrocities Act. Major components of the scheme include.

- Formulation of appropriate schemes for providing compensation and rehabilitation of the victims of atrocities.
- Providing legal aid to the victims of atrocities.
- Functioning of the special mobile police squad in Wayanad District.
- To start a special court at Wayanad.
- Payment of travelling allowance to witnesses.

Rs. 10 lakh is provided as 50% State Share for the scheme during 2014-15.

**അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ (സംസ്ഥാന വിഹിതം 50 ശതമാനം)**

(വിഹിതം:10.00 ലക്ഷം രൂപ)

അതിക്രമങ്ങൾ നടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ പെട്ടെന്ന് തീർപ്പ് കൽപ്പിക്കുന്നതിന് എല്ലാ ജില്ലാ കോടതികളിലും സ്പെഷ്യൽ ബഞ്ചുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് താഴെപ്പറയുന്ന പ്രധാന ഘടകങ്ങളാണുള്ളത്.

- അതിക്രമങ്ങൾക്ക് ഇരയാകുന്നവരെ പുനരധിവസിപ്പിക്കുവാനും അവർക്ക് നഷ്ടപരിഹാരം നലകുവാനും ഉചിതമായ പരിപാടികൾ രൂപീകരിക്കൽ.
- അതിക്രമങ്ങള ഇരയാകുന്നവർക്ക് നിയമസഹായം നൽകൽ.
- വയനാട് ജില്ലയിൽ സഞ്ചരിക്കുന്ന പ്രത്യേക പോലീസ് സ്ക്വാഡിന്റെ പ്രവർത്തനം.
- വയനാട് പ്രത്യേക കോടതി സ്ഥാപിക്കൽ.
- സാക്ഷികൾക്ക് യാത്രാ അലവൻസുകൾ നൽകുക.

2014-15-ൽ 50 ശതമാനം സംസ്ഥാന വിഹിതമായി 10 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**NEW SCHEME**

## 31.ATSP Fund/Special Package (New Scheme) (2225-02-102-85)

**"Integrated Sustainable Development of Scheduled Tribe Population In Identified Locations/ Settlements"**

**(Outlay Rs. 15000.00 lakh)**

This is the first time in the history of planning in the state that 3 per cent of the total plan outlay is earmarked for the development of ST population. For the financial year 2014-15, allocation to TSP is divided into three categories. One portion goes to LSGs and the second portion goes to ST Development Department, as has been done in the previous year and the third portion is provided as Additional TSP/Special Package. The ATSP fund is meant for focussing on location specific socio-economic development and protecting and encouraging cultural values and activities of select tribal habitations. A new scheme named 'Integrated Sustainable Development of Scheduled Tribe Population in Identified Locations/Settlements' is included during 2014-15.

The scheme will be implemented on a project mode to develop identified settlements/villages in the most backward pockets in different districts. Initially 14 locations have been identified by the Department of ST Development based on different indicators and as per ST Survey Report 2008. These locations are Parappa block (Kasargod), Iritty Block (Kannur), Panamaram Grama Panchayat (Wayanad), Thirunelli Grama Panchayat (Wayanad), Pulpally Grama Panchayat (Wayanad), Noolpuzha Grama Panchayat (Wayanad), Nilambur Block (Malappuram), Chittur Taluk (Palakkad), Chalakudy Block (Thrissur), Devikulam Block (Idikki), Attappady Block (Palakkad), Muppainad Grama Panchayat (Wayanad), Meppadi Grama Panchayat (Wayanad) and Kuttichal Grama Panchayat (Thiruvananthapuram). Depending on the development need, more villages/settlements may be included in the list. This scheme aims at a

targeted integrated development intervention without disturbing the cultural identity of the tribal population. Therefore the main purpose is to converge all schemes (Central, CSS and State) in all selected villages. Hence, there is a need for Location Convergence Committees, which consists of officers dealing with all Departments such as Health, Education, Housing, PWD, Agriculture, Forest, Social Welfare etc. as well as Panchayat representatives. The Committee will prepare Convergence Plan for each location using funds available under all schemes. The funds available under 'Integrated Sustainable Development of Scheduled Tribe Population in Identified Locations/ Settlements' scheme will be an additionality to fill gaps.

At the district level an Empowered Committee headed by the District Collector will review and monitor the work of Location Convergence Committees and solve problems as and when arise. The High level Committee constituted at State level will hold video conference with District Collectors and other officers to review the progress.

The ATSP fund will be operated by the Principal Secretary/ Secretary, ST Development Department. An amount of Rs. 15000 lakh is provided for the programme during the Annual Plan 2014-15.

**തെരഞ്ഞെടുത്ത സങ്കേതങ്ങളിൽ /സ്ഥലങ്ങളിൽ ഉള്ള പട്ടികവർഗ്ഗ ജനസംഖ്യയുടെ സ്ഥായിയായ സമഗ്രവികസനം.**

(വിഹിതം: 15000 ലക്ഷം രൂപ)

ആസൂത്രണത്തിന്റെ ചരിത്രത്തിൽ ആദ്യമായി സംസ്ഥാനത്തിന്റെ മൊത്തം പദ്ധതിവിഹിതത്തിന്റെ 3 ശതമാനം തുക പട്ടികവർഗ്ഗ വിഭാഗത്തിന്റെ വികസനത്തിനായി വകയിരുത്തിയിരിക്കുന്നു. 2014-15 സാമ്പത്തികവർഷത്തിൽ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം 3 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഒരു ഭാഗം മുൻ വർഷങ്ങളിലെപോലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും രണ്ടാമത്തെ ഭാഗം പട്ടികവർഗ്ഗ വികസന വകുപ്പിനും മൂന്നാമത്തെ ഭാഗം ഏറ്റി.എസ്.പി/പ്രത്യേക പാക്കേജായി വകയിരുത്തിയിരിക്കുന്നു. പ്രത്യേക സാമൂഹ്യ സാമ്പത്തിക വികസനത്തെ കേന്ദ്രീ കരിച്ചും പട്ടികവർഗ്ഗ സ്ഥലാതിഷ്ഠിത വികസനത്തിന് ഊന്നൽ നൽകി തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സാംസ്ക്കാരിക മൂല്യങ്ങളും പ്രവർത്തനങ്ങളും സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനുവേണ്ടി

തെരഞ്ഞെടുത്ത സങ്കേതങ്ങളിലെ/മേഖലകളിലെ പട്ടികവർഗ്ഗ ജനസംഖ്യയുടെ സ്ഥായിയായ സമഗ്രവികസനം എന്ന പദ്ധതി 2014-15-ൽ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

വിവിധ ജില്ലകളിലെ ഏറ്റവും പിന്നോക്ക മേഖലകളിലെ തെരഞ്ഞെടുത്ത സങ്കേതങ്ങളിൽ/ഗ്രാമങ്ങളിൽ പ്രോജക്ട് അധിഷ്ഠിത രീതിയിൽ ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 2008-ലെ പട്ടികവർഗ്ഗ സർവ്വെ റിപ്പോർട്ടിന്റെ വിവിധ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ 14 സങ്കേതങ്ങളെ പട്ടികവർഗ്ഗ വികസന വകുപ്പ് തെരഞ്ഞെടുത്തു. ഇവ പരപ്പബ്ലോക്ക്(കാസർഗോഡ്), ഇരട്ടി ബ്ലോക്ക്(കണ്ണൂർ), പനമരം ഗ്രാമപഞ്ചായത്ത് (വയനാട്), തിരുനെല്ലി ഗ്രാമപഞ്ചായത്ത് (വയനാട്) പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് (വയനാട്) നൂൽപ്പുഴ ഗ്രാപഞ്ചായത്ത് (മലപ്പുറം) ചിറ്റൂർ താലൂക്ക് (പാലക്കാട്), ചാലക്കുടി ബ്ലോക്ക് (തൃശ്ശൂർ), ദേവികുളം ബ്ലോക്ക് (ഇടുക്കി), അട്ടപ്പാടി ബ്ലോക്ക്(പാലക്കാട്), മൂപ്പയനാട് ഗ്രാമപഞ്ചായത്ത് (വയനാട്), മേപ്പാടി ഗ്രാപഞ്ചായത്ത് (വയനാട്), കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം) എന്നിവയാണ് പ്രാരംഭത്തിൽ തെരഞ്ഞെടുത്തത്. വികസനത്തിന്റെ ആവശ്യകത അനുസരിച്ച് കൂടുതൽ ഗ്രാമങ്ങളെ/സങ്കേതങ്ങളെ ഈ ലിസ്റ്റിൽ ഉൾപ്പെടുത്താവുന്നതാണ്. പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ സാംസക്കാരിക തനിമയിൽ ഇടപ്പെടാതെയുള്ള സമഗ്രവികസനമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. തെരഞ്ഞെടുത്ത ഗ്രാമങ്ങളിൽ/സങ്കേങ്ങളിൽ എല്ലാ പദ്ധതികളേയും സംയോജിപ്പിക്കുകയാണ് ഇതിന്റെ ഉദ്ദേശ്യം (കേന്ദ്ര, കേന്ദ്രാവിഷ്ക്കൃത, സംസ്ഥാന പദ്ധതികൾ). ഇതിനായി മേഖലകളെ കേന്ദ്രീകരിച്ചുള്ള കമ്മിറ്റികൾ ആവശ്യമാണ്. ആരോഗ്യം, വിദ്യാഭ്യാസം, ഭവന നിർമ്മാണം, പൊതുമരാമത്ത് വകുപ്പ്, കൃഷി, വനം, സാമൂഹ്യ ക്ഷേമം, പഞ്ചായത്ത് തുടങ്ങിയ വകുപ്പുകളിലുള്ള ആഫീസർമാരുടേയും ജനപ്രതിനിധികളുടേയും പങ്കാളിത്തം കമ്മിറ്റിയിൽ ഉണ്ടാകേണ്ടതാണ്. എല്ലാ പദ്ധതിപ്രകാരവും ലഭ്യമായ തുക ഉപയോഗിച്ച് ഓരോ മേഖലയ്ക്കും ഒരു കേന്ദ്രീകൃത പദ്ധതിയാണ് ഈ കമ്മറ്റി തയ്യാറാക്കുന്നത്. തെരഞ്ഞെടുത്ത സങ്കേതങ്ങളിലെ പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ സ്ഥായിയായ സമഗ്ര വികസനത്തിന് ലഭ്യമായ തുക വിടവുകൾ നികത്തുന്നതിന് പുറമേയുള്ള അധിക തുകയാണ്.

ജില്ലാതലത്തിൽ ജില്ലാകളക്ടർ അദ്ധ്യക്ഷനായിട്ടുള്ള എംപവേർഡ് കമ്മിറ്റി മേഖലാ കേന്ദ്രീകൃത കമ്മിറ്റികളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും മോണിറ്ററിംഗ് നടത്തുകയുംചെയ്യുന്നു. കൂടാതെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യുന്നു.

സംസ്ഥാനതലത്തിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റി ജില്ലാകളക്ടർമാരുമായും മറ്റു ഓഫീസുകളിലെ വീഡിയോ കോൺഫറൻസിംഗ് വഴി ഇതിന്റെ പുരോഗതികൾ വിലയിരുത്തുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിലെ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറിവഴിയാണ് എ.റ്റി.എസ്.പി ഫണ്ട് കൈകാര്യം ചെയ്യുന്നത്.

2014-15-ൽ 15,000 ലക്ഷം രൂപ ഈ പരിപാടിക്കായി വകയിരുത്തിയിരിക്കുന്നു.

## 32.TSP Plan Schemes-Implementing through LSGIs (2225-02-197-50)
## (Outlay Rs. 900.00 lakh)

An outlay of Rs.900 lakh is set apart for the implementation of schemes through Local Bodies. The scheme details are as given below:-

**The scheme details are as given below:-**

| Sl. No | Name of Scheme | Outlay (` in lakh) |
|---|---|---|
| 1 | Indira Awaz Yojana-TSP (25% SS) | 600.00 |
| 2 | Swarnajayanthi Gram Swarozgar Yojana/NRLM - TSP (25% SS) | 300.00 |
| | **Total** | **900.00** |

The write up portion of Rs. 900 lakh has been included in the Appendix IV of the Budget 2014-15.

### പട്ടികവർഗ്ഗ ഉപപദ്ധതി-തദ്ദേക ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ

(വിഹിതം: 900.00 ലക്ഷം രൂപ)

മറ്റുളള വകുപ്പുകൾ/ഏജൻസികൾവഴി പദ്ധതികൾ നടപ്പിലാക്കുന്നതിനായി 900 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പദ്ധതിയുടെ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ.നം | പരിപാടിയുടെ പേര് | വിഹിതം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഇന്ദിരാ ആവാസ് യോജന (സംസ്ഥാന വിഹിതം 25 ശതമാനം) | 600.00 |
| 2 | സ്വർണ്ണജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന/എൻ.ആർ.എൽ.എം/റ്റി.എസ്.പി. (സംസ്ഥാന വിഹിതം 25 ശതമാനം) | 300.00 |
| | ആകെ | 900.00 |

900 ലക്ഷം രൂപയുടെ വിശദാംശങ്ങൾ 2014-15- ലെ ബഡ്ജറ്റിൽ അനുബന്ധം IV ൽ ചേർത്തിട്ടുണ്ട്.

# CENTRALLY SPONSORED SCHEMES HAVING100% CENTRAL ASSISTANCE

## 1. Post-matric Scholarships for Scheduled Tribe Students (2225-02-277-97)

**(Outlay Rs. 2000.00 lakh)**

The scheme is intended for payment of educational assistance to the students undergoing various post-matric courses in and outside the state. This scholarships are granted and disbursed through e-grantz (net banking)

- Lump-sum grant
- Stipend
- Hostel Charges
- Pocket money

During 2012-13, 12287 students have given assistance through the scheme. The scheme was 100% centrally assisted scheme at the time of introducing the scheme by Government of India. As per the guidelines of Government of India, the state will have to meet the committed portion (i.e., the total expenditure under the scheme during the final year of the plan Period is the committed liability of the state). It is targeted to assist 12800 students under the scheme during 2014-15. An amount of Rs 2000 lakh is anticipated as 100% Central Share for the year 2014-15.

പട്ടികവർഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ:-

(വിഹിതം: 2000.00 ലക്ഷം രൂപ)

കേരളത്തിനകത്തും പുറത്തുമുള്ള വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് കോഴ്സുകൾ ചെയ്യാനുള്ള സാമ്പത്തിക സഹായം ഈ പദ്ധതിയിലൂടെ നടപ്പാക്കുന്നു. ഈ സ്കോളർഷിപ്പുകൾ അനുവദിക്കുന്നതും വിതരണം ചെയ്യുന്നതും ഇ-ഗ്രാന്റ്സ് മുഖേനയാണ്.(നെറ്റ് ബാങ്കിംഗ്)

- ലംപ്സംഗ്രാന്റ്
- സ്റ്റൈപ്പന്റ്
- ഹോസ്റ്റലുകളുടെ ചെലവുകൾ
- പോക്കറ്റ്മണി

2012-13 വർഷത്തിൽ 12287 വിദ്യാർത്ഥികൾക്ക് ഈ പദ്ധതി വഴി സഹായം നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാർ നിയമ പ്രകാരം പദ്ധതിയുടെ അവസാന വർഷത്തെ ചെലവ് സംസ്ഥാന സർക്കാർ ചുമതലയായി ഏറ്റെടുക്കേണ്ടതാണ്.ഈ പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിൽ ഇത് 100 ശതമാനം ഇന്ത്യാ ഗവൺമെന്റിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയായിരുന്നു.

12800 വിദ്യാർത്ഥികളെ 2014-15 ൽ സഹായിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.2014-15-ൽ 100 ശതമാനം കേന്ദ്ര വിഹിതമായി 2000 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

## 2. Special Central Assistance to Tribal Sub Plan (2225-02-794-98)

**(Outlay Rs. 700.00 lakh)**

The Special central Assistance to Tribal Sub Plan is mainly meant for filling up infrastructure incidental thereto, with focus on units run by Self Help Groups and thus raises the economic and social status of STs as per the guidelines issued by the GOI from time to time. The stress is on cluster approach and priority is to be given to scheme/programme to enhance income generating activities through increased productivity and value addition giving priority in watershed development, minor irrigation. horticulture, food processing, MFP based activities. medical. plants preservation etc.

Anticipated Central assistance during 2014-15 is Rs. 700 lakh

**പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം**

(വിഹിതം: 700.00 ലക്ഷം രൂപ)

കാലാകാലങ്ങളിൽ കേന്ദ്രഗവൺമെന്റ് പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖയ്ക്ക് വിധേയമായി വരുമാന വർദ്ധനവുണ്ടാക്കുന്ന തൊഴിൽ ഏറ്റെടുത്ത് നടത്തുമ്പോൾ അടിസ്ഥാന സൗകര്യങ്ങളിലുണ്ടാകുന്ന വിടവുകൾ നികത്തുന്നതിനാണ് പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായത്തിലൂടെ

ശ്രമിക്കുന്നത്. ക്ലസ്റ്റർ സമീപനത്തിലൂടെ അധിക ഉൽപ്പാദനം, മൂല്യവർദ്ധനവ് എന്നിവ ലക്ഷ്യമിടുന്ന വരുമാനദായക പരിപാടികൾക്ക് മുൻഗണന നൽകേണ്ടതാണ്. നീർത്തട വികസനം, ചെറുകിട ജലസേചനം, ഉദ്യാനകൃഷി, ഭക്ഷ്യസംസ്ക്കരണം, ചെറുകിട വനവിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള പരിപാടികൾ, ഔഷധ ചെടികളുടെ സംരക്ഷണം മുതലാവയ്ക്ക് പ്രാമുഖ്യം നൽകേണ്ടതാണ്.

2014-15 വർഷം കേന്ദ്ര സഹായമായി 700 ലക്ഷം രൂപ ഈ പരിപാടിയ്ൽ പ്രതീക്ഷിക്കുന്നു.

## 3. Pre-matric Scholarship for ST Students Studying in IX & X Classes (100% CSS) (2225-02-277-37)

**(Outlay Rs. 390.00 lakh)**

During the year 2012-13 Government of India, Ministry of Tribal ffairs has introduced a new centralised scheme of Pre-Matric Scholarship or needy Scheduled Tribe Students studying in classes of IX and X. This cheme will be effective from 01.07.2012. The scheme is implemented hrough the State Government which will receive 100% Central Assistance rom Government of India for the expenditure under the scheme.

Central assistance will be released to the state on ad-hoc basis. Since he scheme was a new one the state would have to make expenditure from he State budget against which reimbursement can be claimed. At present ducational assistance such as lump sum grant, monthly stipend to pre-natric students is provided from the state's own resource i.e., from the Non-Plan Head of account. The state would have to continue the assistance at the rate over and above the rate of the above said 100% C.S.S Pre-matric Scholarship Scheme.

An amount of Rs. 390 lakh is anticipated from GOI during 2014-15.

**10 -ാംക്ലാസ്സിലും 9 -ാം ക്ലാസ്സിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ (100 ശതമാനം കേന്ദ്ര സഹായ പദ്ധതി)**

വിഹിതം : 390 ലക്ഷം രൂപ

2012-13 - ൽ ഇന്ത്യാ ഗവൺമെന്റ് ഗോത്രവർഗ്ഗ കാര്യമന്ത്രാലയം വഴി ഒരു പുതിയ കേന്ദ്രാവിഷ്കൃത പദ്ധതിയായ പത്താം ക്ലാസ്സിലും ഒൻപതാം ക്ലാസ്സിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ ആരംഭിച്ചു. ഈ പദ്ധതി ഫലവത്തായത് 01..07.2012 മുതലാണ്. സംസ്ഥാന ഗവൺമെന്റ് നടപ്പാക്കുന്ന ഈ പദ്ധതിയുടെ 100 ശതമാനം സഹായവും കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിക്കുന്നു. കേന്ദ്രത്തിൽ നിന്നുള്ള സഹായം പ്രത്യേക ഗ്രാന്റായിട്ടാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്. ഈ പദ്ധതി പുതിയതായതിനാൽ സംസ്ഥാന ബഡ്ജറ്റിൽ നിന്ന് ഇതിന്റെ ചെലവുകൾ നടത്തുകയും കേന്ദ്രത്തിൽ നിന്ന് ഇത് തിരിച്ചുകിട്ടാനുള്ള അവകാശം ഉന്നയിക്കുകയും ചെയ്യാവുന്നതാണ്.. ഇപ്പോൾ വിദ്യാഭ്യാസ സഹായമായ ലംപ്സം ഗ്രാന്റ് പ്രീ-മെട്രിക് വിദ്യാർത്ഥികൾക്ക് മാസം തോറുമുള്ള സ്റ്റൈപന്റ് തുടങ്ങിയവ സംസ്ഥാനത്തെ നോൺ പ്ലാനിൽ നിന്നുമാണ് വഹിക്കുന്നത്. സംസ്ഥാനം ഇതേ നിരക്കിൽ 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രീ-മെട്രിക് സ്കോളർഷിപ്പിന്റെ ചെലവുകൾ നടത്തുന്നു.

## 4. Construction of Girl's Hostel [Central Share 100%] (4225-02-277-48)

**(Outlay Rs. 350.00 lakh)**

The scheme aims at construction of permanent buildings for girls hostels in a phased manner. Out of 40 girls hostels, only 31 have permanent buildings and the remaining are housed either in rented buildings or temporary sheds. An amount of Rs. 350 lakh is anticipated during 2014-15 as 100% Central share for undertaking the construction of new girls hostels and the completion of the spillover works. In addition to the above, construction of new hostels can be taken in the scheme.

**പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (100 ശതമാനം കേന്ദ്ര സഹായം )**

വിഹിതം : 350 ലക്ഷം രൂപ

പെൺകുട്ടികളുടെ ഹോസ്റ്റലിനുവേണ്ടി സ്ഥിരം കെട്ടിടങ്ങൾ ഘട്ടംഘട്ടമായി നിർമ്മിക്കാൻ ലക്ഷ്യമാക്കുന്ന പദ്ധതിയാണിത്. പെൺകുട്ടികളുടെ 40 ഹോസ്റ്റലുകളിൽ 31 എണ്ണത്തിന് മാത്രമേ സ്ഥിരം കെട്ടിടങ്ങളുള്ളൂ. ബാക്കിയുള്ളവ

വാടകയ്ക്ക് അല്ലെങ്കിൽ താതക്കാലികമായ ഷെഡുകളിലാണ് പ്രവർത്തിക്കുന്നത്. 2014-15 - ൽ പുതിയ ഹോസ്റ്റൽ നിർമ്മിക്കുന്നതിനും സ്പിൽ ഓവർ ജോലികൾ തീർക്കുന്നതിനുമായി 100 ശതമാനം കേന്ദ്ര സഹായമായി 350 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

**5. Construction of Model Residential Schools (100 % CSS under Article 275(1)) (4225-02-277-45) (Outlay Rs. 350 lakh)**

Construction of Model Residential School at Pookot, Wayanad (100% Central Assistance under Art. 275(1)), Construction of Model Residential School at Idukki (100% Central Assistance under Art. 275(1)) and Construction of Model Residential School at Njaraneeli, Thiruvananthapuram under Art 275(1)) are merged and renamed as Construction of Model Residential Schools (100% Central Assistance under Art. 275(1)).

The MRS Pookote, school was started during 2000-2001. Land for the construction work has been identified at Pookot. During 2002-03, as the second phase an amount of Rs. 150 lakh had also released by GOI for this project. So that the total release by GOI amounts to Rs. 250 lakh. There are 280 students studying from STD 6 to 10.

Model Residential School in Idukki was started in 2001-02 by providing admission to students in standard VI. There are 163 students studying from STD 6 to 10.

Model Residential English Medium School, Njaraneeli started functioning in a temporary building during 2000-01. There are 333 students studying from STD 1 to 10.

An amount of Rs 350 lakh is anticipated as 100% central assistance durng 2014-15 for the completion of construction works and running expenditure of these schools. Construction of new MRSs can also be considered under this scheme.

**മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ കെട്ടിട നിർമ്മാണം (100% കേന്ദ്ര സഹായം ആർട്ടിക്കിൾ 275(1) പ്രകാരം ) :-**

( വിഹിതം: 350.00 ലക്ഷം രൂപ)

ഭരണ ഘടനയിലെ ആർട്ടിക്കിൾ 275(1) പ്രകാരം കെട്ടിട നിർമ്മാണത്തിന് തെരഞ്ഞെടുക്കപ്പെട്ട വയനാട് ജില്ലയിലെ പൂക്കോട്ടുള്ള മാതൃകാ റസിഡൻഷ്യൽ സ്കൂൾ, ഇടുക്കി ജില്ലയിലെ മാതൃകാ റസിഡൻഷ്യൽ സ്കൂൾ, തിരുവനന്തപുരത്ത് ഞാറനീലിയിലുള്ള മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെ കെട്ടിട നിർമ്മാണം എന്നീ പദ്ധതികൾ ലയിപ്പിച്ച് മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെ കെട്ടിട നിർമ്മാണം എന്ന് പുനർ നാമകരണം ചെയ്തു.

വയനാട്ടിലെ പൂക്കോട്ടുള്ള മാതൃകാ റസിഡൻഷ്യൽ സ്കൂൾ 2000-01 ലാണ് ആരംഭിച്ചത്.പൂക്കോട്ടുള്ള ഭൂമിയാണ് നിർമ്മാണ പ്രവർത്തനത്തിന് തെരെഞ്ഞെടുത്തത്. ഇതിന്റെ രണ്ടാം ഘട്ടമായി 2002-03-ൽ കേന്ദ്ര സർക്കാർ 150 ലക്ഷം രൂപ അനുവദിച്ചു. ആകെ 250 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചു. 280 കുട്ടികൾ 6 മുതൽ 10 വരെയുള്ള ക്ലാസുകളിലായി ഈ സ്കൂളിൽ പഠിക്കുന്നു.

